LO
G59

St. Thomas Apostolic Seminary
VANDANADY P.O. Kerala
2792

മാന്തുവായിലെ ലില്ലിപുഷ്പം.



വിശുദ്ധ

അലോഷ്യസ് ഗോൺസാഗായുടെ

ജീവചരിത്രസംക്ഷേപം.

LO
959
DHARMARAM COLLEGE LIBRARY
1642
BANGALORE

BY

Gonz: Chacko Maria.

I. S. Press, / Elthuruth / 1949.

NIHIL OBSTAT

Fr. Abundius C. D.

IMPRIMATUR

✠ Gc. Alapatt,

Bp. of Trichur.

TRICHUR.
6 - 12 - 1948.

കിരണങ്ങൾ No 17.

മാന്ത്രവായിലെ ലില്ലിപുഷ്പം.

ഒന്നാം അദ്ധ്യായം.

പ്രഭു കുമാരൻ.

വിശുദ്ധന്മാർ വിവിധതരക്കാരാണ്. അവരുടെ വ്യക്തിത്വ (Individuality) ത്തെ പരിപോഷിപ്പിക്കുന്ന കൃപാവരമാണ് അവക്ക് ദൈവം കൊടുത്തത്. കൂടാതെ കിട്ടുന്ന കൃപാവരം (actual grace) വേറൊരാൾക്ക് കിട്ടിയാൽ ഉപകാരമില്ല. പൊക്കം കുറഞ്ഞ ഒരാളിന്റെ ഉടുപ്പ് പൊക്കംകൂടിയ ആളിനു പറ്റുകയില്ല. വിശുദ്ധന്മാരെ നാം അനുകരിക്കണമെന്നു പറയുമ്പോൾ അവർ ചെയ്തിരുന്ന പ്രവൃത്തികൾ അതേപടി ചെയ്യണമെന്നല്ല അർത്ഥം. നമ്മുടെ കൂട്ടുകാരിലാരെങ്കിലും പുതിയ 'ഫാഷ'നിലുള്ള ഒരു ഷർട്ട് ധരിച്ചിരിക്കുന്നതു കണ്ടാൽ അതനുകരിച്ചൊരു ഷർട്ട് തയ്പിച്ചു ധരിക്കണമെന്നു നമുക്ക് ആഗ്രഹം തോന്നാം. എന്നാൽ, കൂട്ടുകാരന്റെ ഷർട്ടിന്റെ വലിപ്പവും നീളവും നമുടെതിനാവശ്യമില്ലായിരിക്കാം. നാം അനുകരിക്കുന്നതു് അതിന്റെ കോളർ, പോക്കറ്റ്, ബട്ടൺ എന്നിവ തയ്ച്ചു ചേർത്തിരിക്കുന്ന വിധമായിരിക്കും. ഇവ നമ്മുടെ ശരീരത്തിനു അനുപാതികമാംവിധം (proportionately) ഉണ്ടാക്കുവാൻ നാം ശ്രദ്ധിക്കുമെല്ലോ. ഇപ്രകാരം തന്നെയാണ് വിശുദ്ധന്മാരെ അനുകരിക്കുന്നതും. വി. ലൂയിസ് ഗോൺസാഗായെ നമ്മുടെ അനുകരണത്തിനായി — വിശിഷ്യ, യുവജനങ്ങളുടെ മാതൃകയായി — തിരുസ്സഭ നിർദ്ദേശിച്ചു തന്നിരിക്കുന്നു. അദ്ദേഹത്തെ നാം അനുകരിക്കണം. ആധുനികപരിതഃസ്ഥിതികളും നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങളും അനുസരിച്ച് നാം അനുകരിക്കണം. ശുദ്ധതയുടെ

ലില്ലിപുഷ്പമായ ഈ വിശുദ്ധന്റെ ജീവചരിത്രപാരായണം ശുദ്ധതാപാലനത്തിൽ ഏവർക്കും, പ്രത്യേകമായി യുവജനങ്ങൾക്കും പ്രോദ്ദീപനം നൽകുമാറാകട്ടെ.

ഈ ചെറുകൃതിയെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വായിയ്ക്കുന്ന യാതൊരുവനും ഇതിൽ പ്രകാശവും ആശ്വാസവും കണ്ടെത്താതിരിക്കുകയില്ല. പ്രകൃതിയുടെ ദുർവ്വാസനകളെ ഒരു ബാലൻ നിയന്ത്രിച്ച് പരിമിതമായ ഒരു കാലയളവിനുള്ളിൽ, അതേ, വെറും ഇരുപത്തിമൂന്നു കൊല്ലത്തെ പ്രയത്നഫലമായി, അപരിമിതമായ വിശുദ്ധി പ്രാപിച്ചതിൽ കത്തോലിക്കാസഭാമാതാവിന്റെ കാമൽ സന്താനങ്ങളായ നാമേവരും അഭിമാനിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതസരണിയെ ദിഗന്തങ്ങളിൽ മാറ്റൊലികൊള്ളിക്കുന്ന സംഭവങ്ങളെ നമുക്ക് പരിശോധിക്കാം.

ഇറ്റലിയുടെ വടക്കുഭാഗത്തു സ്ഥിതിചെയ്യുന്ന മാന്തുവാ എന്ന നഗരം 'വിർജിൽ' മുതലായ ലോകമഹാകവികളുടെ ജന്മനത്താലും മറ്റും വിശ്വവിശ്രുതമാണ്. എന്നാൽ ആ നഗരത്തിൽ സ്ഥിതിചെയ്യുന്ന 'ഗോൺസാഗാ' പ്രാസാദം ഒരു പ്രഭുഭവനമെന്ന നിലയിലും മാർകിസ് ഫെർഡിനാൻഡ് ഗോൺസാഗാ, ഡോണാ മത്താ, എന്ന രണ്ടു ക്രിസ്തീയദമ്പതിമാരുടെ വാസസ്ഥാനമെന്ന നിലയിലും മാന്തുവായുടെ മാറ്റുകൂട്ടുന്നതേയുള്ളൂ. ഈ ദമ്പതിമാർ, ഗുണവാനായ ഒരു പുത്രനെ നൽകി തങ്ങളെ അനുഗ്രഹിയ്ക്കണമെന്നു തീക്ഷ്ണതാപൂർവ്വം ദൈവത്തോടു പ്രാർത്ഥിച്ചു. അതിന്റെ ഫലമായി 1568 മാർച്ച് മാസം 9-ാംതീയതി ചൊവ്വാഴ്ച വൈകിട്ട് ആറുമണിയോടുകൂടി അതിമനോഹരനായ ഒരു ശിശു ലോകരംഗത്തു പ്രത്യക്ഷനായി. പ്രഭുകുമാരന്റെ ജനനം പീരങ്കിപ്രയോഗത്താലും ദേവാലയത്തിൽ പാടിയ 'തെദേവും'

(Te Deum-ലാക ആലാഹാ) എന്ന സ്തോത്രസംഗീത ത്താലും തദ്ദേശവാസികളും അറിഞ്ഞു. ആ ദിഗ്വാസി കൾക്ക് അന്നേദിവസം ഒരു ആനന്ദോത്സവമായിരുന്നു. വിവിധവിനോദപ്രകടനങ്ങളും കായികാഭ്യാസമത്സരങ്ങ ളും സന്തോഷസൂചകമായി നടത്തപ്പെട്ടു. പറഞ്ഞദിവസം പ്രഭാതംമുതൽ പ്രദോഷംവരെ ഗോൺസാഗാപ്രാസാദ ത്തിന്റെ അങ്കണത്തിൽ അപ്പവും വീഞ്ഞും വിതരണം ചെയ്യപ്പെട്ടു. ഏവംവിധങ്ങളായ സന്തോഷപ്രകടന ങ്ങളാൽ നാല്പത്തിരണ്ടു ദിവസത്തേയ്ക്കു ദീർഘിച്ചു നിന്നതിനാ ൽ നാല്പത്തിരണ്ടാം ദിവസമായ ഏപ്രിൽ 20-ാംതീയതി യാണ് ശിശു ആഘോഷമായ ജ്ഞാനസ്നാനം സ്വീകരി ച്ചതു്. ജ്ഞാനസ്നാനത്തിൽ പൈതലിനു് 'അലോഷ്യ സ്' എന്ന മധുരനാമം നൽകപ്പെട്ടു.

ശൈശവത്തിൽതന്നെ അലോഷ്യസ്സിൽ ഭക്തിയു ടെ ലക്ഷണങ്ങളാൽ കണ്ടു തുടങ്ങി. കുരിശടയാളം വരയ്ക്കു ന്നതിനും "ഈശോ മറിയം യൗസേപ്പേ" എന്നു് കൂടെ ക്കൂടെ ഉച്ചരിക്കുന്നതിനും വത്സലമാതാവു് തന്റെ കു ഞ്ഞിനെ അഭ്യസിപ്പിച്ചു. അനന്തരം 'ആകാശങ്ങളി ലിരിക്കുന്ന' എന്ന നമസ്കാരവും 'നന്മനിറഞ്ഞമറിയ'വും അവൻ ഹൃദിസ്ഥമാക്കി. ചെറിയ ചെറിയ പ്രാർത്ഥനക ളും ശിശുവിനെ അഭ്യസിപ്പിക്കുന്നതിനു് ഡോണാ മർത്താ അലോഷ്യസിന്റെ വളർത്തമ്മയെ ഭരമേല്പിച്ചു. അലോ ഷി— അവന്റെ കാമനപ്പേരാണിതു— ഇപ്പോൾ നാലു വയസ്സുള്ള ഒരു ബാലനാണു്. ഈയവസരത്തിൽ അ ലോഷിയെ പലപ്പോഴും കാണാതെ പോകുക പതിവാ യിരുന്നു. വളരെ സമയത്തെ അന്വേഷണഫലമായി, ഏകാന്തമായ ഏതെങ്കിലും ഒരു മൂലയിൽ കൂപ്പുകൈക ളോടെ മുട്ടിന്മേൽ നില്ക്കുന്നതായിട്ടാണു് അവർ അവനെ ശ്രദ്ധിച്ചിരുന്നതു്. നിർധനന്മാരെയും നിസ്സഹായരേയും

സഹായിക്കുന്നതിൽ അവൻ പ്രകടിപ്പിച്ചിരുന്ന കൗൽസൂക്ഷ്യം അനല്പമായിരുന്നു.

'ശുദ്ധത' എന്ന വിലമതിയാത്ത സുകൃതം ശിശുപ്രായത്തിൽതന്നെ അവനിൽ വിളങ്ങിയിരുന്നുവെന്നുള്ളതിനു് താഴെ വിവരിക്കുന്ന സംഭവം സാക്ഷ്യം വഹിക്കുന്നു. ഒരു ദിവസം അലോഷ്യസ് 'കാസിഗ്ലിയോനെ' എന്ന സ്ഥലത്തു് ഒരു ചെറുസംഘത്തിന്റെ കൂടെ കളികളിലേർപ്പെട്ടിരിക്കുകയായിരുന്നു. കളിയുടെ മദ്ധ്യേ ചുമരിൽ പതിഞ്ഞ ഒരു പെൺകുട്ടിയുടെ നിഴൽ ചുംബിക്കുന്നതിനു് അവൻ നിർബ്ബന്ധിതനായി. ഈ സംഭവം ഉടനെ അലോഷ്യസിനെ അവിടെനിന്നും തിരമിപ്പിച്ചുവെന്നു മാത്രമല്ല ആ മാതിരിവിനോദത്തിൽ അതിൽ പിന്നീടു് ഒരിക്കലും അവൻ ഏർപ്പെട്ടിട്ടുമില്ല.

തങ്ങളുടെ ഏകസന്താനത്തിന്റെ ഭാവിജീവിതത്തിനു് മാതാപിതാക്കൾ വരച്ച പ്ലാൻ വിവിധതരത്തിലായിരുന്നു. ഡോണാമത്താ തന്റെ കാമൽശിശുവിനെ ഒരു സന്യാസി, ഒരു വിശുദ്ധൻ എന്നീ നിലകളിൽ കാണുന്നതിനാഗ്രഹിച്ചു. മാർകഫിസിന്റെ പ്ലാൻ വളരെ വ്യത്യസ്തമായിരുന്നു. അദ്ദേഹം തന്റെ കണ്ണിലുണ്ണിയെ ഒരു വീരയോദ്ധാവു്, ലോകപ്രസിദ്ധനായ ഒരു ജനറൽ, രാഷ്ട്രീയ പ്രവർത്തകൻ, മാർകഫിസെയിറിന്റെ ഭരണകർത്താവു് എന്നീ നിലകളിൽ കാണുന്നതിനാഗ്രഹിച്ചു. കഷ്ടിച്ചു നാലു വയസുമാത്രം പ്രായമുള്ള ഒരു ശിശുവിന്റെ ഭാവിപരിപാടികളെ ആ പിതാവു് ഇപ്രകാരം ഒരുക്കി. അതിന്റെ നാന്ദിയെന്നോണം മാർകഫിസ്, അലോഷ്യസിന്റെ പ്രായത്തിനനുസൃതമായ ഒരു പടച്ചട്ടയും അവനു് തൽകപ്പെട്ടു. എന്നാൽ കാറിന്റെ ഗതി ഡോണാമാത്തായ്ക്കനുകൂലമായിട്ടായിരുന്നു. അതിനാൽ കൃത്രിമമായ ഒരു കാറുണ്ടാക്കി തന്റെ ഉദ്ദേശസിദ്ധി വരുത്തുന്നതിനു് മാർകഫിസും പ്രയത്നിച്ചു തുടങ്ങി.

രണ്ടാം അദ്ധ്യായം.

'ക്യാമ്പു' ജീവിതം.

അക്കാലത്തു് സ്പെയിൻ ഭരിച്ചിന്ന ഫിലിപ്പ് രണ്ടാമന്റെ പ്രത്യേക പ്രീതിയ്ക്കു് മാർകചിസ് പാത്രീഭൂതനായി. തൽഫലമായി മിലാനിൽ ഉണ്ടായിരുന്ന സ്പാനിഷ് സേനയുടെ നായകനായി മാർകചിസ് നിയുക്തനായി. തന്റെ ശിശുവിനെ ലോകസുഖാനുഭൂതികം കാണിച്ചുകൊടുക്കുന്നതിനും തപോരാ തന്റെ അഭിലാഷം പൂർത്തിവരുത്തുന്നതിനു തക്ക സമയം ഇതുതന്നെ എന്നു് അദ്ദേഹം തീരുമാനിച്ചു. മാർകചീസ് പുതിയ ഉദ്യോഗത്തിലേപ്പെട്ടു. 1572_ലെ ഒരു സുപ്രഭാതം! മാർകചിസ് അലോഷ്യസുമായി 'കസാലെമജിയോറെ' എന്നസ്ഥലത്തേയ്ക്കു പുറപ്പെട്ടു. സേനാനായകൻ മാർകചിസ് ഡോൺഫെർഡിനാൻഡും, ചെറിയ മാലാഖാ (ഡാണാമത്താ അലോഷ്യസിനെ വിളിച്ചിരുന്ന പേരാണിതു്-) അലോഷ്യസും 'ക്യാമ്പു ജീവിതം' (Camp life) ആരംഭിച്ചിട്ടു് മാസങ്ങളും പലതു കഴിഞ്ഞു. ഒരു ക്യാപ്റ്റന്റെ രീതിയിലായിരുന്ന അലോഷ്യസും വേഷവിധാനം ചെയ്തിരുന്നതു്. കുറഞ്ഞൊരു കാലയളവിനുള്ളിൽ ബാലൻ സകല പടയാളികളുടെയും സ്നേഹാദരങ്ങൾക്കും പരിലാളനയ്ക്കും വിഷയീഭവിച്ചു. തോക്കു്, വെടിമരുന്നു്, യുദ്ധസാമഗ്രികളം മുതലായവയിൽ അലോഷ്യസിനു് ഒരു പ്രത്യേകപ്രതിപത്തിയുളവായി.

ഒരു ദിവസം മാർകചിസും സൈന്യങ്ങളും ഉച്ചഭക്ഷണാനന്തരം കൂടാരത്തിൽ വിശ്രമിക്കുകയായിരുന്നു. പെട്ടെന്നു് ഒരു പീരങ്കിയുടെ ശബ്ദംകേട്ടു് സേനാനായകൻ ഞെട്ടിയുണർന്നു. സൈന്യങ്ങളംതമ്മിൽ കലഹിക്കു

ന്നതാണ് എന്ന് അദ്ദേഹം വിചാരിച്ചു. സംഗതിയുടെ യാഥാർത്ഥ്യം ഗ്രഹിക്കുന്നതിനായി സൈന്യങ്ങൾ നാലു പാട്ടം ചിതറി: അല്പസമയത്തിനുള്ളിൽ ഒരു വെറിയ കറപ്പുള്ളിയുമായി അവർ തിരിച്ചുവന്നു. അതു് അലോഷ്യസ് തന്നെയായിരുന്നു. എല്ലാവരും വിശ്രമിക്കുന്ന തരംനോക്കി അലോഷ്യസ് കുറെ വെടിമരുന്ന് തട്ടിയെടുത്തുവച്ച ഒരു വെടിയുടെ ശബ്ദമായിരുന്നു അതു്. സൈനികനിയമപ്രകാരം ബാലനെ ശിക്ഷിക്കുന്നതിനു് സേനാനായകൻ —ബാലന്റെ പിതാവു്— തീരുമാനിച്ചു. എന്നാൽ പടയാളികളുടെ അഭ്യർത്ഥനമൂലം അലോഷ്യസ് ശിക്ഷാവിമുക്തനായി. മറെറാരവസരത്തിൽ അവൻ വിനോദത്തിനായി കുറെ വെടിമരുന്നിനു് തീ കൊളുത്തി. തത്ഫലമായി അവന്റെ മുഖത്തിനു് അഗ്നിബാധയുണ്ടായി.

ഇപ്രകാരമുള്ള ഒരു ജീവിതം, പട്ടാളക്കാരുമായുള്ള സമ്പർക്കം, അലോഷ്യസിന്റെ ഹൃദയനൈർമ്മല്യത്തിനു് പല വിധത്തിലും ഹാനികരമായിരുന്നു. അശ്ലീലങ്ങളായ സംഭാഷണങ്ങളും പേയാർത്ഥപ്രയോഗങ്ങളും അവരുടെ ഇടയിൽ സുലഭമായിരുന്നു. അവന്റെ പിഞ്ചുഹൃദയം അവയെല്ലാം കാരോന്നായി അനുകരിക്കുവാൻതുടങ്ങി. അവനും ചില പേയാർത്ഥപ്രയോഗങ്ങൾ കൈമാറ്റം ചെയ്യുവാൻ തുടങ്ങി. ഭാഗ്യവശാൽ അലോഷ്യസിന്റെ ക്ഷാന്തുജീവിതം അധികനാളുത്തേയ്ക്കു് നീണ്ടില്ല. പട്ടാളത്താവളത്തിൽവച്ചുള്ള തന്റെ 'കരിമരുന്നു പ്രയോഗങ്ങൾ' മാർക്വിസിന്റെ നിശ്ചയം പാടേ മാറുന്നതിനു് പര്യാപ്തമായിരുന്നു. 1573-ൽ അലോഷ്യസ് ഡോണാമത്തായുടെ പക്കലേയ്ക്കു് അയയ്ക്കപ്പെട്ടു.

തന്റെ ക്ഷാന്തുജീവിതത്തെ "പാപപങ്കിലമായ ജീവിതം" എന്നാണ് അലോഷ്യസ് അനന്തരകാലങ്ങ

ളിൽ വിളിച്ചിരുന്നതു്. അക്കാലങ്ങളിൽ മേൽപറയപ്പെട്ട കരിമരുന്നു പ്രയോഗങ്ങളും, പേയാത്മപ്രയോഗമുമല്ലാതെ മറ്റൊയാതൊന്നും അവൻ ദൈവത്തിനഹിതമായി ചെയ്തിട്ടില്ല. എങ്കിലും താൻ ആ കാലഘട്ടത്തിനു് നൽകിയ പേരു് ഹൃദയസ്പശ്കംതന്നെ. അലോഷ്യസ് ഗോൺസാഗായുടെ ജീവിതകാലത്തിൽ— ഇരുപത്തിമൂന്നു് വഷ്ത്തിനുള്ളിൽ താൻ ചെയ്തിട്ടുള്ള തെറ്റുകളും ഇവരണ്ടു് മാത്രമാണു്; അതും ശിശുപ്രായത്തിൽ!! എങ്കിലും അതപ്പാറി വിലപിച്ചു് അദ്ദേഹം തന്റെ കവിൾത്തടങ്ങളും കഴിച്ചു. അലോഷ്യസിന്റെ ഭാവിജീവിതത്തിൽ പ്രായശ്ചിത്തപ്രവൃത്തികളും കണക്കില്ലാത്തവിധം ചെയ്യുന്നതിനും എളിമയെന്നപുണ്യം അഭ്യസിക്കുന്നതിനും ആ ചെറുതെറ്റുകളും പര്യാപ്തമായിരുന്നു.

അലോഷ്യസിനു് റുഡോൾഫ്, ഫെർഡിനാൻഡ്, ചാൾസ് എന്നു മൂന്നു സഹോദരന്മാർ കൂടി ജനിച്ചു. മാർക്വിസ് ഫെർഡിനാൻഡിനു് അലോഷ്യസ്, ഉടനടുപ്പെട്ടെ എട്ടു സന്താനങ്ങളും ഉണ്ടായിരുന്നു. അലോഷ്യസ്, ചാറത്സ്, റുഡോൾഫ്, ഫ്രാൻസീസ്, ക്രിസ്റ്റ്യൻ വിൻസെന്റ്, ഡിയോഗോ, ഫെർഡിനാൻഡ്, ഇങ്ങനെ ഏഴു് ആൺകുട്ടികളും ഇസബല്ല എന്നൊരു പെൺകുട്ടിയുമായിരുന്നു അവർ. ഈ എട്ടു സന്താനങ്ങളിൽ 25-ാം വയസ്സിനപ്പുറം ശേഷിച്ചവർ വെറും രണ്ടുപേർ മാത്രമായിരുന്നു. റുഡോൾഫ് തന്റെ ഇരുപത്തിനാലാം വയസ്സിൽ ഒരു ശത്രുവിന്റെ ഖഡ്ഗത്തിനിരയായി. ഫെർഡിനാൻഡ് ഏഴാം വയസ്സിലും ചാറത്സ് രണ്ടാം വയസ്സിലും നിര്യാതരായി. ഇസബല്ല പത്തൊൻപതാം വയസ്സിലും ഡിയോഗോ പതിനഞ്ചാംവയസ്സിലും ഫ്രാൻസീസ് മുപ്പത്തിരണ്ടാം വയസ്സിലും വിൻസെന്റ് അൻപത്തിഅഞ്ചാം വയസ്സിലും കാലയവനികക്കുള്ളിൽ

തിരോധാനം ചെയ്തു. സഹോദരിക്കുള്ള അവരുടെ ആ ഗ്രഹമായിരിക്കാം ഈ അല്പായുസ്സിനു കാരണം.

അലോഷ്യസിനു് അഞ്ചു വയസ്സാരംഭിച്ചു. തന്റെ അരുമസന്താനത്തിന്റെ വിദ്യാഭ്യാസത്തിൽ ഉൽസുകനായിരുന്ന ഫെർഡിനാൻഡ് പ്രഭുകുമാരനെ, ഫ്ലോറൻസുകാരനായ 'പീറർ ഫ്രാൻസീസ് ഡേതൂർക്കോ' എന്ന ട്യൂട്ടറുടെ കീഴിലാക്കി. തുർക്കോ ആധുനിക പുരോഗമന സാഹിത്യകാരന്മാരെപ്പോലെയോ, അന്ധന്മാരായ കലാപ്രണയികളെപ്പോലെയോ അത്ര വഷളായ ഒരുവൻ അല്ലായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യം ഇക്കാലത്തിൽ അലോഷ്യസിനുണ്ടായ പുണ്യാഭിവൃദ്ധിക്കു വളരെ സഹായിച്ചു. ശാരീരിക പുരോഗമനത്തിനനുതുല്യമായി അലോഷ്യസിനു് ആത്മീയപുരോഗമനവുമുണ്ടായിരുന്നു. സൂര്യകിരണങ്ങൾ തട്ടി, മന്ദമാരുതനേറ്റു വികസിച്ച നമ്മുടെ വസന്തകാല കുസുമം ജീവിതപ്രഭാതത്തിൽ ഭയങ്കരമായ ഒരു വ്യാധിയാൽ ആക്രമിക്കപ്പെട്ടു. അതു് ഏകദേശം ഒന്നരവഷത്തോളം അവനിൽ സേച്ഛാധിപത്യം നടത്തി. എങ്കിലും അവന്റെ ഭക്ത്യുദ്ദ്യാസങ്ങൾ തടയുന്നതിനു് ഈ ആക്രമണത്തിനു് സാധിച്ചില്ല. രോഗശയ്യയിലായിരുന്നപ്പോഴും ആ ബാലമുഖകമലത്തിൽ നിന്നും പ്രസരിച്ച ദിവ്യപ്രകാശം വനാന്തരത്തിലെ അരുണകിരണങ്ങൾക്കു സമാനം സമീപസ്ഥരുടെ അന്ധകാരമയങ്ങളായ ഹൃയങ്ങളെ പ്രകാശിപ്പിച്ചു. കിടക്കയിൽ നിന്നും പരസഹായമെന്യേ എഴുന്നേല്ക്കുവാൻ പാടില്ലാത്ത അവസരത്തിൽ അവൻ ഭൃത്യജനങ്ങളുടെ സഹായത്തോടെ എഴുന്നേറ്റിരുന്നു് ദിനജപങ്ങളും എത്തിച്ചിരുന്നു.

അലോഷ്യസിൽ വിളങ്ങിയിരുന്ന നിഷ്കളങ്കതയുടെ പ്രതിഫലനമെന്നോണം തന്റെ മഹാരഹസ്യങ്ങ

ംപ്പോഴും അവൻ ഡോണാ മത്തായെ അവസരോചിത മായി അറിയിച്ചു പോന്നിരുന്നു.

"എന്റെ സന്താനങ്ങളിലൊരുവൻ ഒരു വൈദീക നായികാണുന്നതിനുള്ള ഭാഗ്യം എനിക്കുസിദ്ധിക്കുമോ?". ഒരിക്കൽ ഡോണാ മത്താ സംഭാഷണമദ്ധ്യേ പറയുകയുണ്ടായി. രണ്ടുമൂന്നുദിവസം കഴിഞ്ഞപ്പോൾ അലോഷ്യസ് പറയുന്നു "അമ്മേ, അമ്മയുടെ ആഗ്രഹനിവൃത്തിവരുത്തുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു". ഈ വാക്കുകളെ ഡോണാ മത്താ ആ അവസരത്തിൽ അതിന്റെ തനിനിറത്തിൽ ഗ്രഹിച്ചില്ല. എന്നാൽ, അതിനെ തുടർന്ന് ബാലനിലുണ്ടായ ചില മാറ്റങ്ങൾ അവളുടെ മനസ്സിൽ ചില സംശയങ്ങളെ ഉദിപ്പിച്ചു. 'സാന്താമരിയാ' എന്ന കപ്പൂച്ചിൻ ആശ്രമം ഗോൺസാഗാ പ്രാസാദത്തിൽനിന്നും വളരെ അകലെയല്ല സ്ഥിതിചെയ്തിരുന്നതു്. ജീവിച്ചിരിക്കുന്ന വിശുദ്ധൻ എന്നു് അറിയപ്പെട്ടിരുന്ന ഒരു ഫ്രാൻസീസ്കൻ സന്യാസി സാന്താമരിയാ ആശ്രമം സന്ദർശിക്കുന്നതിനായി കാസിഗ്ലിയോനിൽ വന്നുചേർന്നു. വികസിച്ച കുസുമത്തിന്റെ സൌരഭ്യം വണ്ടുകളെ ആകർഷിക്കുന്നതുപോലെ അദ്ദേഹത്തിന്റെ ആത്മീയസൌരഭ്യം ഒരു വലിയ ജനാവലിയെ സാന്തമരിയ ആശ്രമത്തിലേയ്ക്കാകർഷിച്ചു. ഇക്കൂട്ടത്തിൽ അലോഷ്യസും സഹോദരൻ റുഡോൾഫും ആഗതരായിരുന്നു. ഈ സന്യാസിയിൽനിന്നു സുഖപ്രാപ്തി സിദ്ധിക്കുന്നതിനായി പിശാചുബാധിതനായ ഒരുവനെ ചിലർ അവിടെ കൊണ്ടുവന്നു. പിശാചുബാധിതൻ അലോഷ്യസിനെ കണ്ടയുടനെ "അവനെ നിങ്ങൾ കാണുന്നുവോ? ഒരുനാൾ അവൻ വളരെ മഹിമയോടെ സ്വർഗ്ഗീയാനന്ദം അനുഭവിയ്ക്കും' എന്നു് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. വിസ്മയാവഹമായ ഈ വാർത്ത ഉടനെ സമീപപ്രദേശങ്ങളിലെല്ലാം പരന്നു.

1576_ാം മാണ്ടിന്റെ അവസാനത്തോടുകൂടി മാർകപീസ് യുദ്ധരംഗത്തുനിന്നും കസിഗ്ലിയോനിൽ വന്നു ചേർന്നു. തന്റെ ഓമനക്കുഞ്ഞിന്റെ ജീവതത്തിൽ ഉണ്ടായിരിക്കുന്ന വലിയ പരിവർത്തനങ്ങൾ അദ്ദേഹത്തെ വിസ്മയഭരിതനാക്കി. അലോഷ്യസിന് ചെറുപ്പകാലത്തുണ്ടായിരുന്ന ആശയങ്ങളെല്ലാം അവനെ തീരെ വിട്ടുമാറിയിരിക്കുന്നതായി അദ്ദേഹത്തിനനുഭവപ്പെട്ടു. തന്റെ മനോരാജ്യം നടക്കാതെ വരുമോ എന്നുപോലും മാർകപീസ് ശങ്കിക്കുവാൻ തുടങ്ങി.

മൂന്നാം അദ്ധ്യായം.

ഫ്ലോറൻസിൽ.

ഈ സന്ദർഭത്തിൽ കാസിഗ്ലിയോനും സമീപപ്രദേശങ്ങളുമെല്ലാം ഒരു പകർച്ചവ്യാധിക്കധീനമാകുകയാൽ മാർകപീസ് കുടുംബസമേതം 'മോൺഫെറേത്തോ' എന്ന സ്ഥലത്തേയ്ക്കു താമസം മാറി. എങ്കിലും റുഡോൾഫും മാർകപിസും വ്യാധിയാൽ ആക്രമിക്കപ്പെട്ടു അതിനാൽ മാർകപിസും റുഡോൾഫും അലോഷ്യസും കൂടി മോൺഫെറാത്തായിൽനിന്നും 'ലൂക്കാ' എന്ന സ്ഥലത്തേയ്ക്കു സുഖവാസത്തിനായിപോയി. ലൂക്കായിലെ കാലാവസ്ഥ ഈ ചെറുസംഘത്തിന് യോജിച്ചതായിരുന്നതിനാൽ ഏതാനും ദിവസത്തിനുള്ളിൽ അവർ സുഖപ്രാപ്തരായി. അനന്തരം അലോഷ്യസിനെയും റുഡോൾഫിനെയും ഫ്ലോറൻസിൽ 'ടാസ്ക്കണി'യിലെ പ്രഭുവിന്റെ കൊട്ടാരത്തിലേയ്ക്കു വിദ്യാഭ്യാസാർത്ഥം അയച്ചു. പ്രഭുകുമാരന്മാർ മാഡ്രിഡ് കൊട്ടാരത്തിൽ താമസിച്ചുകൊണ്ടു വിദ്യാഭ്യാസമാരംഭിച്ചു.

അക്കാലങ്ങളിൽ ഫ്ലോറൻസ് കത്തവ്യബോധമുള്ള വരുടേയും സന്മാർഗ്ഗനിരതരുടെയും നികേതമായിരുന്നു. അലോഷ്യസിന്റെ പല വിജയങ്ങൾക്കും കാരണം ബാല്യകാലത്തിൽ അവന് ലഭിച്ച നിർമ്മലവും പ്രശാന്തവുമായ ഫ്ലോറൻസ് അന്തരീക്ഷമായിരുന്നു. ഇപ്രകാരമുള്ള രണ്ടു വർഷത്തെ ജീവിതത്തിനുശേഷം, അലോഷ്യസിന് പതിനൊന്ന് വയസ്സ് ആരംഭിച്ചപ്പോൾ, അവർ സപരിവാരം ഗൃഹത്തിലേയ്ക്ക് മടങ്ങിപ്പോയി. തന്റെ ഫ്ലോറൻസു ജീവിതത്തിനിടയിൽ അലോഷ്യസിന് ലാറ്റിൻ, ഇറ്റാലിയൻ, എന്നീ ഭാഷകളിൽ സാമാന്യജ്ഞാനം സിദ്ധിച്ചു. വിശുദ്ധന്മാരുടെ ജീവിതപാരായണത്തിലായിരുന്നു ഈ രണ്ടു കൊല്ലത്തിലധികഭാഗവും അവൻ വിനിയോഗിച്ചത്. ഏകാന്തത ഇഷ്ടപ്പെട്ടിരുന്ന ഈ ബാലൻ കളി വിനോദങ്ങളിൽ വലിയ തല്പരനല്ലായിരുന്നു. മാതൃവായിലെ പ്രഭ്വിയും പിള്ളാലത്തിൽ ഫ്രാൻസിലെ രാജ്ഞിയുമായിരുന്ന എലനർ രാജകുമാരിയും മേരിരാജകുമാരിയും അലോഷ്യസിനെ വിനോദങ്ങൾക്കായും നൃത്തം പഠിക്കുവാനായും ക്ഷണിക്കുക പതിവായിരുന്നു. എന്നാൽ അവനാകട്ടെ, കാരോ ഒഴിവുകഴിവുകൾ പറഞ്ഞു് ക്ഷണം നിരസിക്കുകയാണു് ചെയ്തിരുന്നതു്. "നിങ്ങൾ കളിച്ചു കൊള്ളുക; എനിയ്ക്കു് ചെറിയ ബലിപീഠങ്ങൾ ഉണ്ടാക്കുവാനാണു് ഇഷ്ടം". ഇതായിരുന്നു അലോഷ്യസ് സാധാരണയായി കൊടുത്തുകൊണ്ടിരുന്ന സമാധാനം. വിനോദാവസരങ്ങളിൽ കുമാരികൾക്കു് ആനന്ദം നൽകിയിരുന്ന നൃത്തം, സംഗീതം മുതലായവയ്ക്കു് കഥാനായകനുണ്ടായിരുന്ന വെറുപ്പാണു് ഇപ്രകാരം പറയുന്നതിനു് അവനെ പ്രേരിപ്പിച്ചതു്. കളികളുടെ സമയത്തിൽപോലും അലോഷ്യസിന്റെ സംഭാഷണവിഷയം 'ദൈവ'മാണു് എന്നു് എലനർ തന്നെ പറയുന്നുണ്ടു്.

അലോഷ്യസിന് ഏഴുവസ്സു പ്രായമായതിൽപിന്നെ തന്റെ ദേഹത്തു തൊടുവാൻ അവൻ ആരെയും അനുവദിച്ചിരുന്നില്ല. ആ സമയംമുതൽ അവൻ ആരുടേയും ദേഹത്തു് തൊട്ടിട്ടില്ല. ശിശുപ്രായം മുതല്ക്കുതന്നെ ശരീരത്തിന്റെ എല്ലാഭാഗങ്ങളും വേണ്ടവണ്ണം ക്രമമായി മറച്ചിരുന്നുവെന്നു് അവന്റെ വളർത്തമ്മ പറയുന്നു. വസ്ത്രധാരണം പൂർത്തിയാകുന്നതിനു് മുമ്പു് തന്റെ മുറിയിൽ പ്രവേശിക്കാൻ അവൻ ആരേയും അനുവദിച്ചിരുന്നില്ല. ഫ്ലോറൻസിൽവച്ചു് അലോഷ്യസിനുണ്ടായ ആത്മീയാഭിവൃദ്ധിയുടെ സ്മാരകമായി അവൻ അതിനെ 'പരിശുദ്ധതയുടെ തൊട്ടി' (Cradle of holiness) എന്നാണു് വിളിച്ചിരുന്നതു്. അനന്യസുലഭമായ ഈ ആന്തരികപരിശുദ്ധിയ്ക്കു് തികച്ചും അനുരൂപമായിരുന്നു അലോഷ്യസിന്റെ ബാഹ്യസൗന്ദര്യവും. ആ കോമളവദനത്തിൽ സർവ്വദാ കളിയാടിയിരുന്ന കളങ്കമറ്റ മന്ദസ്മിതം, പ്രസന്നത, ഇവ പ്രേക്ഷകരിൽ ഭയഭക്തിബഹുമാനാദികളെ ഉളവാക്കി.

തന്റെ ആത്മീയവും ശാരീരികവുമായ ഉൽകൃഷ്ടഗുണങ്ങളെ പാപമാലിന്യത്താൽ കളങ്കപ്പെടുത്താതെ ഈശോയെ പ്രഥമമായി തന്റെ ഹൃദയത്തിൽ സ്വീകരിക്കണമെന്നു് അലോഷ്യസിനു് ഒരു വലിയ ആഗ്രഹമുണ്ടായിരുന്നു. അപ്പോഴാണു് കാർഡിനൽ ചാരൽസ് ബൊറോമ്യോ[1] ഗോൺസാഗാപ്രാസാദം സന്ദർശിച്ചതു്. യുവപരിശുദ്ധൻ തന്റെ അഭിലാഷത്തെ ആഗതനായ വിശുദ്ധനെ അറിയിച്ചു. അദ്ദേഹം അലോഷ്യസിന്റെ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിൻ വേണ്ട പ്രാരംഭനടപടികളെല്ലാം ചെയ്തു. അപ്രകാരം അലോഷ്യസ് ഗാ

---

1 ഇദ്ദേഹം ഒരു വിശുദ്ധനാണു്. വി: ചാരൽസ് ബൊറോമ്യോ ഗോൺസാഗാകുടുംബവുമായി ബന്ധമുള്ള ഒരാളാണു

ൺസാഗാ ജൂലൈ 22 -ാംതീയതി വി: മേരിമഗ്ദലനായു
ടെ തിരുനാൾ ദിവസം പ്രഥമദിവ്യകാരുണ്യസ്വീകരണം
നടത്തി. അതിനു് ശേഷമാണു് അവൻ ഫ്ലോറൻസിനു
പോയതു്. അവിടെവച്ചു് പ. ദൈവജനനിയോടുണ്ടാ
യിരുന്ന ഭക്തി പൂർവ്വാധികം വർദ്ധിച്ചു. ദൈവജനനിയു
ടെ അപദാനങ്ങൾ പ്രകീർത്തിക്കുന്നതിനു് ആ ചെറുബാ
ലനുണ്ടായിരുന്ന വാസന അവർണ്ണനീയംതന്നെ. ദിവ്യകാ
രുണ്യസ്വീകരണാനന്തരം അലോഷ്യസ് ഭക്തിപാരവ
ശ്യത്തിൽ ലയിച്ചുനില്ക്കുന്ന കാഴ്ച, പരിപൂർണ്ണമായ ഏകാ
ഗ്രത, സംയതങ്ങളായ പഞ്ചേന്ദ്രിയങ്ങൾ, ഇവ കാണികളു
ടെ ഹൃദയത്തിൽ നവമായ ഒരു ഭക്തിയെ ഉദ്ദീപിപ്പിച്ചിരുന്നു.

ഇവയെല്ലാറ്റിലും വിസ്മയകരമായിട്ടുള്ളതു് അലോ
ഷ്യസിന്റെ പാപസങ്കീർത്തനമാണു്. പാപസങ്കീർത്ത
നത്തിന്റെ തലേദിവസം അവൻ ജ്ഞാനവായന, ധ്യാനം
പ്രാർത്ഥന, ഉപവാസം മുതലായ ഭക്തികൃത്യങ്ങളാൽ വള
രെ തിരക്കുള്ളവനായിരുന്നു എന്നു പറയുന്നതിൽ തെല്ലും
അതിശയോക്തിയില്ല. അലോഷ്യസ് മെയ്യിട്ടുള്ള പാപ
ങ്ങൾ പാപങ്ങളുടെ കണക്കിൽ എണ്ണുവാൻ തക്കവയല്ല
ങ്കിലും ഒരു മുഴുവൻ കുമ്പസാരം നടത്തിയ അവസാ
ത്തിൽ ദുഃഖഭാരവശ്യത്താൽ അവൻ ബോധരഹിതനാ
യി നിലംപതിച്ചു

കോപം എന്നൊരു ദുർഗ്ഗുണം തന്നെ വലയം ചെയ്യു
ന്നതായി അലോഷ്യസ് തന്റെ ആന്തരീക ചക്ഷുസ്സുക
ളാൽ ദർശിച്ചു. ധ്യാനത്താലും (Meditation) പ്രാർത്ഥന
യാലും പ്രായശ്ചിത്തത്താലും അല്പകാലത്തിനുള്ളിൽ അ
തിനെ വേരോടെ പിഴുതുകളയുന്നതിൽ അവൻ വിജയം
കൈവരിച്ചു. അപ്പോൾ മറെറാരു മാലിന്യം— അ
ന്യരുടെ കുറ്റം പറയുക— തന്റെ ജീവൻ പണയപ്പെടുത്തി
യെങ്കിലും അതിനെ തടയണമെന്നുള്ള ആഗ്രഹവും സ

ഫലമായി. മേൽപറഞ്ഞ വിപത്തുകഥം അലോഷ്യസിൽ കരു മാസക്കാലത്തിൽ കൂടുതൽ വിഹരിച്ചില്ല. ഇവയിൽ നിന്നു നിഃശ്ലേഷം വിമുക്തനാകുന്നതിന് 'ഏകാന്തത' എന്ന ഔഷധം പലപ്പോഴും അവൻ ആസ്വദിച്ചിരുന്നു.

അധികൃതന്മാരെ അനുസരിക്കുന്നതിൽ അലോഷ്യസ് പ്രകടിപ്പിച്ചിരുന്ന ജാഗ്രത സഹപാഠികൾക്ക് മാതൃകയായിത്തീർന്നു. അലോഷ്യസിന്റെ ഇളയ സഹോദരൻ റുഡോൾഫ് ചെറുപ്പകാലം മുതല്ക്കുതന്നെ കരു കുസൃതിയായിരുന്നു. ചിലപ്പോൾ അവൻ ട്യൂട്ടറുമായി കലഹിച്ചിരുന്നു. സഹോദരന്റെ ഈ അനുസരണക്കേടിന് അലോഷ്യസ് അവനെ കർശനമായി ശാസിച്ചു. ഭൃത്യജനങ്ങളുടെ നിരാലംബാവസ്ഥയിൽ അവൻ അകമഴിഞ്ഞു ഖേദിച്ചു. കുലീനവംശജർ ദരിദ്രരോട് പെരുമാറുന്ന രീതിയെ അലോഷ്യസ് വെറുത്തു.

അലോഷ്യസ് ഗോൺസാഗാ പ്രതിദിനം ദിവ്യ ബലിയിൽ സംബന്ധിക്കുകയും ഞായറാഴ്ചകളിലും മറ്റു തിരുനാൾ ദിവസങ്ങളിലും ദിവ്യകാരുണ്യമുപംക്കൊള്ളുകയും ചെയ്തിരുന്നു. 'വേസ്പര' (Vespers) എന്ന ചടങ്ങിൽ സംബന്ധിക്കുന്നതിന് അവൻ വളരെ ഉൽസുകനായിരുന്നു. അവൻ തന്റെ 'പ്രതിദിനാഭ്യാസം' എന്ന ഭക്ത്യഭ്യാസം രാവിലെയും വൈകുന്നേരവും മുട്ടിന്മേൽ നിന്നു കൊണ്ടുതന്നെ ജപിച്ചിരുന്നു.

'കാസ്പർ ലൊറാത്തെ' എന്ന ഈശോസഭാ വൈദികനാൽ വിരചിതമായ 'ജപമാല' എന്ന പുസ്തകം അലോഷ്യസിന്റെ ശ്രദ്ധയെ ആകഷ്ടിച്ചു. തദ്പാരായണ കന്യകയോടുള്ള ഭക്തി— നിത്യരക്ഷയുടെ അടയാളം— അവനിൽ തെളിവായി കാണപ്പെട്ടു. അവളോടുള്ള തന്റെ കൃതജ്ഞത അലോഷ്യസിന്റെ ഹൃദയതീരങ്ങളിൽ കവിഞ്ഞൊഴുകി. അവളുടെ ജീവിതപന്ഥാവിലെ

വിചിത്രമായ രഹസ്യങ്ങൾ ബാലനെ അത്ഭുതപരതന്ത്രനാക്കി. ദൈവജ്ഞനിയെ പ്രീതിപ്പെടുത്താതെ അലോഷിക്ക് നിദ്രയില്ല എന്നുള്ള പതനത്തിലായി. ഒരു ദിവസം അലോഷ്യസ് ദൈവജ്ഞനിയുടെ ചായാപടത്തിൻ മുൻപിൽ കൂപ്പുകൈകളോടെ നില്ക്കുകയായിരുന്നു. തന്റെ കന്യാവ്രതത്തെ ആ അമ്മയ്ക്ക് കാഴ്ചവയ്ക്കണമെന്ന് ഒരു ആഗ്രഹം അവനിൽ അങ്കുരിച്ചു. ഉടൻതന്നെ അവൻ, നിത്യകന്യാവ്രതം പാലിച്ചുകൊള്ളാമെന്ന് ദൈവമാതാവിനോടു വാഗ്ദാനം ചെയ്തു. ഈ വാഗ്ദാനം അവൾ സസന്തോഷം സ്വീകരിച്ചു എന്നതിനു സ്മാരകമായി അലോഷ്യസിന്റെ അനന്തര ജീവിതത്തിൽ ശുദ്ധതയ്ക്കെതിരായുള്ള ഒരു പരീക്ഷയിൽപോലും തോൽവിയടയുന്നതിന് അവൾ അവനെ അനുവദിച്ചില്ല. വലിയവലിയ വിശുദ്ധന്മാർക്കുപോലും വളരെ അപൂർവ്വമായി ലഭിക്കുന്ന ഒരു അനുഗ്രഹമാണിത്.

സ്ത്രീകളുമായി സംസാരിക്കുകയോ മറ്റെന്തെങ്കിലും തരത്തിൽ ഇടപെടുകയോ ചെയ്യുന്നതിൻ പെരുപ്പംമുതൽതന്നെ അവന് വെറുപ്പായിരുന്നു. തന്റെ മതാവിനേറപോലും മുഖത്തു അവൻ വളരെ ദുർലഭമായിട്ടേ നോക്കിയിരുന്നുള്ളൂ എന്ന് അവന്റെ ആദ്യചരിത്രകാരൻ പറയുന്നു. അലോഷ്യസിനെ ലോകത്തിലേക്കാകർഷിക്കുവാൻവേണ്ടി ഫെർഡിനാൻഡ് പലവിദ്യകളും പ്രയോഗിച്ചു. സൗന്ദര്യവതികളായ പല പ്രഭ്വികുമാരികളും ഗോൺസാഗാപ്രാസാദത്തിൽ വരുകയും നൃത്തംചെയ്കയും മറു പല കായികവിനോദങ്ങളും അലോഷ്യസിന്റെ മുൻപിൽ നടത്തുകയും ചെയ്തു. വിരുന്നുസൽക്കാരങ്ങളിൽ ഒരു സ്ത്രീയുടെ സമീപത്തു് ഇരിക്കുവാൻ അവൻ നിർബ്ബന്ധിതനായി. എത്ര പരിശുദ്ധമായ മനസ്സിനെയും വശീകരിക്കാൻതക്ക സാഹചര്യങ്ങളിൽ അലോഷ്യസ് നി

ഉത്തപ്പെട്ടിട്ടുണ്ട്. ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ ഈ അല്പ പ്രാണികൾക്കു എന്തു ചെയ്യുവാൻ സാധിക്കും? എല്ലാം ഫലശൂന്യമായി പരിണമിച്ചു. സ്ത്രീവിദ്വേഷി (Women hater) എന്നുള്ള നാമത്താലായിരുന്നു അലോഷ്യസ് മാന്ത്രുവായിൽ അറിയപ്പെട്ടിരുന്നതു്.

പ്രഭുകുടുംബജാതനായ ഒരു യുവാവിനു്, കൊട്ടാരങ്ങളിലും മറ്റും വസിക്കുന്ന ഒരുവനു്, വരാവുന്ന ആപത്തുകൾ വിശുദ്ധനെ ദർശിക്കുകപോലും ചെയ്തിട്ടില്ല. യൗവനത്തിന്റെ ശോകപര്യവസാനത്തിലല്ലൂ് ഏതൊരു ശക്തി വി. ആഗ്നസ്തീനോസിനെയും വി. മേരിമഗ്ദലനയെയും തള്ളിവിട്ടോ ആ ശക്തിതന്നെ മാന്ത്രുവായിലെ അന്തരീക്ഷത്തിലും പാറിപ്പറന്നിരുന്നു. ഇവയുടെ കണികകളിൽനിന്നു് അലോഷ്യസ് രക്ഷ നേടിയതു് ദൈവമാതാവിന്റെ സഹായത്താൽ മാത്രമാണു്.

അലോഷ്യസിന്റെ വിനയത്തെപ്പറ്റിയും ഈയവസരത്തിൽ അല്പം പ്രസ്താവിയ്ക്കുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിയ്ക്കുന്നു. അവന്റെ വിനയത്തെപ്പറ്റി അറിയാത്തവരോ, അതിനെ അനുകരിക്കുവാൻ ആഗ്രഹിക്കാത്തവരോ ആയി കാസിഗ്ലിയോനിലും പരിസരപ്രദേശങ്ങളിലും ആരുംതന്നെ ഉണ്ടായിരുന്നില്ല. വാസനയുള്ള യാതൊരു സാധനങ്ങളും അവൻ എടുക്കുകയൊ ഉപയോഗിക്കുകയോ ചെയ്തിരുന്നില്ല തനിക്കു ലഭിക്കുന്ന ബഹുമാനാദികളെ നന്ദിപൂർവ്വം നിരസിക്കുന്നതിലും മറ്റുള്ളവരെ ആദരിക്കുന്നതിലും അലോഷ്യസ് പ്രകടിപ്പിച്ച മനഃസ്ഥിതി കുന്നു വേറെതന്നെയായിരുന്നു. ലോകസുഖങ്ങളും ലോകപരമായ സംഭാഷണങ്ങളും അനാവശ്യമായ ആഹ്ലാദവും അതിരുകവിഞ്ഞ ആദരവും പരിഹേദം വർജ്ജിക്കുന്നതിൽ അവൻ അതീവതല്പരനായിരുന്നു.

നാലാം അദ്ധ്യായം.

ദൈവവിളി.

"പിതാവിനെയോ മാതാവിനെയോ എന്നെക്കാൾ കൂടുതലായി സ്നേഹിക്കുന്നവൻ എനിക്കുള്ളവനാകുവാൻ യോഗ്യനല്ല". എന്നുള്ള ഈശോയുടെ തിരുവാക്യം അലോഷ്യസിന്റെ പെരികളിൽ സ്വർണ്ണാക്ഷരങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ബാല്യകാലത്തിൽ ഡോണാമത്താ അലോഷ്യസിനോടു പറഞ്ഞ വാക്യം ഇപ്പോഴും അവന്റെ സ്മൃതിപഥത്തിൽ തെളിഞ്ഞു കിടക്കുന്നു. ഇതിലെല്ലാം ഉപരിയായി ലോകസുഖാനുഭൂതിയോടുള്ള വെറുപ്പ് അവനെ ഏകാന്തതയിലേയ്ക്ക് ക്ഷണിയ്ക്കുന്നു. ഒരു ഭയങ്കരസമരം തന്നെ അലോഷ്യസിന്റെ അന്തരാത്മാവിൽ നടന്നുകൊണ്ടിരിക്കുന്നു. തന്റെ ആയുഷ്കാലത്തിലെ ഏറ്റവും ദയനീയവും ശോകാത്മകവുമായ ഒരു രംഗം പ്രത്യക്ഷമാകാൻ പോകുന്നു. ഒരു യുവാവ് തന്റെ ദൈവവിളി എവിടേയ്ക്കെന്നറിയുവാൻ ഉഴലുന്നു. ആഡംബരത്തിന്റെ വിഹാരരംഗമായ ഗോൺസാഗാപ്രാസാദം! അവിടെ സദാ നേരവും നൃത്തങ്ങളും കോലാഹലങ്ങളും കെങ്കേമമായ വിരുന്നു സല്ക്കാരങ്ങളും. ഉൽകൃഷ്ടവും പാവനവുമായ തന്റെ ആശ നിരോധിതമായി പോകുമോ എന്നുള്ള ആശങ്ക അവന്റെ ഹൃദയത്തിൽ തിരതല്ലുന്നു. ദിനരാത്രങ്ങൾ പലതു കഴിഞ്ഞുപോയി. നിദ്രാരാഹിത്യത്തിലും നിരാഹാരത്തിലും അലോഷ്യസ് തന്റെ ദൈവവിളിയെപ്പറ്റി ചിന്തിയ്ക്കുന്നു. ഉപവാസത്താലും പ്രാർത്ഥനയാലും പ്രായശ്ചിത്തത്താലും മറ്റുമായി ദിവസങ്ങൾ കഴിയുന്നു. ഓരോ ദിവസം കഴിയുംതോറും അലോഷ്യസിന്റെ ആരോഗ്യം ക്ഷയിച്ചു വരുന്നു.

മാർകിസ് ഇപ്പോഴും അലോഷ്യസിനെപ്പറ്റി സ്വപ്നങ്ങൾ കാണുകയാണ്. ആ ബാലന്റെ അന്തരംഗത്തിൽ നടക്കുന്ന ഘോരസമരത്തിന്റെ കാഠിന്യം അദ്ദേ

ഹം ദർശിക്കുന്നില്ല. ഇനിമുതൽ അലോഷ്യസ് പതിനൊന്നുവയസ്സുള്ള ഒരു ബാലനല്ല. പ്രസ്തുത പതിനാറുവയസ്സുള്ള ഒരു യുവാവാണ്. ഇന്നി ഒരു വിനാഴികപോലും ലോകവുമായി സംഭാഷിക്കുവാൻ അവൻ തയ്യാറില്ല. ഒരു വൈദീകനാകുവാൻ അവൻ ദൃഢനിശ്ചയം ചെയ്തുകഴിഞ്ഞു.

ദാരിദ്ര്യം, കന്യാവ്രതം, കീഴ്വഴക്കം ഇവ എല്ലാസന്യാസസഭകൾക്കുമുള്ളതാണ്. ഈ മൂന്നു വ്രതങ്ങളെയും ഏറ്റവും നിഷ്കൃഷ്ടപൂർവ്വം പാലിക്കുന്ന ഒരുസഭയിൽ പ്രവേശിക്കണമെന്നായിരുന്നു അലോഷ്യസിന്റെ അഭിലാഷം. ഫ്രാൻസീസ്കൻ സന്യാസികളുടെ എളിമയും ദാരിദ്ര്യവും അവനെ ബലാലാകർഷിച്ചു. ഒരു ഫ്രാൻസീസ്കൻ സന്യാസിയാകണമെന്നുള്ള ആഗ്രഹം കുറെ നാളത്തേയ്ക്കു അവനിൽ സ്ഥലംപിടിച്ചു. ഈ അഭിലാഷസിദ്ധിയ്ക്കു അലോഷ്യസിന്റെ അനാരോഗ്യം— പ്രാർത്ഥനയാലും ഉപവാസത്താലും ചമ്മട്ടിയടിയാലും ക്ഷീണിതമായിരുന്ന ഗാത്രം വിഘാതമായിരുന്നു. അടുത്തതായി ഒരു 'ഇടവകപ്പട്ടക്കാരൻ' ആകണമെന്നു ആഗ്രഹിച്ചു. എന്നാൽ അവർക്കു തരണംചെയ്യേണ്ട വിഷമഘട്ടങ്ങൾ, അനേകആത്മാക്കളുടെ പൂർണ്ണ ഉത്തരവാദിത്വം എന്നിവയെപ്പറ്റിയുള്ള വിചാരം അവനെ അതിൽനിന്നും വിരമിപ്പിച്ചു.

മൂന്നാമതായി ഇശോസഭയിൽ പ്രവേശിക്കുന്നതിനു അലോഷ്യസ് ആലോചിച്ചു. ഈ ചിന്ത അവനിൽ ദീർഘകാലത്തേയ്ക്കു നിലനിന്നു. സമയം മുൻപോട്ടുപോകുന്തോറും അലോഷ്യസിനു ഈശോസഭയോടുള്ള പ്രതിപത്തിയും വർദ്ധിച്ചുവന്നിരുന്നു. തന്റെ പ്രായശ്ചിത്തപ്രവൃത്തികൾ ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. തന്റെ ശരണം സകലവും അവൻ ദൈവജനനിയിൽ നക്ഷേപിച്ചു. ഒരു ദിവസം അലോഷ്യസ് ദിവ്യകാരുണ്യ സ്വീകരണാനന്തരം ദൈവമാതാവിന്റെ സ്വരൂപത്തിൻമുൻപിൽ മുട്ടിന്മേൽ

നിന്നുകൊണ്ട് ഉപകാരസ്മരണ ചെയ്യുകയായിരുന്നു. "നീ ഈശോസഭയിൽ പ്രവേശിക്കുക" എന്നൊരു ശബ്ദം അവന്റെ ഹൃയാന്തർഭാഗത്തു മാറ്റൊലികൊണ്ടു ഈ വിനാഴികമുതൽ അവൻ സ്വസ്ഥനായിത്തീർന്നു. തനിക്കുള്ള ദൈവവിളി എന്തെന്നും എവിടേയ്ക്കെന്നും ദൈവജനനി അലോഷ്യസിനെ അറിയിച്ചുകഴിഞ്ഞു; പൂർണ്ണഹൃയേസമാധാനത്തോടും അത്യാഹ്ലാദത്തോടുംകൂടി സ്വഗൃഹത്തിലേക്ക് മടങ്ങി.

1540_ ലാണ് വിശ്വവിഖ്യാതമായ ഈശോസഭ സംജാതമായതു്. പരിമിതമായ ഒരു കാലയളവിനുള്ളിൽ അതു് ലോകമാസകലം പരന്നു. ഈശോസഭാംഗങ്ങളുടെ പ്രധാനതൊഴിൽ യുവജനപരിശീലമാണ്. ഇതെപ്പറ്റി സൂചിപ്പിക്കുന്നതുതന്നെ അലോഷ്യസിനു് ചിന്താമൃതമായിത്തീർന്നു. ഈശോസഭാപ്രവേശനത്തിനായി സ്വപിതാവിന്റെയും സഭാധികൃതരുടെയും അനുമതി ലഭിക്കുന്നതിനുള്ള പ്രാരംഭനടപടികളും അവൻ ആരംഭിച്ചു.

അഞ്ചാം അദ്ധ്യായം

ഘോരസമരം.

ഫാദർ 'പറേറർണോ' അലോഷ്യസിന്റെ ആത്മീയപിതാവായിരുന്നു പ: ജനനിയിൽനിന്നും തനിക്കുണ്ടായ വെളിപാടിനെ അവൻ ആ വൈദികനെ അറിയിച്ചു; സംഗതിയുടെ യഥാർത്ഥ ബുദ്ധിമാനായ വൈദികൻ ഉടൻതന്നെ ഗ്രഹിച്ചു. അലോഷ്യസിന്റെ ദൈവവിളി പുച്ഛിപ്പാനുള്ളതല്ല, പ്രസ്തുത മുഴുവൻ മാറ്റുള്ളതാണ് എന്നു് അദ്ദേഹത്തിനു് മനസ്സിലായി. എങ്കിലും മാർകപിസിന്റെ അനുമതിയില്ലാതെ ആ പ്രൃഢകുമാരന്റെ ദൈവവിളിയിൽ ഇടപെടുന്നതിനു് അദ്ദേഹത്തിനെങ്ങിനെ സാദ്ധ്യമാകും? അതിനാൽ വൈദികൻ കുട്ടിയോടു പറഞ്ഞു. ഈ വിഷമഘട്ടം തരണംചെയ്യുന്നതിനു് ധൈ

ണ്ടിവരുന്ന സഹനം അലോഷ്യസ് മൻകൂട്ടി കാണാതിരുന്നില്ല. എന്നാൽ അതുകാരണം സാക്ഷാലുള്ള ദൈവവിളിയെ വിഗണിക്കുവാൻ അവന് സമ്മതമില്ലായിരുന്നു. ഏതു കുരിശുകഠം സഹിക്കേണ്ടിവന്നാലും പിതാവിന്റെ സമ്മതം കിട്ടിയേ തൃപ്തിപ്പെടുകയുള്ളൂ എന്ന ദൃഢനിശ്ചയത്തോടെ ഒരു ഘോരസമരത്തിനായി അവൻ പ്രവർത്തനരംഗത്തിലേക്കിറങ്ങി.

Ad Jesum per Mariam * എന്നതുപോലെ ഡോണാമാത്താവഴി തന്റെ ആഗ്രഹം പിതാവിനെ ധരിപ്പിക്കുവാൻ അവൻ ശട്ടംകെട്ടി. തന്റെ പുത്രന്റെ ശോഭനമായ ഭാവിയെ സംബന്ധിച്ച് ഉൽകണ്ഠയുണ്ടായിരുന്ന മാതാവ് ഹൃദയപൂർവ്വം സന്തോഷിച്ചു. തന്നെയുമല്ല, വിവരം അതിശീഘ്രത്തിൽ മാർകപിസിനെ അറിയിയ്ക്കുകയും ചെയ്തു. മാർകപിസ് ക്രോധോന്മത്തനായ ഒരു ക്രൂരഭ്യാഗ്രഹത്തെപ്പോലെ അലറി. സൗമ്യശീലയായ ഡോണാമത്താ തന്റെ ഭർത്താവിനെ പ്രീതിപ്പെടുത്തുവാൻ, ശാന്തപ്പെടുത്തുവാൻ, ഒട്ടേറെ അടവുകളും തടവുകളും നിഷ്ഫലമായി പ്രയോഗിച്ചു. അവർ തന്റെ സകല കഴിവുകളും ഉപയോഗിച്ച് അലോഷ്യസിനുവേണ്ടി വാദിക്കുവാൻ തുടങ്ങി. തന്റെ രണ്ടാമത്തെ പുത്രനായ റുഡോൾഫിനോടുള്ള സ്നേഹക്കൂടുതലാണ് അലോഷ്യസിനെ പിരിച്ചുവിടുവാനുള്ള അവളുടെ നിർബന്ധബുദ്ധിക്ക് കാരണം എന്ന് മാർകപിസ് സംശയിച്ചു. അതേ റുഡോൾഫിനെ മാർകപിസെയിററിന്റെ പൂർണ്ണാവകാശിയാക്കുന്നതിനുള്ള ഒരു കുതന്ത്രമാണ് അലോഷ്യസിന്റെ ദൈവവിളിഎന്ന് അദ്ദേഹം തെററിദ്ധരിച്ചു.

മാതാവിന്റെ പ്രയത്നങ്ങളെല്ലാം നിഷ്ഫലമായി പരിണമിച്ചതിനാൽ അലോഷ്യസ് തന്നെ വിവരം പിതാവിനെ അറിയിച്ചു. കോപാക്രാന്തനായ പിതാവ്

* (മറിയംവഴി ഈശോയിലേക്ക്)

സ്വപുത്രനെ വളരെയധികം ശകാരിച്ചശേഷം മുറിയിൽ നിന്നും നിഷ്ക്രാന്തനായി. "ഇതു് എന്റെ നിശ്ചയമല്ല; ദൈവനിശ്ചയമാണു്" എന്നു പറഞ്ഞശേഷം അലോഷ്യസ് മുറിയിൽനിന്നും പുറത്തിറങ്ങി. ഫെർഡിനാൻഡിന്റെ മനസ്സുഖം നിശ്ശേഷം നശിച്ചു. തന്റെ പുത്രന്റെ ശാഠ്യത്തിനു് കാരണം അവന്റെ ആത്മീയപിതാവു് ഫാദർ പറേറർണോയുടെ ഉപദേശമാണു് എന്നു് പാവം ഫെർഡിനാൻഡ് തെറ്റിദ്ധരിച്ചു. അദ്ദേഹം തന്റെ കോപാഗ്നി ആവൈദികനിൽ ചൊരിഞ്ഞു. വൈദികൻ തന്റെ നിരപരാധിത്വത്തെ മാർക്വിസിനെ അറിയിച്ചു. പ്രഭു ഇതികർത്തവ്യതാമൂഢനായി ചതുർവിധോപായങ്ങളും പ്രയോഗിച്ചു് തന്റെ പുത്രനെ വിവാഹത്തിനു് ക്ഷണിക്കുന്നു. അനന്തരം അലോഷ്യസിനെ രഹസ്യമായി വിളിച്ചു്, "അലോഷ്യസേ, മകനേ, നീ എന്താണു ഈശോസഭയിൽ പ്രവേശിക്കുവാൻ ഇത്രയധികം ജാഗ്രതകാണിക്കുന്നതു്? ലോകജീവിതത്തിൽ നിനക്കു് വളരെയധികം സുഖം, സ്ഥാനം, ബഹുമാനം ആദിയായവ അനുഭവിക്കുവാൻ പാടില്ലയോ?"

"പിതാവെ ഞാൻ ഈശോസഭയിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നതിന്റെ കാരണം അവിടന്നു് പറഞ്ഞുകഴിഞ്ഞു. സ്ഥാനബഹുമാനാദികളും ലോകസുഖാനുഭൂതികളും എനിക്കു് അശ്ലേഷം ഇഷ്ടമില്ലാത്ത സംഗതികളാണു്. തന്നെയുമല്ല, ദൈവത്തെ മറക്കുന്നതിനുള്ള എളുപ്പമാർഗ്ഗവും അതുതന്നെയാണു്. ഞാൻ വൈദികനാകുന്നതു് ദൈവത്തെ മുഴുഹൃദയത്തോടെ സ്നേഹിക്കുവാൻ വേണ്ടിയാണു്". അലോഷ്യസ് വിനയസമന്വിതം പിതാവിനെ അറിയിച്ചു. ആ സൂര്യൻ അങ്ങിനെ അസ്തമിച്ചു.

'ഗാമ്പിളിങ്ങ്' (Gambling) എന്ന വിനോദത്തിൽ

മാർകിസ് അതിവത്സലനായിരുന്നു. ഇക്കാര്യത്തിൽ അദ്ദേഹം വളരെ പണം വ്യയം ചെയ്തു. അലോഷ്യസിനു് ഇതിലുള്ള വിസമ്മതത്തെ അവൻ പലപ്പോഴും പിതാവിനെ അറിയിച്ചെങ്കിലും അദ്ദേഹം അതു് വകവെച്ചില്ല. ഇതായിരിക്കും പുത്രന്റെ സ്വഭാവമാറ്റത്തിനു് നിദാനം എന്നു് അദ്ദേഹം സംശയിച്ചു. താൻ മേലിൽ ആ മാതിരി വിനോദങ്ങളിൽ ഏർപ്പെടുകയില്ലെന്നു പുത്രനോടു ശപഥം ചെയ്തു. എന്തു ഫലം? ദൈവനിശ്ചയത്തിനു് മാറ്റം വരുത്തുവാൻ ആർക്കു സാധിക്കും?.

പുത്രന്റെ നിർബന്ധബുദ്ധിയാൽ അവശനായ പിതാവു് ഫ്രാൻസീസ് ഗോൺസാഗാ എന്ന വൈദികനെ അടുക്കൽ പ്രാപിച്ചു. അലോഷ്യസിന്റെ നിശ്ചയം മാറ്റുന്നതിനു് വേണ്ട ഉപദേശങ്ങൾ നൽകുവാൻ അദ്ദേഹം വൈദികനോടപേക്ഷിച്ചു. കരുവന്നുള്ള ദൈവവിളിയെ ഉപദേശംകൊണ്ടു തടയുവാൻ സാദ്ധ്യമല്ല എന്നു് അദ്ദേഹം മാർകിസിനെ ഗ്രഹിപ്പിച്ചു. അലോഷ്യസിന്റെ ദൈവവിളിയിൽ ശക്തിമത്തായ കരം അദൃശ്യകരം പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു് ഫെർഡിനാൻഡ് ഇപ്പോൾ മാത്രമാണു് മനസ്സിലാക്കുന്നതു്. ഈ ധാരണ കുറച്ചു നാളത്തേയ്ക്കു മാത്രമേ അദ്ദേഹത്തിൽ നിലനിന്നൊള്ളു. വീണ്ടും അദ്ദേഹം പഴയപടി പ്രവർത്തിക്കുവാൻ തുടങ്ങി.

ആറാം അദ്ധ്യായം.

മാതൃകായുവാവു്.

പതിനാറാം ശതാബ്ദം സുഖഭോഗങ്ങളുടെ കാലമായിരുന്നു. ഇവ, സകല ജനതയുടെയും ജീവിതരീതിയിൽ സാരമായ വ്യതിയാനങ്ങൾ വരുത്തിക്കൂട്ടി. ഇവകൊണ്ടൊന്നും അലോഷ്യസിനു് യാതൊരു വ്യതിയാനവും ഉണ്ടായില്ല. ബാല്യംമുതല്ക്കേ അവൻ പരിശീലിച്ചിരുന്ന ആശാനിഗ്രഹം, അനുസരണം, പരസ്നേഹം, മുതലായ പുണ്യ

ങ്ങളുടെ ചിലവുകാലമായിരുന്നു അലോഷ്യസിനെസംബന്ധിച്ചടത്തോളം ഈ ഘട്ടം. ഇംഗ്ലണ്ടിൽ ഹെൻറി എട്ടാമനും എലിസബത്തു മഹാരാജ്ഞിയും എന്തും ചെയ്യുകൊള്ളട്ടെ! ഇറലിയിൽ അലോഷ്യസ് ഗോൺസാഗാ അതിനു പരിഹാരം ചെയ്യുന്നു. ഗോൺസാഗാപ്രാസാദത്തിലെ കാരോ മുറിയും രാജാചിതമായ വിധത്തിൽ അലംകൃതമായിരുന്നു. സ്വർണ്ണം, വെള്ളി, ചിലപിടിച്ച രത്നങ്ങൾ, ഇവയാൽ അതിന്റെ ചുവരുകൾ പളപളായമാനമായിരുന്നു. വെൽവെറ്റ്സിൽക്കിനാൽ പണിയപ്പെട്ട മാർദ്ദവമേറിയ മെത്തകൾകൊണ്ട് കിടക്ക, കസേര, നീലേഴ്സ്, കവുച്ച്, മുതലായവ മൂടപ്പെട്ടിരുന്നു. ഈ ആഡംബരങ്ങളെല്ലാം വിഗണിച്ച് കരുവെറും ഭൃത്യനെപ്പോലെയാണ് അലോഷ്യസ് ജീവിച്ചിരുന്നതു്. വെൽവെറ്റ്മെത്തകൾ തള്ളിക്കളഞ്ഞിട്ട് വെറും തറയിലായിരുന്ന ആ പ്രഭുകുമാരൻ മുട്ടിന്മേൽ നിന്നിരുന്നതു്.

മാർബിൾക്കല്ലുകളുടെയും തങ്കംപൂശിയ മേൽത്തട്ടുകളുടെയും കസവുകിന്നരികളുടെയും മദ്ധ്യേ ജീവിച്ച ധനികനേക്കാൾ ഭാഗ്യവാൻ വ്രണപ്പെട്ട ശരീരത്തോടുകൂടി ഉച്ഛിഷ്ടം ഭക്ഷിച്ചു ജീവിച്ച ലാസർ അല്ലയോ?

അലോഷ്യസിന്റെ സാധാരണ ഭക്ഷണം കരൗൺസിൽ കൂടുകയില്ലായിരുന്നു. ആഴ്ചയിൽ മൂന്നു ദിവസം. ബുധൻ, വെള്ളി, ശനി, ഈ ദിവസങ്ങളിൽ വെറും അപ്പവും വെള്ളവും കൊണ്ട് അവൻ ഉപവസിക്കുകയും ചെയ്തിരുന്നു; ഈ മൂന്നു ദിവസങ്ങൾകൊണ്ടു തൃപ്തനാകാതെ ചിലപ്പോൾ മറ്റു ദിവസങ്ങളിലും ഇപ്രകാരം ഉപവസിച്ചിരുന്നു. 'ചമ്മട്ടിയടി' എന്നുള്ള പ്രായശ്ചിത്തപ്രവൃത്തി അലോഷ്യസ് ജീവിതകാലം മുഴുവനും ചെയ്തിരുന്നു. ആദ്യകാലങ്ങളിൽ ചമ്മട്ടിയടിക്കുള്ള ദിവസങ്ങൾ ആഴ്ചയിൽ മൂന്നായിരുന്നു. എന്നാൽ അനന്തരജീവിതത്തിൽ, ദൈ

വസ്നേഹാഗ്നിയിൽ എരിഞ്ഞിരുന്ന നാളുകളിൽ ദിവസവും, അതുകൊണ്ടും തൃപ്തനാകാതെ ദിവസം പലപ്രാവശ്യവും ഈ പ്രായശ്ചിത്തം അവൻ ചെയ്തിരുന്നു. ചമ്മട്ടിയുടെ അഭാവത്തിൽ പട്ടിയുടെ തുടലാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. കൂതിരമുള്ളുകൊണ്ടുണ്ടാക്കിയ ഒരു അരഞ്ഞാൺ അലോഷ്യസ് എപ്പോഴും ധരിച്ചിരുന്നു. ഇതുകൊണ്ടും അവൻ തൃപ്തനായില്ല. കൂടുതൽക്കൂടുതൽ സഹിക്കുന്നതിന് ദൈവസ്നേഹം അവനെ പ്രേരിപ്പിക്കുകയും ശക്തനാക്കുകയും ചെയ്തു. മരക്കഷണങ്ങളും കിടക്കയിൽ വിതറിയശേഷം അതിന്മേലാണ് നിദ്രചെയ്തിരുന്നത്.

കൊട്ടാരത്തിലെ ഭൃത്യജനങ്ങളും അലോഷ്യസിന്റെ മുറിയിൽ ചെന്നിരുന്നപ്പോഴൊക്കെയും പ്രാർത്ഥനാനിരതനായിട്ടാണ് അവനെ അവർ കണ്ടിരുന്നത്. ദിവസാരംഭത്തിലും അവസാനത്തിലും കുറെ നേരം ധ്യാനത്തിനായി അവൻ വിനിയോഗിച്ചിരുന്നു. രാവിലത്തെ ധ്യാനത്തെ തുടർന്ന് പുലർകാലജപവും വി: കുർബ്ബാനയുമായിരുന്നു അവന്റെ ദിനചര്യയുടെ പ്രാരംഭം. രാത്രിമുഴുവനും അലോഷ്യസ് പ്രാർത്ഥനയിലും ജ്ഞാനവായനയിലും ചിലവഴിച്ചിരുന്നു. അലോഷ്യസിന്റെ മുറി രണ്ടാം നിലയിലും ഉല്ലാസമുറി, കാഴ്ചമുറി, മുതലായവ ഒന്നാംനിലയിലുമായിരുന്നു. ഒന്നാംനിലയിലെ മുറികളിൽ അവനെ വളരെ ചുരുക്കമായിട്ടു മാത്രമേ കണ്ടിരുന്നൊള്ളൂ. നിർദ്ദാക്ഷിണ്യവും നീതിബോധരഹിതരുമായ പലരുടെയും അവഹേളനങ്ങൾക്കു ഈ ഏകാന്തസ്നേഹി പാത്രീഭൂതനായി. എങ്കിലും മനസ്സാക്ഷിക്കനുസൃതമായ ഒരു പുണ്യജീവിതത്തെ അലോഷ്യസ് തുടർന്നുകൊണ്ടിരുന്നു. കൽസിതങ്ങൾക്കും അവഹാനങ്ങൾക്കും അവന്റെ മറുപടി മേഘസഹജമായ ശാന്തതയും സൗമ്യതയുമായിരുന്നു.

അലോഷ്യസ് ഉറങ്ങിയിരുന്ന രാത്രികാലം വളരെ കുറവായിരുന്നു. മിക്കരാത്രികളിലും അവൻ ദൈവവുമായി സല്ലപിച്ചിരുന്നു. കളിച്ചുകൊണ്ടു വിറച്ചിരുന്ന രാത്രികളിൽ ഗോൺസാഗാപ്രാസാദം നിദ്രയിലാണ്ടിരിക്കുന്ന അവസരത്തിൽ കരുണയുവാവ് കിടക്കയുടെ സമീപം വിറച്ചു കൂപ്പുകൈകളോടെ സ്വർഗ്ഗത്തിലേയ്ക്കു ദൃഷ്ടികാളം ഉയർത്തിക്കൊണ്ടു മുട്ടിന്മേൽ നില്ക്കുന്ന ആ രംഗം ആരെയാണു് ആശ്ചര്യഭരിതനാക്കാത്തതു്?

തലവേദന നമ്മുടെ കഥാനായകന്റെ നിത്യസുഹൃത്തായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്തിൽ കരുവിനാഴികപോലും താൻ ഈ രോഗത്തിൽനിന്നും പൂർണ്ണമായി വിമുക്തനായിരുന്നില്ല. അതു ചികിത്സയാൽ ഭേദപ്പെടുത്തുന്നതിനു് പകരം വർദ്ധിപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. "ഇതു് എനിക്കു് കർത്താവിന്റെ പീഡാനുഭവത്തെപ്പറ്റി ചിന്തിയ്ക്കുവാൻ സഹായകമാണു്. അതിനാൽ ഇതിൽനിന്നു വിമുക്തനാകുന്നതിനു് എനിക്കു് ഇഷ്ടമില്ല." എന്നത്രേ അദ്ദേഹം പറഞ്ഞിരുന്നതു്. സഹിയ്ക്കുവയ്യാത്ത തലവേദന ഉള്ളപ്പോഴും അല്പം നേരത്തേ ഉറങ്ങുവാൻ പോകുന്നതിനു് അലോഷ്യസ് നിർബ്ബന്ധിതനായി. അപ്രകാരം കരിയ്ക്കൽ കിടക്കയിൽകിടക്കുമ്പോഴാണു് ദിനചര്യകളിൽ ഒന്നായ 'സങ്കീർത്തനം' എന്ന പരിപാടി നിർവ്വഹിക്കുവാൻ വിസ്മരിച്ചകാര്യം സ്മൃതിപഥത്തിൽ വന്നതു്. ഉടൻതന്നെ എഴുന്നേറ്റു് ഒരു മെഴുകുതിരി കത്തിച്ചുവച്ചുകൊണ്ടു് സങ്കീർത്തനങ്ങൾ പാടുവാൻ തുടങ്ങി. നിദ്രയാൽ ആക്രമിക്കപ്പെട്ടോ, ഭക്തിയിൽ ലയിച്ചോ അദ്ദേഹം വളരെ നേരത്തേയ്ക്കു് കണ്ണുമടച്ചുകൊണ്ടു് ഇരുന്നുപോയി. മെഴുകു് ഉരുകിത്തീർന്നപ്പോൾ അഗ്നി അലോഷ്യസിന്റെ കിടക്കയെ ആക്രമിച്ചു. എന്നിട്ടും അദ്ദേഹം ഇക്കാര്യം അറിഞ്ഞില്ല. തനിക്കു് അനുഭവപ്പെട്ട അല്പമൂർദ്ധ തലവേദനയും പനിയും നിമിത്തമാ

യിരിക്കുമെന്നതേ അദ്ദേഹം ധരിച്ചതു്. അല്പസമയത്തി നുള്ളിൽ സംഗതിയുടെ യാഥാർത്ഥ്യം ഗ്രഹിച്ച വിശ്രുതൻ സഹായത്തിനായി എല്ലാവരെയും വിളിച്ചു. ഭൃത്യജനങ്ങളും മറ്റു കുടുംബാംഗങ്ങളും കൂടിക്കൂടി ഹേിച്ചുകൊണ്ടിരുന്ന കട്ടിൽ വതായനത്തിൽക്കൂടി പുറത്തേയ്ക്കെറിഞ്ഞു. അപ്രകാരം ഗോൺസാഗാപ്രാസാദം അഗ്നിക്കിരയാകാതെ രക്ഷപെട്ടു. അലോഷ്യസിന്റെ അമിതഭക്തിയെ— അവർ പറഞ്ഞിരുന്നതപ്രകാരമാണു്— എല്ലാവരും ആ സംഭവത്താൽ വെറുത്തു എങ്കിലും ഹൃദയത്തിന്റെ നിഗൂഢരഹസ്യങ്ങൾപോലും അറിയുന്ന, ദൈവം അതിനെ വെറുത്തില്ല; ഭക്തന്റെ സദുദ്ദേശവും അതിന്റെ യോഗ്യതയും പ്രവർത്തനത്തിന്റെ ബാഹ്യപരാജയത്തിൽ നഷ്ടമാകുന്നില്ല.

തന്നെ കുറപ്പെടുത്തുന്നവരുടെ അധിക്ഷേപവ്യാപ്തി അലോഷ്യസ് നല്ലവണ്ണം അളന്നു വച്ചിട്ടുണ്ടായിരുന്നു മറ്റുള്ളവർ എന്തും പറയട്ടെ! ആകാശം വീണുകൊള്ളട്ടെ! തന്റെ ജീവിതത്തിൽ 'ദൈവത്തിനഹിത'മായൊന്നും ചെയ്തയില്ലെന്നു് കൃതപ്രതിജ്ഞനായ ഒരു ധീരയുവാവായിരുന്നു നമ്മുടെ ചരിത്രപുരുഷൻ. ക്രമാതീതമായ ആഡംബരവും, അവങ്കാരങ്ങളും ആഭിജാത്യപ്രശംസയും മറ്റും കേവലം മൂഢതയായിട്ടാണു് അദ്ദേഹം പരിഗണിച്ചിരുന്നതു്.

"ആഭിജാത്യത്തെ അടിസ്ഥാനപ്പെടുത്തി ഒരുവനു് എങ്ങിനെ അഹങ്കരിക്കുവാൻ കഴിയും? ധനവാനെ സൃഷ്ടിച്ചതുപോലെ ദരിദ്രനെ സൃഷ്ടിക്കുവാൻ ഉപയോഗിച്ചതിൽ നിന്നു് വ്യത്യസ്തമോ?" ഇതായിരുന്നു അലോഷ്യസിന്റെ ചോദ്യം. ആരെങ്കിലും സന്യാസസഭയിൽ പ്രവേശിച്ചു എന്നു കേട്ടാലുടൻ അലോഷ്യസിന്റെ മുഖം സോമബിംബത്തെപ്പോലെ ആയിത്തീർന്നിരുന്നു എന്നു് അദ്ദേഹത്തിന്റെ ചരിത്രകാരൻ പറയുന്നു.

"അമ്മേ, എന്തുകൊണ്ടാണ് എല്ലാവരും സന്ന്യാസികളാകാത്തത്?" ആ നിഷ്കളങ്കഹൃദയം തന്റെ മാതാവിനോട് ചോദിക്കും. ആ സാധുമാതാവ്, ഡോണാമത്താ എന്തു പറയട്ടെ!

ദൈവത്തോടുള്ള ആന്തരീകമായ യോജിപ്പായിരുന്നു അലോഷ്യസിന്റെ പുണ്യാഭ്യാസങ്ങളുടെയെല്ലാം ലക്ഷ്യം. ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ അവൻ കുരിശുരൂപത്തിന്റെ ഛായാപടം കാണുന്നതിനിടയായാൽ, പൂവിന്മേൽ മധുവുണ്ടുകൊണ്ടിരിയ്ക്കുന്ന മട്ടുംഗികളെപ്പോലെ, ആനന്ദാവേശത്താൽ നിശ്ചലനായി, കുറെനേരത്തേയ്ക്ക് അവിടെത്തന്നെ ധ്യാനപാരവശ്യത്തിലാണ്ടുപോകുമായിരുന്നു. പ: കന്യകയുടെ നാമശ്രവണമാത്രയിൽ അവൻ സന്തോഷത്താൽ കുതിച്ചു ചാടിയിരുന്നു. "ദൈവത്തെ അവിടുന്ന് അർഹിക്കുന്ന വിധത്തിൽ എനിയ്ക്കു സ്നേഹിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ!! ദൈവത്തിന്റെ നാമശ്രവണമാത്രയിൽ ഒരു മനുഷ്യകീടം ഇപ്രകാരം ആനന്ദഭരിതനായി തീരുന്നുവെങ്കിൽ സ്വർഗ്ഗത്തിലെ ആനന്ദം എത്രമാത്രമായിരിക്കും" ഇപ്രകാരമായിരുന്നു അലോഷ്യസ് തന്നോടുതന്നെ ദൈവത്തെപ്പറ്റി സംഭാഷിച്ചിരുന്നത്. പതിനാറാം നൂറ്റാണ്ടിലെ ഒരു പ്രഭുകുമാരന്റെ ജീവിതസരണി ഇപ്രകാരമായിരുന്നു മുൻപോട്ട് ത്വരിതഗമനം ചെയ്തുകൊണ്ടിരുന്നത്. താൻ ഒരു വാക്കു പറയുകയാണെങ്കിൽ എത്രമാത്രം സുഖഭോഗസൗകര്യങ്ങളും തനിക്കു ലഭിക്കുമായിരുന്നു; എത്രമാത്രം പരിചാരകന്മാർ ശുശ്രൂഷക്ക് സമയം പാർത്തു നില്ക്കും — സമ്പത്തിന്റെ മദ്ധ്യത്തിൽ ദരിദ്രനായി ജീവിക്കുന്നതെങ്ങിനെയെന്നുള്ളതിനു് ഉത്തമ ഉദാഹരണമാണ് ഈ യുവാവ്. മാർകിസിന്റെ മനോഹരമായ മന്ദിരത്തിലുള്ള ഏറ്റവും താഴ്ന്ന ഉദ്യോഗസ്ഥന്മാർപോലും ഇങ്ങനെയുള്ള ദാരിദ്ര്യത്തിലല്ല കഴിഞ്ഞിരുന്നത്.

ചമ്മട്ടിയടികളാൽ ഖിണപങ്കിലമായ വസ്ത്രങ്ങളെ പരിചാരകന്മാർ ഡോണാമത്തായെ കാണിക്കുന്ന ആ രംഗവും ഗോൺസാഗാപ്രാസാദത്തിൽ അഭിനയിപ്പിച്ചു. അലോഷ്യസിന്റെ നിശാവേളയിലെ പ്രാർത്ഥനാസ്ഥലവും മദ്ധ്യസ്ഥലവുമെല്ലാം മാർകചിസിന്റെ ദൃഷ്ടിയിലുംപെട്ടു. അദ്ദേഹത്തിനുണ്ടായ ഭാവഭേദങ്ങൾ മാന്യവായനക്കാർ ഊഹിക്കുകയാണുത്തമം.

നവീകരണക്കാരായ ലൂഥർ, കാൽവിൻ, സ്വിംഗ്ലി, ഹെൻറി, എലിസബത്ത് ആദിയായവരുടെ വിക്രിയകളാലും ബർത്തലോമിയോ, മേരിറ്റ്യൂഡർ, മുതലായവരുടെ വധത്താലും 16-ാം ശതകം അവിസ്മരണീയമാണ്. ദൈവകോപം ലോകത്തിന്റെമേൽ പതിക്കാതിരിക്കുന്നതിനുവേണ്ടിയും അലോഷ്യസ് പരിഹാരപ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നു. ലോകത്തിന്റെ തന്നിരം അറിയുന്ന ദൈവദാസന്മാരല്ലാതെ മറ്റാരാണ് ഇതിന് പരിഹാരം ചെയ്യേണ്ടത് എന്നുള്ള ചിന്തയാണ് നമ്മുടെ കഥാപുരുഷനെ പുണ്യാഭ്യസനത്തിൽ പ്രേരിപ്പിച്ചിട്ടുള്ളത്. കേവലം യൗവനദശയിലേയ്ക്ക് മാത്രം കാലുകുത്തുന്ന ഒരു യുവാവ്, അതിഭാസുരമായ ഒരു ഭാവിയെ കാംക്ഷിക്കാവുന്ന പ്രഭുകുലജാതൻ, മാർകചിസിന്റെയും മത്തായുടെയും കടിഞ്ഞൂൽ പുത്രൻ, കണ്ണിലുണ്ണി, എന്നിങ്ങനെയുള്ള നിലകളിൽ അലോഷ്യസ്, ഇഹലോകജീവിതത്തിൽ യാതൊരുൽസുക്യവും പ്രദർശിപ്പിക്കാതെ സന്ന്യസിക്കുവാൻ മുതിർന്നത് പലർക്കും വിസ്മയാവഹമായി തോന്നിയേക്കാം. എന്നാൽ വിശുദ്ധന്മാരുടെയും ലോകത്തിന്റെയും വീക്ഷണകോണങ്ങളിലുള്ള അജഗജാന്തരം അവർ എന്തുകൊണ്ട് വിസ്മരിക്കുന്നു? മരണമെന്ന് കേൾക്കുമ്പോൾ ദേഹം തളർന്ന് ആസകലം വിറക്കുന്നവരാണ് ലോകജീവിതക്കാർ. നിർഭയം മരണത്തിനൊരുങ്ങുന്ന വീരപുരു

ഷന്മാർ, ലോകത്തിന്റെ പരാജയത്വം ഗ്രഹിച്ചവർ എന്നിങ്ങനെയുള്ള ലക്ഷണങ്ങൾ തികഞ്ഞ വീരശൂരന്മാരെ സാധാരണക്കാരായ ലോകരോട് തുലനംചെയ്യുക തികച്ചും അസാദ്ധ്യമാണ്. ഈശോസഭോപ്രവേശനത്തിന് ധൃതികൂട്ടുന്ന ഈ സമയം, സ്വപിതാവ് അതിനെ തടയുന്നതിനുള്ള ഘോരസമയം, കഥാനായകന്റെ അതികഠിനമായ ഒരു പരീക്ഷണഘട്ടമായിരുന്നു. എങ്കിലും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന പ്രത്യാശയും പ്രസാദവും ഈ കൊടുംകാറ്റിൽനിന്ന് രക്ഷനേടുന്നതിന് സഹായമായിത്തീർന്നു. സൂക്ഷ്മഗ്രാഹിയും വിവേകശീലനുമായ ഒരു യുവാവ് സ്വാർത്ഥിന്റെയോ, സ്വാഭിഷ്ടത്തിന്റെയോ കണികപോലുമേശാത്ത തന്റെ നിഷ്കളങ്ക ഹൃദയത്തെ സൃഷ്ടികർത്താവിനു നൽകുവാൻ പോകുന്നു. അന്നത്തെ സൂര്യൻ അന്ധകാരത്തിൽ മറഞ്ഞു. സോമന്റെ ശീതള കിരണങ്ങൾ സർവ്വത്ര വ്യാപിച്ചിരിക്കുന്ന അന്ധകാരത്തെ തെല്ല് കുറക്കുന്നുണ്ട്. അടുത്ത് അഭിനയിക്കപ്പെടുവാൻ പോകുന്ന ശോകരസാത്മകമായ നാടകത്തെ പ്രതീക്ഷിച്ച് ജീവജാലങ്ങളും പ്രകൃതിതന്നെയും മൗനം അവലംബിച്ചിരിയ്ക്കുന്നു.

ഏഴാം അദ്ധ്യായം.

പ്രതീക്ഷ.

"മകനെ, അലോഷി, നീ എന്താണ് പറയുന്നത്? നീ പറയുന്നതിന്റെ അർത്ഥമെന്ത് എന്ന് ഒന്നു ചിന്തിച്ചു നോക്കുക. ഞങ്ങളുടെ ഏക ആശ്വാസമായ നീ ഞങ്ങളെ ഉപേക്ഷിച്ച് ഈശോസഭയിൽ ചേർന്നാൽ എനിക്കും നിന്റെ പ്രിയ അമ്മയ്ക്കും ഇനി ആരാണുള്ളത്? എന്റെ പുത്രന്മാരിൽവച്ച് കാര്യശേഷിയുള്ളവനും മാർകിസെയിററിന്റെ യശസ്സിനെ പുലർത്തിക്കൊണ്ടു പോകുവാൻ ത്രാ

ണിയുള്ളവനും നീ മാത്രമാണ്. റുഡോൾഫ്! അവന്റെ ബാലചാപല്യങ്ങൾ ഇതുവരെയും മാറിയിട്ടില്ല. ഇതെല്ലാം അവനെ ഏൽപ്പിക്കുകയാണെങ്കിൽ കരങ്ങിന്റെ കയ്യിൽ കിട്ടിയ പൂമാലപോലെയാകുമെന്നുള്ളതിനു സംശയമില്ല. അതിനാൽ പ്രിയ അലോഷി, മകനേ, നീ ഞങ്ങളെ വിരഹദുഃഖം അനുഭവിപ്പിക്കരുതു്. നാലാം പ്രമാണമെന്താണു്? അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമല്ലയോ?". സപുത്രനെ മാടാടണച്ചു്, വിങ്ങിവിങ്ങികരഞ്ഞുകൊണ്ടു് ഫെർഡിനാന്റു്പ്രഭു, മാർകപിസെയിറിറിന്റെ ഭരണാധികാരി, സ്പെയിനിലെ സേനാനായകൻ അഭിപ്രായപ്പെടുന്നു.

"പ്രിയ പിതാവേ, നിങ്ങളെ വിട്ടുപിരിയുന്നതിൽ എനിക്കുള്ള ഖേദം അപാരമാണു്. എങ്കിലും അതുകൊണ്ടു മാത്രം ദൈവേഷ്ടത്തിനു് വിരുദ്ധമായി പ്രവൃത്തിക്കുവാൻ എന്റെ മനസ്സാക്ഷി എന്നെ അനുവദിക്കുന്നില്ല. മാതാപിതാക്കന്മാരെ അനുസരിക്കുവാനും ബഹുമാനിക്കുവാനും നാലാം പ്രമാണം കല്പിക്കുന്നുവെങ്കിലും ദൈവത്തെക്കാൾ കൂടുതലായി അനുസരിക്കുവാനും ബഹുമാനിക്കുവാനും കല്പിക്കുന്നില്ല. മാത്രമല്ല അപ്രകാരം ചെയ്യുന്നതു് പാപകരവുമാണു്. ഇതു് എന്റെ ഹിതമല്ല, പ്രത്യുത ദൈവേഹിതമാണു്. അതു നിറവേറുവാൻ പ്രിയപിതാവെ എന്നെ അനുവദിക്കുക അതു് അവിടത്തെ കർത്തവ്യമാണു്. മാർകപിസെയിറിറിന്മേൽ എനിക്കുള്ള അവകാശങ്ങളെല്ലാം ഞാനിതാ റുഡോൾഫിനായി വിട്ടു കൊടുക്കുന്നു. എനിക്കു് യാതൊന്നും വേണ്ടാ. ഈശോസഭാപ്രവേശനത്തിനായുള്ള അനുവാദം മാത്രം മതി. റുഡോൾഫിനു് വേണ്ടശേഷിയും കരുത്തും ദൈവം നൽകട്ടെ! പിതാവെ, എന്നെ അനുഗ്രഹിക്കുക. അനുവദിക്കുക. ഞാൻ പോകട്ടെ,,. അലോഷ്യസ് സൗമ്യമായി പറഞ്ഞു.

"ഹാ! ഹൃയഭേദ്യമായ ഈ വാക്കുകൾ നീ ഉച്ചരി

ക്കാതിരിക്കുക. ഇതു നിന്റെ പിതാവിനെ എത്രമാത്രം വേദനിപ്പിക്കുന്നുവെന്നു് നീ അറിയുന്നുവോ?".

"അപ്പച്ചാ, അവിടുന്നു് എന്നെ വിലക്കുന്ന വാക്കുകൾ ഈശോയ്ക്കു് അതിലും പ്രിയപ്പെട്ടതാണു്"

"അലോഷ്യസെ, നീ വെറും ഒരു ബാലൻ മാത്രമാണല്ലൊ. നീ സന്ന്യാസസഭാപ്രവേശനത്തിനു് ഇത്ര തിടുക്കപ്പെടുന്നതെന്തിനു്? അതു് എത്ര് എന്നും എത്രമാത്രം ത്യാഗങ്ങൾ അവിടെ സഹിക്കേണ്ടിവരുമെന്നും നിനക്കറിഞ്ഞുകൂടാ".

"എനിക്കു നല്ലതുപോലെ അറിയാം. അതിനായിട്ടത്രേ അവിടേയ്ക്കു് ഞാൻ പോകുന്നതു്".

"എന്തിനു്? ത്യാഗങ്ങൾ സഹിക്കുന്നതിനോ? എന്നാൽ ഞാൻ ഒരു നാളും അനുവദിക്കുകയില്ല".

ആ ശ്രമവും വിഫലമായി. അലോഷ്യസ് തന്റെ ശരീരത്തെ കഠിനതരമായ പ്രായശ്ചിത്തത്താൽ പീഡിപ്പിച്ചു തുടങ്ങി. അതിന്റെ ഫലമായി ശോഷിച്ചു് എല്ലും തൊലിയുമായി അവൻ രൂപാന്തരപ്പെട്ടു.

"ഇനി എന്തിനാണു് ഇവനെ ഇവിടെ താമസിപ്പിക്കുന്നതു്? കുറച്ചു ദിവസങ്ങൾക്കുള്ളിൽ അവൻ ഇവിടെ കഴിച്ചുകൂട്ടുകയാണെങ്കിൽ അവൻ നമുക്കു് എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടും. എഴുന്നേറ്റു നില്ക്കുവാനെങ്കിൽ ഞാനോ മറ്റാരെങ്കിലുമോ താങ്ങണം. എന്നാൽ അവനെ അവന്റെ ഇഷ്ടപ്രകാരം ഈശോസഭയ്ക്കു വിടുകയാണെങ്കിൽ അവിടെയുള്ളവരെ ഭയപ്പെടുത്തുകയെങ്കിലും ഈ പ്രായശ്ചിത്തങ്ങളെല്ലാം ഉപേക്ഷിക്കും. അങ്ങനെ കുറച്ചു ദിവസത്തേയ്ക്കുകൂടിയെങ്കിലും അവനെ നമുക്കു് കാണാം" ഒരു ദിവസം ഡോണാ മത്താ മാർകീസിനെ അറിയിച്ചു.

ധർമ്മസങ്കടത്തിലായ മാർകീസ് പുത്രനെ വിളിച്ചു ചതുർവിധോപായങ്ങളെല്ലാം പ്രയോഗിച്ചു. അലോഷ്യസ് തന്റെ പ്രായശ്ചിത്തപ്രവൃത്തികളെല്ലാം ഉപേക്ഷി

ക്കുകയാണെങ്കിൽ സന്ന്യാസസഭാപ്രവേശനത്തിന് അനുവാദം നൽകാമെന്ന് വാക്കുകൊടുത്തു. സ്ത്രീകളുമായി സംസാരിക്കുകയോ, ഇടപെടുകയോ, അവരെ കാണുകയോ ചെയ്യാതിരിക്കുന്നതിനുള്ള സൗകര്യം ഫെർഡിനാൻഡ് നൽകുകയാണെങ്കിൽ അലോഷ്യസ് പിതാവിനെ സകല കാര്യങ്ങളിലും അക്ഷരശ്ശ അനുസരിക്കാമെന്ന് വാഗ്ദാനം ചെയ്തു. ഇരുകക്ഷികളും കരാർ പരമാർത്ഥമായി പാലിച്ചു. അലോഷ്യസ് പ്രായശ്ചിത്തപ്രവൃത്തികളെല്ലാം തല്ക്കാലത്തേയ്ക്ക് ലഘൂകരിച്ചു. അങ്ങനെ പല ദിനരാത്രങ്ങളും കഴിഞ്ഞു. അലോഷ്യസ് പിതാവിന്റെ അനുവാദം പാത്തിരിക്കുകയാണ്. അദ്ദേഹം ഇക്കാര്യം വിസ്മരിച്ചുപോയിരിക്കുമെന്നു കരുതി അലോഷ്യസ് തന്റെ വാഗ്ദാനത്തെ പിതാവിനെ കാമ്മപ്പെടുത്തി. ഇങ്ങനെയൊരു വാഗ്ദാനം താൻ അലോഷ്യസിനോടു ചെയ്തതായി കാമ്മിക്കുന്നില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. എങ്കിലും, സന്ന്യാസസഭയുടെ നിയമങ്ങളെല്ലാം അനുസരിക്കുവാനുള്ള പ്രാപ്തി അലോഷ്യസിനുണ്ടാകുമ്പോൾ, അതായതു തന്റെ ഇരുപത്തഞ്ചാമത്തെ വയസ്സിൽ ഈശോസഭക്കയക്കാമെന്ന് മാർകിസ് ഇത്തവണ കരാർ ചെയ്തു. "അപ്രകാരം നീ ഞങ്ങളെ ഉപേക്ഷിച്ചുപോകുകയാണെങ്കിൽ എന്റെ പുത്രൻ എന്നു നിന്നെ ഞാൻ വിളിക്കുകയോ, എന്റെ പുത്രന്മാരിലൊരുവനായി നിന്നെ ഞാൻ എണ്ണുകയോ ചെയ്യുകയില്ല". ഇതായിരുന്നു കരാറിന്റെ വ്യവസ്ഥ. അലോഷ്യസ് നിരാലംബനായി. എങ്കിലും അവൻ നിരാശപ്പെടുകയോ ധൈര്യം വെടിയുകയോ ചെയ്തില്ല.

എട്ടാം അദ്ധ്യായം.

വിജയലബ്ധി.

അവസാനമായി ഒരു പരീക്ഷണംകൂടി നടത്തുവാൻ തന്നെ അലോഷ്യസ് തീരുമാനിച്ചു. ഒരു ദിവസം അ

വൻ നാലഞ്ചു മണിക്കൂറുകാം പ്രാർത്ഥനയിൽ ചിലവഴിച്ച ശേഷം പരിശുദ്ധാത്മാവിനാൽ പ്രേരിതനായി ഒരു നവീന ആശയവുമായി പിതാവിന്റെ മുറിയിൽ പ്രവേശിച്ചു.

"പിതാവേ, ഞാൻ നിശ്ചയമായും അവിടുത്തെ ആജ്ഞയിൻ കീഴാണ്. പിതാവിനു് എന്നെ എന്തും ചെയ്യുവാൻ കഴിയും, എന്നാൽ ഒരു കാര്യം മറക്കരുതു്; എന്നെ ഈശോസഭയിലേക്കു് ക്ഷണിക്കുന്നതു് ഈശോയാണു്. എന്റെ ദൈവവിളിയെ തടയുന്നതു് ദൈവഹിതത്തെ തടയുകയാണു്" എന്നു ശാന്തമായിപറഞ്ഞശേഷം പിതാവിന്റെ മറുപടിക്കു കാത്തുനിൽക്കാതെ തൽക്ഷണം അവിടെനിന്നും വിരമിച്ചു. ഈ വാക്കുകാം മാർകിസിന്റെ ഹൃദയത്തിൽ കൂരമ്പുകാംപോലെ തറച്ചു. അദ്ദേഹം ഹൃദയവ്യഥ അടക്കുവാൻ വയ്യാതെ വളരെ നേരം വിലപിച്ചു. മാർകിസിന്റെ വിലാപത്തിനു് വനരോദനത്തിനു് ഗോൺസാഗാപ്രാസാദം സാക്ഷിനിന്നു. അദ്ദേഹം അലോഷ്യസിനെ വിളിച്ചുപറഞ്ഞു: "അലോഷ്യസെ, നി എന്റെ ഹൃദയത്തെ വല്ലാതെ മുറിപ്പെടുത്തിയിരിക്കുന്നു. നിന്റെ ജനനദിനാഴിക മുതൽ ഈ നിമിഷം വരെ നീന്നെ ഞാൻ നിഷ്കപടമായി സ്നേഹിച്ചു ഇപ്പോഴും അതുപോലെ സ്നേഹിക്കുന്നു. ഭാവിയിൽ അധികമധികമായി സ്നേഹിക്കുവാൻ ആഗ്രഹിക്കുന്നു നിന്റെ ആഗ്രഹത്തിനെതിരായി എനിക്കു് യാതൊരാഗ്രഹവുമില്ല. 'നിന്റെ ഇഷ്ടംപോലെ' നീ ആഗ്രഹിക്കുന്നിടത്തു നീ പൊയ്ക്കൊള്ളുക ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. ഇതുയും പറഞ്ഞു രോഷം മാർകിസ് അല്പനേരത്തേക്കെങ്കിലും നിലത്തുപതിച്ചു. പിതാവിന്റെ ഹൃദയവ്യഥയിൽ അലോഷ്യസ് സഹതപിച്ചു; അനുവാദം ലഭിച്ചതിൽ ദൈവത്തിനു് നന്ദി പറഞ്ഞു.

ആകാംക്ഷാപൂർവ്വം പ്രതീക്ഷിച്ചിരുന്ന ആ ശുഭാവസരവും ആഗതമായി.

ഉടൻ തന്നെ ജന്മദേശത്തോട്ട് യാത്രപറയുന്നതിനു് സാഹചര്യങ്ങളും അനുകൂലമായിരുന്നില്ല. 'ഡ്യൂക്ക് ചാറ ത്സ് എമ്മാനുവേൽ സാവോയി' സ്പെയിനിലെ ഫിലിപ്പ് രണ്ടാമന്റെ ഇളയ പുത്രിയായ കാതറിൻ എന്ന രാജകുമാരിയെ വിവാഹം കഴിച്ച് ട്യൂറിനിലുള്ള അരമന യിലേക്ക് മടങ്ങി വരുന്ന ദിവസം ഓഗസ്റ്റ് 15-ാം തീയ തിയായിരുന്നു. ഈ മഹോത്സവത്തിൽ പങ്കെടുക്കുന്നതി നായി ഡോണാ മത്താ ട്യൂറിനിലേക്ക് പോയിരുന്നതി നാൽ അലോഷ്യസിന്റെ യാത്ര കുറച്ചുദിവസത്തേയ്ക്കു് നീട്ടിപ്പിക്കേണ്ടതായി വന്നുകൂടി.

ആ സുപ്രഭാതത്തിൽ അരുണ കിരണങ്ങളും മാന്തു വായിലെ അംബരചുംബികളായ ഗോപുരങ്ങളെ തങ്ക ച്ചാറിൽ ആറാടിച്ചുതുടങ്ങി. നഗരവാതിലുകളെല്ലാം തുറക്കപ്പെട്ടു. ഗോൺസാഗാപ്രാസാദത്തിൽനിന്നും കരു കതിരവണ്ടി മന്ദമന്ദം നീങ്ങിത്തുടങ്ങി. അന്തരീക്ഷം ഭയ നീയമായ കരു വിലാപസ്വരത്താൽ മുഖരിതമാകുന്നു. തന്റെ അരുമസന്താനത്തെ വഹിച്ചുകൊണ്ടുപോകുന്ന വണ്ടിയെ ഡോണാമത്താ കണ്ണിമയ്ക്കാതെ നോക്കികൊ ണ്ടിരിക്കുന്നു. അവളുടെ ഹൃദയവ്യഥ ഏതു തൂലികയാൽ വർണ്ണിക്കുവാൻ കഴിയും? അവിടെ ഹൃദയം പൊട്ടി ഏങ്ങി യേങ്ങികരയുന്നു. ഇതാരു ശ്രവിയ്ക്കുന്നു? ഇതുവല്ലതുമുണ്ടോ ദൈനിശ്ചയത്തിനു് മാറ്റം വരുത്തുവാൻ പോകുന്നു? വണ്ടി രാജപാഥയിൽകൂടി സഞ്ചരിയ്ക്കുന്നു. വഴിയുടെ ഇരു വശങ്ങളിലുമുള്ള കെട്ടിടങ്ങളുടെ ജനാകാം ജനനിബി ഡമായിരിക്കുന്നു. ചിലർ അശ്രുധാരകളോടും മറു ചിലർ മന്ദസ്മിതത്തോടുംകൂടി കരേരംഗത്തെ തന്നെ, അതേ അ ലോഷ്യസിന്റെ സന്ന്യാസസഭാപ്രവേശനത്തെ വീക്ഷി ക്കുന്നു. മാർക്വിസും കരു ജീവച്ഛവംപോലെ ആ വാഹന ത്തിൽ ആസനസ്ഥനായിരുന്നു.

ഈ ചെറുസംഘം മാന്തുവായിൽനിന്നും യാത്രതി

രിച്ചിട്ട് ദിവസങ്ങൾ പലതു കഴിഞ്ഞു. വഴിമദ്ധ്യേ പല സ്ഥലങ്ങളിലും അവർ ചാർച്ചക്കാരെയും മറ്റും സന്ദർശിക്കുന്നതിനായി വളരെ ദിവസങ്ങൾ ചിലവഴിച്ചു. ആന്തരികവിശുദ്ധി പ്രതിബിംബിക്കുന്ന അലോഷ്യസിന്റെ നയനപ്രഭയും പൗത്രാസിന്റെ മോലയോപരിഭാഗം ദൂരത്തുനിന്നുതന്നെ ദർശിച്ച് ആനന്ദകമ്പിതഗാത്രനാകുന്നു. എല്ലാറ്റിലും മൈസാന്നിദ്ധ്യത്തെ ദർശിച്ചിരുന്ന വനായ ഈ സാത്വികൻ തന്റെ യാത്രാമദ്ധ്യേ കണ്ട കാഴ്ചകളാൽ ആനന്ദാബ്ധിയിൽ ആറാടിപ്പോയി. മിന്നിത്തിളങ്ങുന്നതും ഹിമാവൃതവുമായ പർവ്വതപംക്തികൾ സ്വർഗ്ഗത്തിലേക്കുള്ള സോപാനങ്ങളായി അവൻ കരുതി. അവസാനമായി, അലോഷ്യസ് ഇതാ തന്റെ ചിരപ്രതീക്ഷിതമായ സ്ഥലത്തെത്തി; ഇശോസഭാഭിത്തികൾക്കുള്ളിലായി. ലോകത്തിലുള്ള മഹാനഗരങ്ങളെക്കാൾ മനുഷ്യഹൃദയത്തെ ആകർഷിക്കുവാനുള്ള ശക്തി റോമാനഗരത്തിനുണ്ടെന്നുള്ളതു് വെറും വാസ്തവം മാത്രമാണ്. സുകുമാരകലകളുടെ ഉത്തമമാതൃകകളായ സ്മാരകങ്ങൾ, പുരാതനപ്രതാപത്തെ കുറിക്കുന്ന ജീർണ്ണാവശിഷ്ടങ്ങൾ, രമ്യഹർമ്മ്യങ്ങൾ, കോട്ടകൊത്തളങ്ങൾ, ഇവയെല്ലാവരെയും വെല്ലുമാറ് പൗത്രാസിന്റെ. പിൻഗാമിയായ പോപ്പുരാജന്റെ സാന്നിദ്ധ്യം ആ മഹാനഗരിയുടെ നിസ്തുലമായ മഹിമയെ ശതഗുണീഭവിപ്പിക്കുന്നു. പതിനേഴുവയസ്സുപ്രായമുള്ള അലോഷ്യസിനെ ഈശോസഭ തന്റെ യൗവനാവസ്ഥയിലാണ് ആലിംഗനം ചെയ്തതു്.

നൊവീഷ്യേറ്റ് പ്രവേശനത്തോടെ അലോഷ്യസിന്റെ ജീവിതനാടകത്തിന്റെ രണ്ടാം അങ്കം അരങ്ങേറുകയായി. ഏറെത്താമസിയാതെതന്നെ അദ്ദേഹം 'സാന്താ ആഡ്രിയാ' എന്ന നവസന്ന്യാസമന്ദിരത്തിലേക്ക് സന്ന്യാസപരിശീലനത്തിനായി അയയ്ക്കപ്പെട്ടു. നിഷ്കപടത, പ്രസന്നത, പ്രാർത്ഥനാഭിരുചി, കർമ്മകുശല

ത, കത്തവ്യബോധം മുതലായി അദ്ദേഹത്തിൽ വിളങ്ങി യിരുന്ന വിശിഷ്ടഗുണങ്ങളും 'നൊവീസ് മാസ്റ്ററെ' ഹഠാ ഓകഷ്ടിക്കുകയും തപോരാ ചുരുങ്ങിയ കാലയളവിനുള്ളിൽ പരീക്ഷണഘട്ടം അവസാനിക്കുകയും ചെയ്തു. പരീക്ഷ യിൽ പരിപൂർണ്ണവിജയിയായ അലോഷ്യസ് ഗോൺസാ ഗാ വി: ഇഗ്നേഷ്യസിന്റെ സഭയിലെ ഒരംഗമായി പേ രെഴുതപ്പെട്ടു. നൊവീഷ്യെററിൽ പ്രവേശിച്ച് കഷ്ടിച്ച് രണ്ടുമാസം കഴിഞ്ഞപ്പോൾ അലോഷ്യസിന്റെ പിതാവു് മാർക്വിസ് ഫെർഡിനാൻഡ് ഗോൺസാഗാ നിര്യാത നായി.

സ്വപുത്രന്റെ ഈശോസഭാപ്രവേശനത്തോടെ മാർ ക്വിസിന്റെ ജീവിതരീതിയിലും സാരമായ വ്യത്യാസങ്ങളും സംഭവിച്ചു. അതിനുമുൻപും അദ്ദേഹം ഒരു കത്തോലി ക്കനായിരുന്നുവെങ്കിലും ക്ഷണഭംഗുരങ്ങളായ ലൗകികവി ഷയങ്ങളിലായിരുന്ന അദ്ദേഹത്തിന്റെ ആസക്തി. ആ സുഖങ്ങളുടെ ക്ഷണികതയെപ്പററി അയാൾക്കു് മിണ്ടയു ണ്ടായിരുന്നില്ല. ആ രമ്യഹർമ്മത്തിന്റെ ഒരു വാതിൽ ഒരുനാൾ തന്റെ സുഖാനുഭൂതിക്കു് വിഘാതമായിത്തീരു മെന്നു്, ആ മാഗ്ഗത്തിലൂടെ തന്റെ ശവമഞ്ചം വഹിക്ക പ്പെടുമെന്നു്, അദ്ദേഹം ഒരു പ്രാവശ്യമെങ്കിലും ചിന്തി ച്ചില്ല. എന്നാൽ ഇപ്പോഴാകട്ടെ, ആ മമത അദ്ദേഹ ത്തെ വിട്ടുമാറി. ഇതൊന്നും മരണത്തോടുകൂടി തന്നെ അനുഗമിക്കുകയില്ലെന്നുള്ള ബോധം അദ്ദേഹത്തിൽ കുടി കൊണ്ടു. ലോകത്തിന്റെ നശ്വരതയിന്മേൽ മാർക്വി സിനു് ഒരു വൈരാഗ്യമുളവായി. നിത്യസൗഭാഗ്യത്തെ പ്പററിയുള്ള വിചാരപരമ്പരകൾ അദ്ദേഹത്തിന്റെ ഹൃദ യത്തിന്റെ അന്തർഭാഗത്തിൽ കുതിച്ചു പായുവാൻ തുടങ്ങി. അങ്ങ നെ കേവലം ലോകമനുഷ്യനായിരുന്ന ഫെർഡിനാൻ ഡ് ഒരു ആദ്ധ്യാത്മികമനുഷ്യനായി പരിണമിച്ചു. അ ലോഷ്യസ് ഉപയോഗിച്ചിരുന്ന ഒരു കുരിശുരൂപം അദ്ദേ

ഹം മാറോടണച്ചുകൊണ്ട് തന്റെ കഴിഞ്ഞജീവിതകാല ത്തെപ്പാറി വിലപിച്ചു. 'കോർട്ടുചാപ്പലയിനാ'യിരുന്ന 'കത്തനേയോ' എന്ന വൈദികനോട് മാർകപിസ് ഒരു മുഴുവൻ കുമ്പസാരവും നടത്തി. ഇങ്ങനെയുള്ള കാലസ ന്ധിയിലാണ് മരണം 1586 ഫെബ്രുവരി 13-ാം തീയതി മാർകപിസിനെ ബന്ധനസ്ഥനാക്കിയത്.

മരണവൃത്താന്തം അലോഷ്യസിനെ ശോകാന്ധനാ ക്കിയില്ല. "ഇതു് ദൈവഹിതം" എന്നു പറഞ്ഞുകൊ ണ്ട് അതിനു് പൂർണ്ണമായി കീഴ്പ്പെടുകയാണ് ചെയ്തത്. അവൻ ഡോണാമത്തായ്ക്ക് ഇപ്രകാരം എഴുതുന്നു:

"ക്രിസ്തുവിൽ സ്നേഹിക്കപ്പെട്ട മാതാവെ,

ക്രിസ്തുവിന്റെ സമാധാനം നിങ്ങളോടുള്ളതെ. പ്രി യ പിതാവിന്റെ മരണവാർത്ത എനിയ്ക്ക് വളരെ ഹൃദയ വ്യഥ ഉളവാക്കിയിരിക്കുന്നു. എങ്കിലും ഇപ്പോഴും എനിക്കു സന്തോഷിക്കുവാൻ കാരണമുണ്ട്. എന്തെന്നാൽ ഇപ്പോ ഴാണ് പ്രിയ അമ്മേ, അദ്ദേഹം എന്റെ പിതാവായ തു്. ദൈവത്തിന്റെ അനന്ത കരുണയാൽ അദ്ദേഹം സ്വർഗ്ഗാനന്ദം അനുഭവിക്കുന്നുവെന്നു് നമുക്കു് വിശ്വസ ക്കാം. ദൈവതിരുമനസ്സിനു് പരിപൂർണ്ണമായി കീഴ്പ്പെ ടുക.

അവിടുത്തെ ആശീർവ്വാദം അപേക്ഷിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

എന്നു് ക്രിസ്തുവിൽ അവിടുത്തെ അനുസരണയു ള്ള പുത്രൻ അലോഷ്യസ് ഗോൺസാഗാ S J."

ഇതുകൊണ്ടൊന്നും ഡോണാമത്തായുടെ ഹൃദയവ്യ ഥയ്ക്ക് ശമനമുണ്ടായില്ല. അതിനാൽ 1586 ഏപ്രിൽ 10-ാംനു അലോഷ്യസ് താഴെ കാണുംവിധം തന്റെ മാതാവിനു് എഴുതി.

"പിതാവിന്റെ നിര്യാണത്തിൽ അവിടുത്തേയ്ക്കുള്ള ഖേദം അവസ്ഥാനമാണെന്നു് എനിക്കറിയാം. ഈയവ

സരത്തിൽ എന്നിൽനിന്ന് എന്തെങ്കിലും ആശ്വാസപ്ര
ദമായിലഭിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നുവെന്ന്
ഫാദർ 'മിനിസ്റ്ററി'ൽനിന്നും ഞാൻ അറിഞ്ഞു.

ഞാൻ കഴിഞ്ഞ കത്തിൽ പറഞ്ഞിരുന്നതുപോ
ലെ ഒരു ഭാഗ്യമരണത്താൽ പ്രിയ പിതാവിനെ വി
ളിച്ച ദൈവതിരുമനസ്സിനു കീഴ്പ്പെടുക. നാം എല്ലാ
വരും കാംക്ഷിക്കുന്ന നിത്യാനന്ദത്തിലേക്കാണ് അദ്ദേഹം
പോയിരിക്കുന്നത്. അതിനാൽ ദുഃഖിക്കുക എന്നതിനേ
ക്കാൾ സന്തോഷിക്കുക എന്നതാണ് അവസരോചിതം.
പ്രിയ മാതാവിനും നമ്മുടെ കുടുംബത്തിനും വേണ്ടി ദൈ
വസന്നിധിയിൽ മദ്ധ്യസ്ഥം പറയുവാൻ അദ്ദേഹം വി
സ്മരിക്കയില്ല. കൂടാതെ അവിടുത്തെ ആശ്വാസത്തി
നുവേണ്ടി ഭാവിയിൽ പ്രാർത്ഥിക്കുവാൻ ഞാൻ മൈമന
സ്യം പ്രകടിപ്പിക്കുകയുമില്ല. സിഞ്ഞോർ റുഡോൾ
ഫിന്റെ സാമർത്ഥ്യത്താൽ കാര്യങ്ങളെല്ലാം നടന്നു പോ
കുന്നുവെന്നറിയുന്നതിൽ അതീവകൃതാർത്ഥനായിരിക്കുന്നു...
.....അവനുവേണ്ട സകല അനുഗ്രഹങ്ങളും
ദൈവത്തിൽനിന്ന് യാചിച്ചുകൊണ്ട് അവസാനിപ്പി
ക്കുന്നു.

റോം. ഏപ്രിൽ 10_1586"

സ്വപിതാവിന്റെ മരണത്തിൽ ഇത്രമാത്രം ധീരത
പ്രകടിപ്പിച്ചതിൽ, മാതാവിനാൽ ആശ്വസിപ്പിക്കപ്പെടേ
ണ്ട കുരുവൻ മാതാവിനെ ആശ്വസിപ്പിച്ചതിൽ, ആക്കം
പ്രഥമവീക്ഷണത്തിൽ അതിശയം തോന്നിയേക്കാം. എ
ന്നാൽ ആന്തരിക പരിശുദ്ധത, ദൈവപരിലാളനയുടെ
വലംകയ്യ് അവനിൽ പ്രവർത്തിച്ചിരുന്നുവെന്നുള്ള വസ്തു
ത ഇവിടെ വിസ്മരിക്കാവുന്നതല്ല. അലോഷ്യസ് പ്രക
ടിപ്പിച്ച ധീരോദാത്തത അതി സ്വാഭാവികമായിട്ടുള്ളതാ
യിരുന്നു. പിതൃഭക്തിയിൽ അലോഷ്യസ് സഹപാഠി
കൾക്ക് സുസമ്മതനായിരുന്നു. എങ്കിലും ഈ അവസര

ത്തിലെ ധീരത അവരെ അതിശയിപ്പിച്ചു. ബാഹ്യമായി അവൻ സമാജ്ജിക്കുന്ന പ്രശസ്തി വിജയത്തെക്കാൾ വിശിഷ്ടമായ എന്തോ അവനിൽ നിക്ഷിപ്തമായിട്ടുണ്ടെന്നു് അവർക്കു ബോധ്യമായി. ചിലർ ഇതേപ്പറ്റി ചോദ്യം ചെയ്യാനും മടിച്ചില്ല. "പിതൃവിരഹത്തിൽ എനിക്കു് ദുഃഖമില്ലായ്കയില്ല; ദൈവചിന്തയോടുള്ള യോജിപ്പാണു് എന്നെ സന്തോഷപ്രദനാക്കുന്നതു്" ഇരായിരുന്ന അവർക്കു ലഭിച്ച മറുപടി. തന്റെ സഭാപ്രവേശനാനന്തരം പിതാവിനു് മൃത്യു നേരിട്ടതിൽ അലോഷ്യസ് ദൈവത്തിനു് ഹൃദയപൂർവ്വം സ്തോത്രംചെയ്തു. ഈ മൃത്യു അതിനു മുൻപായിരുന്നുവെങ്കിൽ ഈ ഭീരുത്വത്തെ സഭാ മാതാവിനു് നഷ്ടപ്പെട്ടുപോകുമായിരുന്നു എന്നു് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ലോകത്തിൽ ആരും വിശുദ്ധന്മാരായി ജനിക്കുന്നില്ല. എന്നാൽ പലരും വിശുദ്ധന്മാരായി മരിക്കുന്നു. ഇതിന്റെ രഹസ്യം ജീവിതകാലത്തിലെ പ്രയത്നത്തിൽ ഗൂഢമായി കുടിഞ്ഞിരിക്കുന്നു.

ഒൻപതാം അദ്ധ്യായം.

പ്രാർത്ഥനയുടെ പ്രേഷിതൻ.

"കലപ്പയിൽ കൈവച്ചിട്ടു് പിറകോട്ടു നോക്കുന്നവൻ സ്വർഗ്ഗരാജ്യത്തിനവകാശിയല്ല" (Matt. X 37). അതുപോലെ തന്നെ സന്ന്യാസ സഭാപ്രവേശാനന്തരം ലോകസുഖങ്ങളിലേയ്ക്കു പിന്തിരിഞ്ഞു നോക്കുന്നവരുടെ കാര്യവും. ഈ തത്വത്തെ നമ്മുടെ യുവസന്ന്യാസി വേണ്ടവണ്ണം ഗ്രഹിച്ചു് തദനുസരണം സ്വജീവിതം ക്രമപ്പെടുത്തിയിരുന്നു. ഒരു സന്ന്യാസിയുടെ മുഖ്യതൊഴിൽ ദൈവഹിതം നിറവേറുകയാണു്. ഒരു അമ്മായൻ കുടുംബത്തോടു് ബന്ധപ്പെട്ടിരിക്കുന്നതുപോലെ ഒരു സന്ന്യാസി ബന്ധിക്കപ്പെടുന്നില്ല. അയാൾ അതിൽനിന്നും വിമുക്ത

നാണ്. അവർക്ക് മാതാപിതാക്കളുമായും ലോകസംബന്ധമായും ഉള്ള ഇടപാടുകളൊന്നുമില്ല. നിത്യപറഞ്ഞൊപ്പിന്റെ ആ വിനാഴികമുതൽ മാതാവും പിതാവും സർവ്വസ്വവും ദൈവംതന്നെ. ഇപ്രകാരമായാൽ അവരെയും അവരുടെ കുടുംബത്തെയും ദൈവം സഹായിക്കുമെന്നുള്ളതിന് മാർകിസിന്റെ മരണം ഉത്തമോദാഹരണമാണ്. അദ്ദേഹത്തെ ദൈവം എപ്രകാരം അനുഗ്രഹിക്കുന്നുവെന്നു നോക്കുക! എന്തിന്? യുദ്ധത്തിൽ വിജയിയായതിനോ? ധനവാനായതുകൊണ്ടോ? കുന്നുമല്ല; തന്റെ സീമന്തപുത്രനെ മനസ്സില്ലാമനസ്സോടെയെങ്കിലും ദൈവശുശ്രൂഷക്കായി അയച്ചതിന്. മാർകിസിന്റെ മരണശയ്യയിൽ, അദ്ദേഹത്തിന്റെ അവസാനവിനാഴികയിൽ, അദ്ദേത്തിന്റെ ഏകആശ്വാസം താൻ തന്റെ പുത്രനെ ദൈവത്തിന് കൊടുത്തു എന്നതായിരുന്നു. അദ്ദേഹം പ്രഭുവായിരുന്നു, സ്പെയിനിലെ സേനാധിപനായിരുന്നു, സ്ഥാനബഹുമാനാദികളാൽ ചുറ്റപ്പെട്ട പ്രഭുവരേണ്യനായിരുന്നു. പക്ഷേ ഈ പദവികളൊന്നും അവസാനവിനാഴികയിൽ ആശ്വാസപ്രദങ്ങളായിരുന്നില്ല.

ഒരു പിതാവിന് ചെയ്യാവുന്നതിൽവച്ചു ഏറ്റവും വലിയൊരു സൽപ്രവൃത്തി തന്റെ ഒരു സന്താനത്തെയെങ്കിലും ദൈവശുശ്രൂഷക്കായി അയക്കുകയെന്നതാണ്. അതുമാത്രമായിരിക്കും അയാളുടെ അന്ത്യനാളിൽ ഏകാശ്വാസം. ഇതു എല്ലാപിതാക്കന്മാരും മാർകിസിന്റെ അനുഭവത്തിൽനിന്നു പഠിക്കട്ടെ!

അലോഷ്യസ് സാന്താ ആഡ്രേയിൽ ചെന്നിട്ടു സുമാർ മൂന്നുമാസങ്ങൾ കഴിഞ്ഞു. എങ്കിലും ക്ഷേണശാലയിൽ റെക്ടറച്ചന്റെ സ്ഥാനം എവിടെയെന്നു അദ്ദേഹത്തിനു അജ്ഞാതമായിരുന്നു. അലോഷ്യസ് തന്റെ നയനങ്ങളെ എത്രമാത്രം നിയന്ത്രിച്ചിരുന്നുവെന്നു ഈ ഉദാഹരണം തെളിയിക്കുന്നു. മറ്റുള്ളമനുഷ്യരുടെ മുഖ

ത്തുനോക്കുവാൻപോലും അവന്റെ വിനയം അവനെ അനുവദിച്ചിരുന്നില്ല. ഊട്ടുമുറിയിൽ പ്രവേശിക്കുമ്പോൾ സെഹിയോൻ ചിരുന്നുശാലയിൽ മിശിഹാ അവസാനത്തെ അത്താഴത്തിനായി പ്രവേശിച്ചകാര്യമാണ് അവന്റെ സ്മൃതിപഥത്തിൽ പ്രഥമമായിവരുന്നതു്.

കൂടുതൽ പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്യുന്നതിൽള്ള അനുവാദത്തിനായി ഒരു ദിവസം അലോഷ്യസ് ഫാദർ ജനറാലിന്റെ പക്കൽചെന്നു. അവന്റെ അനാരോഗ്യം മൂലം അദ്ദേഹം അതിനു് അനുവദിച്ചില്ല. അവൻ നിരാശനാകാതെ അപേക്ഷയെ തുടർന്നു. "ഇതു് അനുസരണയില്ലായ്മകയാണു്" എന്നു് അദ്ദേഹം പറഞ്ഞപ്പോൾ മാത്രമാണു് അലോഷ്യസ് തന്റെ ഉദ്യമത്തിൽനിന്നും വിരമിച്ചതു്. അലോഷ്യസിനു് വിലപ്രത്യേക ഭക്തികളും ഉണ്ടായിരുന്നു. അവയിൽ പ്രധാനമായ നാലെണ്ണം വി: കുബ്ബാനയോടുള്ള ഭക്തി, കർത്താവിന്റെ പീഡാനുഭവത്തോടുള്ള ഭക്തി, പരി: മാലാഖാമാരോടുള്ള ഭക്തി, ദൈവമാതൃഭക്തി, ഇവയായിരുന്നു. എരിവും സ്നേഹവും നിറഞ്ഞ കരുക്കളോടുകൂടിയ ദിവ്യകാരുണ്യസ്വീകരണത്താൽ ഒന്നാമത്തെ ഭക്തി അവൻ അഭ്യസിച്ചിരുന്നു. പീഡാനുഭവത്തോടുള്ള ഭക്തിയെ പോഷിപ്പിക്കുന്നതിനായി അവൻ സ്വജീവിതം പീഡാമയമാക്കിത്തീർത്തു. അതിനും പുറമേ ദിവസവും ഉച്ചക്ഷോണാനന്തരം പീഡാനുഭവത്തെക്കുറിച്ചു് ഒരു ചെറിയ ജപവും ചൊല്ലിവന്നിരുന്നു. മാതാവിനോടു് അലോഷ്യസിനുണ്ടായിരുന്നഭക്തി അവൻ തന്റെ നിത്യകന്യാവ്രതത്തെ അവർക്കായി കാഴ്ചവയ്ക്കുന്നതിൽ നിന്നും വ്യക്തമാകുന്നു. നാലാമത്തെഭക്തി— മാലാഖാമാരോടുള്ള ഭക്തിയുടെ പ്രകടനമായി അവൻ ദിവസവും "ദൈവമേ, ബലവാനെ, മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു" എന്നുള്ള ജപം കൻപതു പ്രാവശ്യം ചൊല്ലിയിരുന്നു. കൻപതു

വൃന്ദം മാലാഖാമാരുടെ സ്തുതികീർത്തനത്തെ അനുസ്മരിച്ചാണു് അതു് ഒർപതു പ്രാവശ്യം ചൊല്ലിയിരുന്നതു്. അതു കൂടാതെ 'എന്നെ കാക്കുന്ന കർത്താവിന്റെ മാലാഖായെ' എന്നു തുടങ്ങുന്ന ജപം ദിവസം മൂന്നു തവണ (രാവിലയും, ഉച്ചക്കും, വൈകുന്നേരവും) ജപിക്കുന്നതിനും അവൻ മുടക്കം വരുത്തിയിട്ടില്ല. അലോഷ്യസിന്റെ ഭക്തികളും അതിന്റെ പ്രകടനങ്ങളും മേൽ വിവരിച്ചവയാൽ പൂർണ്ണമായി എന്നു് യാതൊരു കാരണവശാലും ആരും വിധിക്കരുതു്. അതു് യാഥാർത്ഥ്യത്തിന്റെ ചെറിയൊരംശം മാത്രമേയാകുന്നുള്ളൂ.

അലോഷ്യസിന്റെ ജീവിതം പ്രാർത്ഥനയുടെ നീണ്ട ഒരു ചങ്ങലയായിരുന്നു. അവൻ ദൈവത്തെപ്പറ്റി ചിന്തിച്ചു് തലപുണ്ണാക്കുന്ന എന്നൊരു സംസാരം എല്ലാവരുടെ ഇടയിലും പരന്നു. അതു് ക്രമേണ റെക്ടരുടെ ചെവിയിലും എത്തി. "നീ ദൈവത്തെപ്പറ്റി ചിന്തിക്കേണ്ടാ, എന്നു് ഫാദർ റെക്ടർ പറയുന്നു. പിന്നെ ഞാനെന്തുചെയ്യും?" എന്നു് അലോഷ്യസ് ഒരിക്കൽ ആവലാതിപ്പെടുകയുണ്ടായി. ഇപ്രകാരം എല്ലാവിധത്തിലും ആശ്ചര്യപരമായ ഒരു ജീവിതരീതിയെ യുവലോകത്തിനു് പ്രോത്സാഹനം ചെയ്തുകൊണ്ടിരുന്ന നമ്മുടെ ചരിത്രപുരുഷന്റെ ഇഹലോകജീവിതം അതിന്റെ ഭരതവാക്യം ചൊല്ലുവാൻ പോകുന്നു.

പത്താം അദ്ധ്യായം.

റോമൻ കോളജിൽ.

അലോഷ്യസിന്റെ നൊവീസ് മാസ്റ്റർ ഫാദർ 'പെസ്സ്കത്താർ' ഈയവസരത്തിൽ ഒരു ഭയങ്കരവ്യാധിക്കടിമനായി. അദ്ദേഹം 1586 ഒക്ടോബർ 27-ാം നു റോമിലേക്കു് സുഖവാസത്തിനായി അയയ്ക്കപ്പെട്ടു.

അധികൃതരുടെ ഇഷ്ടാനുസരണം അലോഷ്യസും അദ്ദേഹത്തെ അനുഗമിച്ചു. നേപ്പിൾസിലെ താമസത്തിനിടയിൽ അവൻ ചെയ്ത ദീനജനസേവനം വിസ്മരിക്കാവുന്നതല്ല. ആതുരശാലകളിലും അനാഥ മന്ദിരങ്ങളിലും പോയി അവശന്മാരെ ശുശ്രൂഷിക്കുന്നതിനുള്ള അനുവാദത്തിനായി അവൻ തന്റെ മേലധികാരികളെ വിശിഷ്യ ഫാദർ അകപാവിവായെ (ഫാദർ ജനറൽ) ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.

നേപ്പിൾസ് ഒരു സുഖവാസസ്ഥലമായിരുന്നിട്ടും കാലാവസ്ഥ അലോഷ്യസിനെ രോഗിയാക്കിത്തീർത്തു. അതിനാൽ 1587 മേയ് 8-ാനു- അവൻ റോമിലേയ്ക്ക് തിരിച്ചുപോന്നു. തന്റെ വൈദികപഠനം തുടരുന്നതിനായി ഉടനെതന്നെ അവനെ റോമൻ കോളെജിലേയ്ക്കയച്ചു. തങ്ങളുടെ പഴയസ്നേഹിതൻ അലോഷ്യസ് വീണ്ടും തങ്ങളുടെ സഖാവായി വന്നതിനാൽ സഹപാഠികൾ അത്യധികം സന്തോഷിച്ചു. സഹപാഠികളുടെ ഉൽക്കർഷയിൽ സ്വതേ അസൂയാലുക്കളായിരുന്ന വിദ്യാർത്ഥികളുടെ മനസ്സ് അവൻ വശീകരിച്ചു. അലോഷ്യസിന്റെ ആന്തരീകോൽക്കർഷത്തിൽ ഏവരും കുതൂഹലചിത്തരായി. അവനെ അനുകരിക്കണമെന്നല്ലാതെ അപഹസിക്കണമെന്നു് ചുരുക്കം ചിലക്കുമാത്രമേ ഉദ്ദേശമുണ്ടായിരുന്നൊള്ളു. അതു് സാമ്പ്രദായജീവിതത്തിൽ സർവ്വ സാധാരണമാണല്ലോ. ചിലപ്പോൾ അസഹനീയമായി തോന്നിയിരുന്നുവെങ്കിലും, ക്രിസ്തുനാഥന്റെ ആശ്രാനുസരണം സഹചരന്മാരുടെ സകല അപരാധങ്ങളും സന്തോഷത്തോടും സമചിത്തതയോടുംകൂടി ക്ഷമിക്കുകയും സൗമ്യമായി സഹിക്കുകയും ചെയ്തിരുന്നു. ഇതിലധ്യ ഒരുവന്റെ മാഹാത്മ്യം അടങ്ങിയിരിക്കുന്നതു്. അതേ, അഹിതത്തെ അമൃതമാക്കുന്നതിൽ!!

ലോകർ തീരെ നിസ്സാരമായി ഗണിക്കുന്ന ചില

സംഗതികൾ ദൈവസന്നിധിയിൽ വില തീരാത്തതാണ്. എന്നാൽ മനുഷ്യർ വിലമതിക്കുന്നതോ, ദൈവസന്നിധിയിൽ ശൂന്യങ്ങൾ. ഈ വസ്തുതയെ ശരിയായി ഗ്രഹിക്കുന്നവർ പുണ്യസോപാനത്തിന്റെ പടികളിൽ നിന്നും വഴുതിപ്പോകുക സാധാരണമല്ല. റോമൻകോളജ് വിദ്യാഭ്യാസകാലത്ത് അലോഷ്യസിൽ വിളങ്ങിയിരുന്ന എളിമ, വിനയം, അനുസരണം, പരസ്നേഹം മുതലായ പുണ്യങ്ങൾ പൂർവ്വാധികം വളർന്നുവശായി. അവന്റെ ആന്തരീകസന്തോഷത്തെ ശതഗ്രണീഭവിപ്പിക്കുവാൻ 1588-ൽ വി: കുർബാനപുണ്യവതിയുടെ നിത്യനാഥിരുവിസം അലോഷ്യസ് ഗോൺസാഗാ തന്റെ ആദ്യത്തെ പരസ്യപ്പെടുത്തി.

കുരിക്കൽ ഫാദർ 'പോരുംവല്ലേ' അലോഷ്യസിനെ ഒരു വാഗ്പ്രതിവാദത്തിനു തയ്യാറാക്കി. എതിർകക്ഷി വിശ്വാസത്തിനെതിരായ യുക്തികൾ കണ്ടുപിടിക്കുന്നതിൽ സമർത്ഥനായിരുന്നു. അയാളെ തന്റെ അബദ്ധവിശ്വാസത്തിന്റെ നഗ്നത മനസ്സിലാക്കുന്നതിനു ശേഷിയുള്ളവൻ അലോഷ്യസ് തന്നെ എന്നു കോളജ് അധികൃതർ തീരുമാനിച്ചു. ദിവസവും ക്ലിപ്തപ്പെടുത്തി. ആ സുദിനത്തിന്റെ മാറ്റു വർദ്ധിപ്പിക്കുന്നതിനായി കാർഡിനൽ ഷിചിയോ, കാർഡിനൽ ഡെല്ല റെയേറെ, കാർഡിനൽ വിൻസൻറ് ലൗറോ മുതലായ മാന്യാതിഥികളെയും ക്ഷണിച്ചിട്ടുണ്ടായിരുന്നു. അലോഷ്യസ് വിഷമഘട്ടത്തിലായി. തന്റെ എളിമ ഭയങ്കരമായി മുറിവേല്ലിക്കപ്പെടുമെന്നു അവൻ ശങ്കിച്ചു. അതിൽനിന്നു രക്ഷപെടുന്നതിനുള്ള മാർഗ്ഗം അവൻ പലയിടങ്ങളിലും ആരാഞ്ഞു. ഒടുവിൽ അവൻ 'മുസിയൂസ്ഡെ ആഞ്ചെലിസ്' എന്ന വൈദീകനെ സമീപിച്ചു "ഞാൻ തെറ്റായ മറുപടികൾ മനപൂർവ്വം തക്കസമയത്തു കൊടുത്തു കൊള്ളട്ടെയോ?" എന്നു ചോദിച്ചു. ആ വന്ദ്യവൈദീക

ന്റെ നിബ്ബന്ധപ്രകാരം അനുസരണത്താൽ പ്രേരിതനാ
യി അലോഷ്യസ് പ്രസംഗവേദിയിൽ പ്രവേശിച്ചു. ത
ർക്കത്തിൽ എതിരാളിയെ നിശ്ശേഷം പരാജയപ്പെടുത്തി.
അനന്തരം അതിനുള്ള പ്രശംസയും കൈകൊട്ടും പാത്തു
നില്ക്കാതെ ഉടനെ ഏറുമ്പിനിടയിൽനിന്നും വിമുക്തമാ
യ മണ്ണിരയെപ്പോലെ അലോഷ്യസ് നമ്രശിരസ്കനായി
ഹാളിൽനിന്നു പുറത്തിറങ്ങി.

കഥാനായകന്റെ ഗുരുഭക്തിയും പ്രസ്താവയോഗ്യമാ
ണ്. അവരുടെ സമക്ഷം അലോഷ്യസ് ഒരിക്കലും
'ബിറേത്താ' ഉപയോഗിച്ചിരുന്നില്ല. അവരുടെ അഭി
പ്രായങ്ങളിൽനിന്നും വിഭിന്നമായ യാതൊന്നും അവ
ന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടിരുന്നുമില്ല. ഇരുപ
താംശതകത്തിന്റെ ഓമൽ സന്താനങ്ങളായ ആധുനിക
യുവവിദ്യാർത്ഥി ഗണത്തിനു്, അദ്ധ്യാപകന്മാരോടു് രണ്ടു
വാക്കു് പറഞ്ഞില്ലെങ്കിൽ, അവരോടു് ഒന്നെതിർത്തില്ല
ങ്കിൽ ഒരു അസുഖം. തന്നെയുമോ? സഹപാഠികളുടെ ഇ
ടയിൽ സ്ഥാനമില്ലെന്നു് ഒരു ധാരണയും. തന്റെ വീരപ്ര
വൃത്തികളാൽ സ്വരാജ്യത്തെ ശത്രുഹസ്തങ്ങളിൽനിന്നും
രക്ഷിച്ച ഒരു വീരയോദ്ധാവിന്റേതിനു സമമാണ് അത്ത
രക്കാരുടെ നില. സ്സ്കൂൾ അവസാനിച്ചു് വീട്ടിലേയ്ക്കു പോ
കുമ്പോൾ അവൻ എല്ലാവരുടെയും നടുവിൽ! സഹചര
ന്മാർ അടുത്ത ദിവസത്തെയ്ക്കു് അവനെ വേഷമണിയിക്കു
ന്നു. അവനോ അവരുടെ ഇടയിൽ കിരീടമില്ലാത്ത രാ
ജാവു്. അവന്റെ സിംഹാസനം മുഖസ്തുതികളാൽ അം
ബരംവരെയും ഉയർത്തപ്പെടുന്നു. എന്നാൽ അതിന്റെ
സാക്ഷാൽ നിറമുണ്ടോ ആ മൂഢൻ അറിയുന്നു? ഇപ്രകാര
മുള്ള ചെറുസംഘങ്ങൾ എവിടെച്ചെന്നവസാനിക്കുമെ
ന്നാരറിഞ്ഞു? ഇക്കൂട്ടരുടെ ഇടയിൽ ഒരുദിവസമെങ്കിലും
അലോഷ്യസ് കൂടി ഉണ്ടായിരുന്നുവെങ്കിൽ!! പ്രൊഫസറ
ന്മാരുടെ അദ്ധ്യയനരീതിയെപ്പറ്റി വിമർശിക്കുക എന്ന ഇ

ടപാട്ട് അവനു് അജ്ഞാതമായിരുന്നു. തന്റെ സഹപാ
ഠികളോടുള്ള അലോഷ്യസിന്റെ പെരുമാറ്റം പ്രശംസാ
ർഹമായിരുന്നു. അവക്കെതിരായി അവൻ ഒരിക്കലും
സ്വരം ഉയർത്തിയിട്ടില്ല. അവന്റെ വിനയത്തിൽ സഹ
പാഠികൾ അസൂയ പ്രദർശിപ്പിച്ചു. അവനെ ഒരു നോക്കു
കാണുന്നതിനായി ചിലർ വഴിയിൽ കാത്തുനിന്നു.

രണ്ടു വിദ്യാർത്ഥികൾ തമ്മിൽ കലഹിക്കുമ്പോൾ മൂ
ന്നാമതു് ചെല്ലുന്നയാൾ ഏതെങ്കിലും ഒരു ഭാഗം പിടി
ച്ചു് കലാപം തുടർന്നുകൊണ്ടു പോകുന്ന പതിവു ചില
പ്പോൾ നാം കാണാറുള്ളതാണു്, എന്നാൽ അലോഷ്യ
സിന്റെ ആഗമനത്തിലുണ്ടായിക്കൊണ്ടിരുന്ന അനുദിനം
തികച്ചും വ്യത്യസ്തമായിരുന്നു. അവന്റെ സാന്നിദ്ധ്യ
ത്തിൽ കലഹിക്കുന്നതിനു് ആരും മുതിരുന്നില്ല. "നി
ങ്ങൾ അലോഷ്യസിനെ കണ്ടു പഠിക്കുവിൻ" ഇതായിരു
ന്നു അദ്ധ്യാപകന്മാർ കുട്ടികൾക്കു കൂടെക്കൂടെ കൊടുത്തു
കൊണ്ടിരുന്ന നിർദ്ദേശം.

പതിനൊന്നാം അദ്ധ്യായം.

മാന്ത്രുവായിലെ അന്തരീക്ഷം.

"നിന്നെ ദൈവമാണു് സൃഷ്ടിച്ചതു് എന്നു നീ ഓ
ർക്കുക. അദ്ദേഹത്തിനു് വേണ്ടി ജീവിക്കുക എന്നുള്ളതു്
നിന്റെ കർത്തവ്യമാണു്. എന്തുകൊണ്ടെന്നാൽ അദ്ദേ
ഹം നിന്നെ സൃഷ്ടിച്ചു; രക്ഷിച്ചു; തന്നെയുല്ല നിന്നെ നി
ത്യസൗഭാഗ്യത്തിലേക്കു് ക്ഷണിക്കുകയും ചെയ്യുന്നു" എ
ന്നിങ്ങനെ അലോഷ്യസ് ഒരവസരത്തിൽ പറയുകയു
ണ്ടായി. "ദൈവം സൃഷ്ടിച്ചതു് ഇത്രവലിയ ഒരു ഉപ
കാരമാണോ? എന്നെ സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ എ
ന്റെ അന്ത്യത്തെപ്പറ്റിയും ജീവിതക്ലേശങ്ങളെപ്പറ്റിയും
ചിന്തിച്ചു പരിഭ്രമിക്കേണ്ട ആവശ്യമില്ലായിരുന്നു." അ

ലോഷ്യസിന്റെ സദുപദേശത്തിനെതിരായി ഈ ദുശ്ചിന്ത ചിലരുടെ മനസ്സിൽ സ്ഥലം പിടിച്ചെന്നുവരാം. അവരിൽ ഒരുവൻ സ്വർഗ്ഗാനന്ദം അനുഭവിക്കുമ്പോൾ അവന്റെ വിചാരം "എന്നെ സൃഷ്ടിച്ചതിനും വിശിഷ്യ രക്ഷിച്ചതിനും ഞാൻ ദൈവത്തോടു് എന്തു പ്രത്യുപകാരം ചെയ്താൽ മതിയാകും. എന്നെ സൃഷ്ടിക്കുന്നതിനു് പകരം ദൈവത്തിനു് വേറൊരുവനെ സൃഷ്ടിക്കാമായിരുന്നു. അവനിൽനിന്നു് കൂടുതൽ സ്തുതിസ്തോത്രങ്ങളും ലഭിക്കാമായിരുന്നു. എങ്കിലും ഇല്ലായ്മയിൽനിന്നു് എന്നെ സൃഷ്ടിച്ചു് ഞാനർഹിക്കാത്ത ഈ നിത്യസൗഭാഗ്യം എനിക്കു നൽകുന്നതിനു് ആ അനന്തശക്തിയെ പ്രേരിപ്പിച്ചതു് സ്നേഹമല്ലാതെ മറ്റെന്താണു്?" എന്നു മാത്രമായിരിക്കും. മധുരപലഹാരങ്ങളും വിഷദ്രാവകങ്ങളും ഉള്ള ഒരു മുറിയിലാണു് ദൈവം നമ്മെ നിവസിപ്പിച്ചിരിക്കുന്നതു്. ഇതു് കാരോന്നും ഭുജിച്ചാലുണ്ടാകാവുന്ന അനന്തര ഫലങ്ങളുടെ അറിവും, ഇഷ്ടമുള്ളതു് ഭുജിക്കുവാനുള്ള സ്വാതന്ത്ര്യവും, നമുക്കു് കാരോന്നുതക്കം കിട്ടിയിട്ടുണ്ടു് ഒരുവൻ വിഷദ്രാവകം കുടിച്ചു് മരിച്ചാൽ അതിനു് ഉത്തരവാദിയാരു്?

ഈ തത്വത്തെ ശരിയായി ഗ്രഹിച്ചുകൊണ്ടാണു് വിശുദ്ധന്മാർ സുകൃതപന്ഥാവിൽക്കൂടി സഞ്ചരിച്ചിരുന്നതു്. ലോകത്തിലുള്ള ക്ഷണികമായ വസ്തുക്കൾ കാണിച്ചാണു് പിശാചു് മനുഷ്യരെ കൂടുതൽ വശീകരിക്കുന്നതു്. ശോഭയേറിയ ദീപത്തിലാണു് അധികം ശലഭങ്ങൾ നശിക്കുന്നതു്. മനുഷ്യന്റെ അഹങ്കാരമാണു് അവനിലുള്ള പല പഴുതുകൾക്കും കാരണം. അവനിൽ പല പുണ്യങ്ങളുടെ അഭാവത്തിനും കാരണം അഹങ്കാരംതന്നെയാണു്. വളരെ എളിമപ്പെട്ടാൽ പലരും വിലമതിക്കുകയില്ല എന്നൊരു കുണ്ഠിതം പലരെയും ഈ വിശുദ്ധപുണ്യം അഭ്യസിക്കുവാൻ വിമുഖരാക്കുന്നുണ്ടു്. ഇവർക്കായി വി. ഫ്രാൻസീസ് സാലേസ് പറയുന്ന വാക്കുകൾ ശ്രദ്ധേയമാ

ണ്: "നിങ്ങളുടെ ന്യൂനതകണ്ടു മറെറാരുവൻ ചിരിക്കുന്നുവെങ്കിൽ നിങ്ങൾ അവനു് ഒരു പരസ്നേഹപ്രവൃത്തി ചെയ്യുകയാണു്". അതേ, അതു വാസ്തവമാണു്; നാം അപ്രകാരം അവനെ സന്തോഷചിത്തനാക്കുന്നു. നമ്മുടെ എളിമകണ്ടു് മറവുള്ളവർ ചിരിക്കുന്നുവെങ്കിൽ നാം ഒരു പരസ്നേഹപ്രവൃത്തിചെയ്യുന്നു. തന്നെയുമല്ല, ദൈവം വിലമതിക്കുന്നതിനെ മനുഷ്യർ വിലമതിക്കുന്നില്ല എന്നും മുൻപ്രസ്താവിച്ചതുപോലെ ദൈവം വിലമതിക്കുന്ന എളിമയെ മനുഷ്യൻ വിലമതിച്ചില്ലെങ്കിൽ അതിന്റെ മാഹാത്മ്യത്തിനു യാതൊരു കുറവും സംഭവിക്കുന്നില്ല എന്നും നാം അനുസ്മരിക്കണം. വീണ്ടും, മനുഷ്യർ നമ്മുടെ പ്രവൃത്തിയെ വിലമതിക്കണമെന്നു് നാം ആഗ്രഹിച്ചാൽ അതിനു് ദൈവതിരുമുമ്പിൽ നമ്മാനമില്ല. അതുകൊണ്ടു് നമ്മുടെ ആത്മീയ ഇടപാടുകളിൽ മനുഷ്യവിലമതിപ്പിനു് പറയത്തക്ക സ്ഥാനവുമില്ല.

ഒരുവൻ പുണ്യമാഗ്രഹിൽ ഉയരുവാൻ അഭിലഷിക്കുന്നുവെങ്കിൽ ദൈവം അവനുവേണ്ട അനുഗ്രഹങ്ങളെല്ലാം നൽകി അവനെ ആഃശ്ലഷിക്കുന്നു. പിശാച് അവനെ തന്റെ സകല കഴിവുകളും തന്ത്രങ്ങളും പ്രയോഗിച്ചു് വഴിപിഴപ്പിക്കുവാൻ ശ്രമിക്കുന്നു. ഇതു് അനുഭവിച്ചറിയാത്ത വിശ്വാസമാരുണ്ടാ? റോമിൽ അലോഷ്യസിന്റെ ആദ്ധ്യാത്മികാന്തരീക്ഷമാണു് നാം കണ്ടതു്. ഇനി നമുക്കു് അലോഷ്യസിന്റെ പൂർവ്വജനായ മാന്തുവായിലെ സ്ഥിതിഗതികൾ എപ്രകാരമെന്നു് ചിന്തിക്കാം.

ഗോൺസാഗാപ്രാസാദം മാന്തുവായിലെ പ്രാസാദങ്ങളുടെ സാവ്രഭൗമനായി നിലകൊള്ളുന്നു. ഇതു പുറമേയുള്ള കാഴ്ച. അകമേയുള്ളതു് അല്പം ശോചനീയമാണു്. തന്റെ പുത്രന്റെ വിരഹത്തിൽ ശോകാന്ധയായിരിയ്ക്കുമ്പോഴാണു് ഡോണാമത്താ ഭർത്തൃവിരഹദുഃഖംകൂടി അനുഭവിക്കുവാൻ ദൈവം തിരുമനസ്സായതു്. ആ

ഉഗ്രടസന്ധിയിൽ ഗോൺസാഗാകുടുംബത്തെപ്പറ്റി കരു അപകീർത്തിയും നാടെങ്ങും പരന്നു. അതിനും പുറമേ സാധാരണ കണ്ടു വരാറുള്ളതുപോലെ മാതൃപീഡനവും യഥാകാലം ആരംഭിച്ചു. പുത്രന്മാർ പ്രാപ്തരായിക്കഴിഞ്ഞാൽ വിശിഷ്യ വിവാഹം കൂടി കഴിഞ്ഞാൽ മാതാപിതാക്കളുടെ നിസ്സഹായാവസ്ഥ ഊഹിക്കുവാൻകൂടി വിഷമം. അവർ വാനപ്രസ്ഥാശ്രമം സ്വീകരിക്കുവാനുള്ള അവസരമതാണന്നത്രേ പുത്രന്മാരുടെ ഭാവം. ഈ വിഷമം റുഡോൾഫും മൂലം ഡോണാമത്തായ്ക്കുമുണ്ടായി. റുഡോൾഫ് അവിവാഹിതനാണു്; എങ്കിലും 'ഫൊലൽ ആലിപ്രന്തി' എന്നൊരു പ്രഭുകുമാരിയെ അദ്ദേഹം തന്റെ ഭാര്യയാക്കി വച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണു് അപകീർത്തി. ഇതു അടിസ്ഥാനരഹിതമായിരുന്നു. കാസിഗ്ലിയോനിന്റെ യശസ്സംരക്ഷമായി പരിലസിച്ചിരുന്ന ഈ കുടുംബത്തിനു ഇപ്രകാരം കരു ഉഷ്ക്കിത്തി സംഭവിച്ചതു് മമ്മദേകനത്രെ. ഇവയ്ക്കു പുറമേ സ്വതേ കലഹപ്രിയനായിരുന്ന റുഡോൾഫ് മാന്തുവായിലെ പ്രഭുവുമായി അല്പം രസക്ഷയത്തിൽ വർത്തിക്കാൻ തുടങ്ങി. ഈ ശോചനീയാവസ്ഥയെപ്പറ്റി ഡോണാമത്താ ഫാദർ ജനറലിനെഴുതി. കാര്യങ്ങൾ ശരിപ്പെടുത്തുന്നതിനു് അദ്ദേഹം അലോഷ്യസിനെ കാസിഗ്ലിയോനിലേയ്ക്കയച്ചു. റുഡോൾഫിന്റെ പേരിലുള്ളതായ അപവാദം അടിസ്ഥാനരഹിതമെന്നു് ഇപ്പോൾ മാത്രമാണു് ജനങ്ങൾ മനസ്സിലാക്കുന്നതു്. അവർ തമ്മിലുള്ള വിവാഹം രഹസ്യമായി നടന്നതു് ദമ്പതികളും സാക്ഷികളും മാത്രമേ അറിഞ്ഞിരുന്നുള്ളൂ. അടുത്തതായി റുഡോൾഫിന്റെ മാതൃപീഡനവും പ്രഭുവുമായുണ്ടായിരുന്ന നീരസവും നീക്കി. അനന്തരം അലോഷ്യസ് റോമിലേയ്ക്കു മടങ്ങിപ്പോയി.

റോമിൽ വച്ചു് മരിച്ചാൽ കൊള്ളാമെന്നു് അലോഷ്യസിനു് അതിയായ ആഗ്രഹമുണ്ടായിരുന്നു. "എനി

ക്ക് ഇഹത്തിൽ ഒരു ഭവനമുണ്ടെങ്കിൽ അതു റോമായഗരം മാത്രമാണ്. ഞാൻ ക്രിസ്തുവിനായി ജനിച്ചതു് അവിടെയത്രേ" എന്നുള്ള അദ്ദേഹത്തിന്റെ വാക്കുകളും റോമിനോടുള്ള പ്രതിപത്തിയെ വ്യക്തമാക്കുന്നു. തന്റെ അവസാനദിവസങ്ങളും സമീപിച്ചിരിക്കുന്നുവെന്നറിഞ്ഞു അലോഷ്യസ് ഒരു ദിനാഴികപോലും പാഴായി വ്യയം ചെയ്യാതെ നിത്യസമ്മാനം പ്രാപിക്കുന്നതിനു് ഒരുങ്ങിത്തുടങ്ങി. 1590 നവംബർ മാസം സമാഗതമായി. അലോഷ്യസ് തന്റെ വൈദികപഠനം പൂർത്തിയാക്കുന്നതിനു് ഒരു വർഷംകൂടിമതിയായിരുന്നുള്ളൂ. അപ്പോൾ കാസിഗ്ലിയോനിൽ വീണ്ടും ചില കുഴപ്പങ്ങളും ഉണ്ടായി. റുഡോൾഫിന്റെ വക്രബുദ്ധിയാണ് ഇതിനെല്ലാം കാരണം. തന്റെ മാതാവിനോടും സഹോദരങ്ങളോടും റുഡോൾഫിനു് അവജ്ഞയായി. ഇത്തവണ സമാധാനം സ്ഥാപിക്കുവാൻ അലോഷ്യസ് കാസിഗ്ലിയോനിനു പോയില്ല. പ്രാർത്ഥന എന്ന ബലവത്തായ ആയുധം കൊണ്ടു് അവൻ ഈ വിഷമസന്ധിയെ അഭിമുഖീകരിച്ചു. കുടുംബജീവിതത്തിന്റെ നിരവധി ദുരിതങ്ങളും അനുഭവിച്ചറിഞ്ഞ ഡോണാ മർത്തായുടെ ഏക ആശ്വാസം അലോഷ്യസ് മാത്രമായിരുന്നു. അവളെ അകമഴിഞ്ഞു് കരയില്ലാതെ സ്നേഹിച്ചിരുന്നതും ആ ഒരു സന്താനം മാത്രമായിരുന്നു. പട്ടിണിയാൽ വലയുന്ന കുടുംബത്തെ കണ്ടപ്പോൾ അവനു് അടക്കാനാവാത്ത കനിവുണ്ടായി. അവരുടെ ദുരിതങ്ങൾ അവനെ അത്യധികം ദുഃഖിപ്പിച്ചു. അവരുടെ വിചാരം വാചാമഗോചരമായ സന്തോഷം ഉളവാക്കുന്നതുപോലെ, അലോഷ്യസിന്റെ നാമശ്രവണമാത്രയിൽ ആ ക്രിസ്തീയമാതാവിന്റെ ഹൃദയം അനുഭവിച്ചിരുന്ന ആനന്ദം വർണ്ണാതീതമായിരുന്നു. പുത്രന്റെ കത്തുകളിലെ ഓരോ ലിപിയും അവർക്കു് നയനാനന്ദകരമായിരുന്നു. അവർ അതു് അത്യാർത്തിയോടെ പലവുരുവായിച്ചിരുന്നു. അതു ഭദ്രമായി സൂക്ഷിക്കയും ചെയ്തിരുന്നു.

പന്ത്രണ്ടാം അദ്ധ്യായം.

അന്ത്യകാലം.

വൈദികസ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുന്നതിന് ഒരു വത്സരക്കാലംകൂടി വേണ്ടിയിരുന്ന അലോഷ്യസിന് ഒരു പ്രത്യേക മുറി സജ്ജീകരിക്കുവാൻ ഫാദർ റെക്ടർ തീരുമാനിച്ചു. അവന്റെ അഭിരുചിക്കനുസൃതമായ ഒരു മുറി തിരഞ്ഞെടുക്കുന്നതിന് റെക്ടർ അവനെ അനുവദിച്ചു. നമ്മുടെ പുണ്യശ്ലോകൻ തന്റെ എളിമ അതിന്റെ അത്യുച്ചനിലയെ പ്രാപിച്ചിരിക്കുന്ന ഈ അവസരത്തിൽ തിരഞ്ഞെടുത്തത് ഒരു ഇരുട്ടറയായിരുന്നു. ഒരു കസേര, മേശ, കിടക്ക ഈ സാമാനങ്ങൾ കഷ്ടിച്ചു വയ്ക്കാവുന്ന ജനലുകൾ ഇല്ലാത്ത ഒരു മുറിയാണ് ഈ പ്രഭുകുമാരൻ ഇഷ്ടപ്പെട്ടത്. യാതൊരുവനും അതിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. രാജകൊട്ടാരത്തിൽ പ്രതാപത്തോടെ വാഴുന്ന ഒരുവനെപ്പോലെയാണ് ഫാദർ റെക്ടർ അലോഷ്യസിനെ അവന്റെ ഇരുട്ടറയിൽ ഉൾച്ചിരുന്നത്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അലോഷ്യസിന് ഇക്കാലത്തുണ്ടായ ഉയർച്ച തന്റെ സ്വർഗ്ഗയാത്രയുടെ ഒരു സജ്ജീകരണം മാത്രമായിരുന്നു. ദൈവസ്നേഹത്തെപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകങ്ങളാണ് വിശിഷ്യ, വി. ആഗസ്റ്റീനോസ്, വി. തോമസ് അകിനാസ്, വി. ബർണ്ണാർഡ്, സിയന്നായിലെ വി. കാതറയിൻ മുതലായവരുടെ കൃതികൾ അലോഷ്യസിന്റെ ആത്മമിത്രങ്ങളായിരുന്നു.

ഒരിക്കൽ ദൈവസ്നേഹത്തെപ്പറ്റി ഒരു ഭാഗം ഭോജനശാലയിൽ വായിക്കുകയുണ്ടായി. ഉടനെ അലോഷ്യസ് സുഷുപ്തിയിലാണ്ടതുപോലെ കണ്ണടച്ചുകൊണ്ട് അതു ശ്രവിക്കുവാൻ തുടങ്ങി. "അലോഷ്യസ് ഗോൺസാ

ഗായിയ്ക്ക് എന്തോ സുഖമില്ലായ്കയാണ്; കണ്ണുമടച്ച് ഇരിക്കുന്നതു കണ്ടോ?" എന്ന് സമീപസ്ഥരെല്ലാം അന്യോന്യം മന്ത്രിച്ചുതുടങ്ങി. തന്റെ മരണം സമീപിച്ചതിനാടെ മരണത്തെപ്പറ്റിയുള്ള സംഭാഷണങ്ങൾ അവനിൽനിന്ന് സുലഭമായി പുറപ്പെട്ടുകൊണ്ടിരുന്നു.

1590, 1591 ഈ രണ്ടു വർഷങ്ങൾ ഇറ്റലിയുടെ ചരിത്രത്തിൽ ബ്ലാക്ക് എയിജ് (Black age) ആയി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. വിളവെടുപ്പ് വളരെ മോശമായിരുന്നതിനാൽ ദാരിദ്ര്യദേവത നാടാകെ വിഹരിക്കുവാനാരംഭിച്ചു. അതിന്റെ ദയനീയതയെ പതിന്മടങ്ങ് വർദ്ധിപ്പിക്കുവാൻ ഒരു പകർച്ചവ്യാധിയും ജനങ്ങളുടെ ഇടയിൽ വ്യാപിച്ചു. ഈ വ്യാധിയാൽ തന്റെ സഹോദരങ്ങൾക്കെല്ലാം മൈത്തെപ്രതി കൂടുതൽ സഹിക്കുന്നതിനുള്ള അവസരം ലഭിച്ചല്ലോ എന്ന് അലോഷ്യസ് അസൂയപ്പെട്ടു. ഒരിക്കൽ യാത്രാമദ്ധ്യേ അലോഷ്യസ് സകലരാലും പരിത്യജിക്കപ്പെട്ട ഒരു കുഷ്ഠരോഗിയെ കാണുന്നതിനിടയായി. ഉടൻതന്നെ അവൻ രോഗിയെ തോളിൽ കയറ്റി ആതുരശാലയിലേയ്ക്ക് തിരിച്ചു. അലോഷ്യസിന്റെ ഈ മഹനീയകൃത്യത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി, മേൽപ്പറഞ്ഞ ആതുരശാലയിൽ അലോഷ്യസ് രോഗിയെ വഹിച്ചുകൊണ്ടു പോകുന്നതായ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. ഈകൃത്യനിർവ്വഹണാനന്തരം താൻ വഹിച്ച രോഗിയുടെ രോഗവുമായിട്ടാണ് അദ്ദേഹം ആശ്രമത്തിലേയ്ക്ക് മടങ്ങിയത്. അദ്ദേഹത്തിന്റെ മരണകാരണവും ഈ രോഗമായിരുന്നു. മൈവസാന്നിദ്ധ്യം ആസന്നഭാവിയിൽ തന്നെ അനുഭവിക്കാമല്ലോ എന്നുള്ള വിചാരം അവനെ ആഹ്ലാദചിത്തനാക്കി. രോഗം ക്രമേണ വർദ്ധിച്ചുതുടങ്ങി. ശക്തിയായ പനിയും ഉണ്ടായിരുന്നു. പനി ആരംഭിച്ച ഏഴാം ദിവസം അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ചു. വൈദികൻ ചൊല്ലി

യ മൊഴികൾക്ക് അലോഷ്യസ് തന്നെയാണ് മറുപടി ചൊല്ലിയതു്. അശ്രുകണങ്ങൾ പൊഴിക്കുന്ന ഒരു വലിയ ജനാവലി അവന്റെ കിടക്കയുടെ ചുറ്റും കൂടി. തങ്ങളുടെ ജീവിതത്തിനു് ആനന്ദം നൽകിക്കൊണ്ടിരുന്ന അലോഷ്യസിനെ മേലിൽ കാണുവാൻ സാധിക്കുകയില്ലല്ലോ എന്നുള്ള വിചാരം സ്നേഹിതന്മാരെ വ്യാകുലാബ്ധിയിൽ നിപതിപ്പിച്ചു. താൻ അധികൃതരുടെ അനുവാദമില്ലാതെ യാതൊന്നും ചെയ്തിട്ടില്ലെന്നും, സഭാനിയമങ്ങൾക്ക് വിരുദ്ധമായി യാതൊന്നും ചെയ്തതായി തനിക്ക് അറിവില്ല എന്നുമുള്ള അലോഷ്യസിന്റെ വചനങ്ങൾ സമീപസ്ഥരെ ആശ്ചര്യചിത്തരാക്കി.

ഈ വിനാഴികയിൽപോലും അലോഷ്യസ് തന്റെ പ്രായശ്ചിത്തപ്രവൃത്തികൾക്ക് കുറവു വരുത്തിയിരുന്നില്ല. അക്കാലങ്ങളിൽ ഈശോസഭയുടെ പ്രൊവിൻഷ്യലായിരുന്ന ഫാദർ 'കർമിനാത്താ' രോഗിയെ സന്ദർശിക്കുവാൻ വന്നു. അലോഷ്യസ് തന്റെ മരണശയ്യയിൽ ആദ്യമായി അദ്ദേഹത്തോടു ചോദിച്ചതു് മമ്മട്ടിയടിക്കുള്ള അനുമതിയാണ്. ദൈവപരിപാലനയാൽ ചൂഴപ്പെട്ട ഒരാത്മാവിന്റെ ദൈവസ്നേഹവും, സഹനശക്തിയും ഇവിടെയത്രെ നാം ദർശിക്കുന്നതു്. "നിനക്ക് ഇപ്പോൾ മമ്മട്ടിയടിക്കുള്ള ശേഷിയില്ല." പ്രൊവിൻഷ്യൽ മറുപടി പറഞ്ഞു

"എന്നാൽ ഇവിടെയുള്ളവരിൽ ആരെങ്കിലും അപ്രകാരം ചെയ്യുക". അലോഷ്യസ് അഭ്യർത്ഥിച്ചു.

"ദൈവികനെ അടിക്കുന്ന ആദ്യമഹാറോൻ കുറ്റത്തിലകപ്പെടും. അതിനാൽ അപ്രകാരം ചെയ്യുവാൻ നിവൃത്തിയില്ല". അലോഷ്യസ് ശാന്തനായി. എങ്കിലും ഒരു ശ്രമംകൂടി നടത്തി. "എന്നെ തറയിൽ കിടന്നു് മരിക്കുവാൻ അനുവദിക്കണം". അതും തിരസ്കരിക്കപ്പെട്ടു.

പനിതുടങ്ങിയിട്ടു് പതിനേഴു ദിവസമായി. അ

ലോഷ്യസ് രോഗവിമുക്തനായി. എന്നാൽ അദ്ദേഹം മരിച്ചുപോയി എന്നൊരു കിംവദന്തി ഇതിനിടയിൽ കാസിഗ്ലിയാനിൽ എത്തിക്കഴിഞ്ഞിരുന്നു. ദുഃഖപരവശനായ റുഡോൾഫ് വാർത്താശ്രവണമാത്രയിൽ താൻ അണിഞ്ഞിരുന്ന സ്വർണ്ണാഭരണങ്ങളെല്ലാം ദരിദ്രർക്കായി ദാനം ചെയ്തു മാർക്വീസിന്റെ ജീവിതരീതിയിലുണ്ടായ വ്യത്യാസംപോലെ റുഡോൾഫിന്റെ ജീവിതരീതിയിലും ചില പരിവർത്തനങ്ങളെല്ലാം ഭവിച്ചു. ലോകത്തിന്റെ ക്ഷണികതയെപ്പറ്റിയുള്ള വിചാരം അയാളിലും പേരുന്നി. കുറച്ചു ദിവസങ്ങൾക്കുശേഷം അലോഷ്യസിന്റെ കത്തു കിട്ടുമ്പോഴാണ് ഗോൺസാഗാകുടുംബം ദുഃഖാബ്ധിയിൽനിന്നും സമുദ്ധരിക്കപ്പെട്ടുന്നത്.

"ഈ രോഗത്തിൽനിന്നും വിമുക്തനാകുകയാണെങ്കിൽ എന്റെ ഭാവിജീവിതം കുഷ്ഠരോഗബാധിതരെ ശുശ്രൂഷിക്കുന്നതിനായി വിനിയോഗിക്കാമെന്ന് ഞാൻ ഒരു പ്രതിജ്ഞചെയ്യട്ടയോ?" അലോഷ്യസ് ഫാദർ ജനാലിനോടു ചോദിച്ചു. അദ്ദേഹം അതിനു വഴിപ്പെട്ടില്ല

ഫാദർ 'ലൂയീസ് കൊബർണേലി' പ്രായത്തിൽ അതിശയിച്ച ഒരു പൈദികനാണ്. വയോവൃദ്ധനായ ഇദ്ദേഹം അലോഷ്യസിന്റെ ആത്മമിത്രങ്ങളിലൊരുവനാണ്. അദ്ദേഹവും അലോഷ്യസിനെപ്പോലെ മരണശയ്യയിൽതന്നെ. ഒരുദിവസം ഫാദർ കൊബർണേലി— പുണ്യാഭ്യസനത്തിൽ പഴക്കവും തഴക്കവുമുള്ള ഒരു പുണ്യാത്മാവു— അലോഷ്യസിന്റെ, വൈദികപദവിയുടെ പടിവാതിൽവരെ എത്തിച്ചുന്ന ഒരുവന്റെ, ആശിർവ്വാദം ലഭിക്കുന്നതിനപേക്ഷിച്ചു. ഒരു വൈദികനെ അനുഗ്രഹിക്കുന്നതിന് അലോഷ്യസിന്റെ എളിമ എങ്ങിനെ അവനെ അനുവദിക്കും? രണ്ടാംപ്രാവശ്യം അലോഷ്യസ് പനിയാൽ ആക്രമിക്കപ്പെട്ടിരിക്കുന്ന സമയമാണിത്.

വൈദികന്റെ നിരന്തരമായുള്ള അപേക്ഷമൂലം ശല്യം തീരട്ടെ എന്നുകരുതി 'രോഗപരിചാരകൻ' അലോഷ്യസിനെയും വഹിച്ചുകൊണ്ട് വൈദികന്റെ കിടക്കയുടെ സമീപംചെന്നു. കൊബർണേലിയുടെ നിബ്ബന്ധം കാരണം അലോഷ്യസ് തന്റെ കൈകാൽ വിരിച്ച് "ദൈവം നമ്മെ ഇരുവരെയും അനുഗ്രഹിക്കട്ടെ; അവിടുത്തെ അഭിലാഷം പൂർത്തിയാക്കപ്പെടട്ടെ" എന്നു പറഞ്ഞുകൊണ്ട് വൈദികന്റെമേലും തന്റെമേലും കുന്നാൻവെള്ളം തളിച്ചു. വൈദികൻ തൃപ്തനായി. 1591-മേയ്മാസത്തിലെ ഒരു പ്രഭാതത്തിൽ രോഗപരിചാരകൻ അലോഷ്യസിനെ സമീപിച്ച് ചോദിച്ചു.

"ഇന്നലെ രാത്രിയിൽ എങ്ങിനെയിരുന്നു?" ഇൻഫർമേറിയൻ ചോദിച്ചു.

"യാതൊരു സുഖവുമില്ലായിരുന്നു. കഴിഞ്ഞരാത്രിയിൽ ഞാൻ ഫാദർ കൊബർണേലിയെ മൂന്നുതവണ കണ്ടു. ഉറക്കത്തിലോ, ഉണർവിലോ എന്നറിയുവാൻ പാടില്ല. ഒന്നാംപ്രാവശ്യം 'എനിക്കുവണ്ടി പ്രാർത്ഥിക്കുക; എന്തെന്നാൽ ഞാൻ വലിയ വിഷമഘട്ടത്തിലാണിപ്പോൾ' എന്നുപറഞ്ഞശേഷം അപ്രത്യക്ഷനായി. രണ്ടാംപ്രാവശ്യം 'പരിക്ഷകളെല്ലാം ക്ഷമയോടെ സഹിച്ച് ജയിക്കുന്നതിനുവേണ്ട ധൈര്യത്തിനായി പ്രാർത്ഥിക്കുക' എന്നുപറഞ്ഞശേഷം അന്തർധ്യാനംചെയ്തു. അവസാനമായികണ്ടപ്പോൾ 'ഞാൻ സ്വർഗ്ഗത്തിലേയ്ക്കു പോകുകയാണ്; നീയും താമസിയാതെ എന്നെ അനുഗമിക്കും' എന്നുപറഞ്ഞശേഷം പോയി. പ്രഭാതമായപ്പോൾ കഴിഞ്ഞ രാത്രിയിലെ സംഗതികളെല്ലാം വെറും സ്വപ്നമായി എനിക്കുതോന്നി; എന്നെ നിദ്രാരഹിതനാക്കുന്നതിനുള്ള ഒരു മായയാണ് എന്ന് എനിക്ക് ബോദ്ധ്യമായി. ഡോക്ടറുടെ അനുവാദമില്ലാതെ ഉറക്കമൊഴിച്ചതിന് ക്ഷമയാചിക്കുവാൻ ഞാൻ അവിടേക്ക് വരുവാൻ തുടങ്ങു

കയായിരുന്നു". അലോഷ്യസ് പ്രതിവചിച്ചു. രോഗപരിചാരകൻ അത്ഭുതവും ഭയവും നിറഞ്ഞവനായി നിലകൊണ്ടു. അദ്ദേഹത്തിന്റെ അധരങ്ങൾ തുറക്കുവാനുള്ള ശ്രമം നീഷ്ഫലമായി. യഥാർത്ഥത്തിൽ ഫാദർ കൊബർണേലി ആ രാത്രിയിൽ ആ സമയത്തിൽതന്നെ പരലോകപ്രാപ്തനായിരുന്നു.

പതിമൂന്നാം അദ്ധ്യായം.

പുണ്യചരമം.

അലോഷ്യസിന്റെ അസ്വാസ്ഥ്യങ്ങൾ അനുദിനം കൂടുതൽവന്നിരുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ പൂർണ്ണാരോഗ്യവാനാകുമെന്നു് അധികൃതന്മാർ വിശ്വസിച്ചു. താൻ ഒരു വാരത്തിനകം മരിക്കുമെന്നു് തന്നെ സന്ദർശിച്ചവരിൽ ചിലരോടു് അലോഷ്യസ് പറഞ്ഞതു് ആരും കാര്യമായി ഗണിച്ചില്ല. അവസാനമായി അലോഷ്യസ് തന്റെ വത്സലമാതാവിനു് ഒരു കത്തെഴുതി. ഇനി ലോകവുമായി തനിക്കു് ഇടപാടുകളൊന്നുമില്ല; മരണത്തിനൊരുങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നു് അവൻ മനസ്സിലാക്കി. 'ആൻറണി ഹൃദയം തുറന്നു' എന്ന വൈദികനോടു് ദിവസവും വൈകുന്നേരം തന്നെവന്നു സന്ദർശിക്കണമെന്നു് അവൻ അപേക്ഷിച്ചു. അദ്ദേഹം അതിനു് സമ്മതിച്ചു. അദ്ദേഹം വന്നാലുടൻ അലോഷ്യസിന്റെ തലയ്ക്കൽ ഒരു കുരിശുരൂപം വച്ചുകൊണ്ടു് സങ്കീർത്തനങ്ങൾ പാടുകയായിരുന്നു പതിവു്. അവൻ അശ്രുധാരകളോടെ അതിനെ ശ്രവിച്ചിരുന്നു. മരണാവസരത്തിൽ പൂർണ്ണമോക്ഷം ലഭിക്കാവുന്ന ഒരു കുരിശുരൂപം അലോഷ്യസ് എപ്പോഴും തന്റെ കിടക്കയിൽ വച്ചിരുന്നു. പ. കുമ്പാനയുടെ നിരുപാളിന്റെ

"ഒക്ടേവിന്" (എട്ടാമിടം) മരിക്കണമെന്നായിരുന്നു അവന്റെ ആഗ്രഹം.

പരി. കന്യായയുടെ എട്ടാമിടവും ആഗതമായി. "നിങ്ങൾ മരിക്കുവാൻ ആഗ്രഹിക്കുന്ന ദിവസം ഇന്നല്ലേ? പക്ഷേ നിങ്ങളുടെ അസ്വാസ്ഥ്യങ്ങളെല്ലാം കുറഞ്ഞാണല്ലൊ വരുന്നതു" എട്ടാമിടത്തിലെ ഒരു പ്രഭാതത്തിൽ ബ്രദർ മിസേത്തി ചോദിച്ചു.

"സമയം കഴിഞ്ഞുപോയില്ലല്ലോ. ഇന്നുതന്നെ ഞാൻ മരിക്കും" അലോഷ്യസ് പ്രത്യുത്തരിച്ചു.

ബ്രദർ മിസേത്തി വിവരം രോഗപരിചാരകനെ അറിയിച്ചു. അദ്ദേഹം അലോഷ്യസിനെ സമീപിച്ചു ചില പരീക്ഷണങ്ങൾക്കുശേഷം അവൻ അന്നു മരിക്കുകയില്ലന്നു തീർച്ച പറഞ്ഞു.

"നിങ്ങൾക്കു തൊന്നിയിരിക്കുന്നു. ഞാൻ ഇന്നു് വൈകുന്നേരം മരിക്കും" അലോഷ്യസ് തന്റെ അഭിപ്രായത്തെ ദൃഢീകരിച്ചു. തിരുപ്പാഥേയം സ്വീകരിക്കുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു് അലോഷ്യസ് സമീപസ്ഥരെ നിർബ്ബന്ധിച്ചു. ജൂൺ 20-ാംനു വ്യാഴാഴ്ച രാത്രി മണി പത്തായി. "ഞാൻ മരിക്കുവാൻ പോകുന്നു; സൂക്ഷിച്ചുകൊള്ളണം" അലോഷ്യസ് സമീപത്തു നിന്നിരുന്ന ഫാദർ ആൻറണിയോടു പറഞ്ഞു. അദ്ദേഹം പിന്നീടു് ഇതെപ്പറ്റി പറയുന്നു "മരണത്തിന്റെ യാതൊരു ലക്ഷണങ്ങളും ഞാൻ അവനിൽ കണ്ടില്ല, അന്ത്യവിനാഴികയിൽപോലും എനിക്കു് സംശയമായിരുന്നു. എന്തെങ്കിലും ആവശ്യമുണ്ടോ എന്നു് ഞാൻ ചോദിച്ചതിനു് "എന്നെ ഇത്രയധികം വരിച്ചുകിടത്തണമേ" എന്നു മറുപടിപറഞ്ഞു. അപ്പോൾ മാത്രമാണു് അലോഷ്യസിന്റെ പ്രവചനം പൂർത്തിയാകുവാൻ പോകുന്നുവെന്നു് എനിക്കു് മനസ്സിലായതു്. ഒരു മെഴുകുതിരിയുടെ വെളിച്ചമല്ലാതെ മറ്റു യാതൊരുവെ

ളിച്ചവും മറിയിൽ ഇല്ലായിരുന്നു. വെഞ്ചരിച്ച കുരുമുഴകുതിരി ഞാൻ അലോഷ്യസിന്റെ കയ്യിൽ കൊടുത്തു. ക്രൂശിതരൂപത്തിൽ ദൃഷ്ടിപതിപ്പിച്ചു് അങ്ങനെ കഠിനസമയം നിശ്ചലനായി കിടന്നു".

ആശ്രമവാസികളെല്ലാം ശയ്യയുടെ ചുറ്റും കൂടിയപ്പോൾ അന്ത്യശ്വാസം വലിക്കുന്ന ആ പുണ്യാത്മാവു് തേജോമയമായ മന്ദസ്മിതത്തോടെ തന്റെ സഹോദരങ്ങളെ അവസാനമായി ഒന്നു വീക്ഷിച്ചു. നെറ്റിത്തടത്തിൽ വിയർപ്പുതുള്ളികൾ കാണപ്പെട്ടു, ശരീരമാസകലം വിറച്ചു. എന്നാൽ, കൊടുംകാറ്റിലകപ്പെട്ട കപ്പിത്താൻ തുറമുഖദർശനമാത്രയിൽ എപ്രകാരം ആനന്ദലഹരിയിലാറാടുമോ, അപ്രകാരം അലോഷ്യസ് ദൈവവിശ്വാസപരിപൂർണ്ണമായ തന്റെ ആത്മാവു് നിത്യസമ്മാനമാകുന്ന തുറമുഖത്തെ സമീപിച്ചുവെന്നുകണ്ടപ്പോൾ സധൈര്യം മുന്നോട്ടു ഗമിച്ചുകൊണ്ടു് ആനന്ദഗീതിയാലപിക്കുവാനാരംഭിച്ചു. ആനന്ദപാരവശ്യത്താൽ മുഖകമലം ബാലാർക്കസമാനം പ്രകാശമാനമായി. സ്വരമാധുര്യത്തോടെ ഗാനാലാപം ചെയ്യുന്ന കോകിലത്തെപ്പോലെ, മരണകാലസന്ധിയിൽ അലോഷ്യസ് സ്നേഹത്തിന്റെ മധുരഗീതികാം പാടി. ദിപ്പിമത്തുക്കളായ തന്റെ ദൃഷ്ടികളെ ക്രൂശിതരൂപത്തിൽ പതിപ്പിച്ചു. ദൈവത്തുമ്പിൽ നിന്നിമാക്കിട്ടുന്ന നിത്യ അലോഷ്യസ് പ്രതീക്ഷിക്കുന്നു; നിത്യശാന്തിനികേതമായ സ്വർഗ്ഗത്തിലേയ്ക്കു് പറക്കുവാനുള്ള സമയം അത്യാസന്നമായി.

അലോഷ്യസ് ഗോൺസാഗ എസ്. ജെ. 1591 ജൂൺ 20-ാംനു- വ്യാഴാഴ്ച രാത്രിയിൽ പത്തുമണിക്കും പതിനൊന്നുമണിക്കും ഇടയിൽ 23 വയസ് മൂന്നുമാസം 11 ദിവസം പ്രായമുള്ളപ്പോൾ ദിവംഗതനായി

മരണത്താൽ ആക്രമിക്കപ്പെട്ടുവെങ്കിലും അപ്പോഴും ചേതോഹരമായിരുന്ന 'മാന്തുവായിലെ ലില്ലിപുഷ്പത്തെ'

കണക്കില്ലാത്ത വിധമുള്ള ജനാവലി സന്ദർശിച്ചു. രോഗപരിചാരകൻ മൃതദേഹം പരിശോധിച്ചുനോക്കി. അദ്ദേഹത്തെയും ശേഷംപേരെയും അത്ഭുതപരതന്ത്രരാക്കുമാറ് അദ്ദേഹം അലോഷ്യസിന്റെ വക്ഷസ്സിന്റെ വലത്തു ഭാഗത്തു് ഒരു വലിയ മുറിവുകണ്ടെത്തി. ഇതേപ്പറ്റി അലോഷ്യസ് തന്റെ സ്നേഹിതന്മാരോടുപോലും ഒന്നും വെളിപ്പെടുത്തിയിട്ടില്ല. അതിന്റെ ദുസ്സഹമായ വേദനയാണു് തന്നെ ഇടത്തുവശം ചരിച്ചുകിടത്തുവാൻ പറയുന്നതിനു് മരണസമയത്തിൽ പ്രേരിപ്പിച്ചതു്. കട്ടിൽ അനേകം വൈദീകന്മാരുടേയും മെത്രാന്മാരുടേയും ബന്ധുമിത്രാദികളുടേയും അകമ്പടിയോടുകൂടി ആ പുണ്യശരീരത്തെ ആഘോഷകമ്മത്തോടുകൂടെ 'അനുഗൃഹീതൻ' എന്ന വോലയത്തിൽ സംസ്കരിച്ചു.

മരണം മനുഷ്യജീവന്റെ അന്ത്യമല്ല പ്രത്യുത അതിന്റെ പ്രതിധ്വനിയും പ്രതിഫലനവുമാകുന്നു. പരിശുദ്ധമായ ജീവിതം പരിശുദ്ധമായ ഒരു മരണത്താൽ അനുഗൃഹീതമായി. അലോഷ്യസിന്റെ പ്രധാന ഭക്തികർമ്മം— ദിവ്യകാരുണ്യത്തോടും പീഡാനുഭവത്തോടുമുള്ള ഭക്തികർമ്മം— പ്രാർത്ഥന, പരിത്യാഗം, പ്രായശ്ചിത്തം, എന്നിവയാനുകമായ മരണത്തെ മധുരമാക്കിത്തീർത്തു. അനശ്വരമായ ലോകത്തിനുവേണ്ടി വീരസേവനം നടത്തിയ യോദ്ധാക്കളെ ബഹുമാനിക്കുന്നതിൽ അനന്തര തലമുറകൾ പ്രദർശിപ്പിക്കുന്ന ഔത്സുക്യം കുറഞ്ഞ തോതിലൊന്നുമല്ല. അവരുടെ വീരപ്രവൃത്തികളെ ശ്രവിക്കുന്ന ജനാവലി പുളകിതഗാത്രരാകുകയും രോമാഞ്ചമണിയുകയും ചെയ്യുന്നു. അവർ അവരെ അനുകരിക്കുവാൻ അതീവ പരിശ്രമം ചെയ്യുന്നു. മതിപ്രകർഷം നിറഞ്ഞ മഹാന്മാരുടെ അവിശ്രാന്തപരിശ്രമങ്ങളെല്ലാം ശിഥിലീകൃതങ്ങളാകുന്ന ഈ രണാങ്കണത്തിൽ പ്രാർത്ഥനയാലും പരിത്യാഗത്താലും ഈ യുവാവു് പ്രശസ്തവിജയം കൈവരിച്ചു. അതിന്റെ രഹ

സ്യമെന്തു്? മരണം അകാലമായി അവനു് സംഭവിച്ച തെങ്ങനെ? പരാസ്സഹമെന്നല്ലാതെ അതിന്റെ കാരണത്തെപ്പറ്റി എന്തുപറയട്ടെ!

പ്രഭുകുലജാതനായ ഈ യുവാവിനു് ലോകസമക്ഷം ഒരു വലിയ പദവിയിലെത്തുന്നതിനു് യാതൊരു വിഷമവുമില്ലായിരുന്നു. എങ്കിലും അദ്ദേഹം അതിനെ സ്വമയസ്സാ പരിത്യജിച്ചു; ബുദ്ധിപൂർവ്വകമായി പരിത്യജിച്ചു. ഈ പരിത്യാഗമത്രേ ദൈവസമക്ഷം അനഘ്രമായതു്. ദൈവസ്നേഹം പ്രകടിപ്പിക്കുന്നതിനു് വിശുദ്ധന്മാർക്കു ലഭിച്ചിരുന്ന സന്ദർഭങ്ങളിൽ ജീവാപായകരങ്ങളായിരുന്നു. എന്നാൽ തന്നെയും അവർ അതിനെ പാഴാക്കിയിരുന്നില്ല. അലോഷ്യസ്ഗോൺസാഗായുടെ അന്ത്യം തലമുറകളെ അതിജീവിക്കുന്ന ഉത്തമോദാഹരണമാണു്. അലോഷ്യസിനെ ഇന്നു് ലോകർ വിലമതിക്കുന്നതും വണങ്ങുന്നതും അദ്ദേഹം ഒരു പ്രഭുകുടുംബജാതനായതിനാലല്ല. അദ്ദേഹം വിരോചിതമായ പുണ്യം അഭ്യസിച്ചതുകൊണ്ടാണു്. അലോഷ്യസ് എപ്രകാരം ഒരു മാതൃകയായി?

ഒന്നാമതായി ദൈവഭീതിയിന്മേലുണ്ടായിരുന്ന മതിപ്പും സ്നേഹവും മൂലം. ദൈവഭീതിയിന്മേൽ സ്നേഹമില്ലാത്തവനു് അതിനടുത്ത കടമകളെ നിർവ്വഹിക്കുവാൻ അസാദ്ധ്യമാണു്. തപോരവീരസേവനങ്ങൾ, അല്ലെങ്കിൽ ഏറ്റവും കുറഞ്ഞതു് ആവശ്യമായ സേവനങ്ങൾ അനുഷ്ഠിക്കുന്നതിൽ അവൻ വിമുഖനായിത്തീരുന്നു താൻ ആശ്ലേഷിച്ച ജീവിതത്തെ അലോഷ്യസ് സ്നേഹിക്കുകയും വിലമതിക്കുകയും ചെയ്ത ഒരു പിഞ്ചുശിശുവായിരുന്നപ്പോൾമുതൽ സന്യാസികളുമായി സല്ലപിക്കുന്നതിലുള്ള ആനന്ദം അവൻ അനുഭവിച്ചിരുന്നു. അവരുടെ അല്പമായ ലീലാവിനോദങ്ങളെ ലോകത്തിലെ ഏറ്റവും വലിയ വിനോദങ്ങളെക്കാളധികമായി അവൻ ആസ്വദിച്ചിരു

നും. അലോഷ്യസിനു് ദൈവവിളിയിലുണ്ടായിരുന്ന സ്നേഹത്തെ പ്രകടമാക്കുന്നതിനു് ഫെർഡിനാൻഡുമായുള്ള ദീഘ്സമരം ധാരാളം മതിയാകുന്നതാണു്. ആശ്രമമഠത്തിക്കാരുടെ കൂട്ടത്തിൽ പ്രവേശിച്ച ഉടനെ അവൻ ഉച്ചരിച്ച വാക്കുകാം ശ്രദ്ധാർഹമാണു്. "എന്റെ വിശ്രമസ്ഥലം ഇതാണു്; ഇതു ഞാൻ തിരഞ്ഞെടുത്തുകഴിഞ്ഞു". വിരക്തിയെന്ന ദുഷ്പണത്തിൽകൂടി ലോകത്തിന്റെ നഗ്നതയേ, അവിവേകവും ഉപകാരശൂന്യവുമായ ലോകസുഖാനുഭവത്തെ അവൻ ദർശിച്ചു. അലോഷ്യസ് ദൈവവുമായി ഐക്യപ്പെട്ടതു് പരിത്യാഗത്താലാണു്. ആകയാൽ അപ്രകാരം ചെയ്യുന്നതിനു് അഭിലഷിക്കുന്നവർ സ്വയം പരിത്യജിക്കേണ്ടതു് അവശ്യം ആവശ്യമാണു്.

അലോഷ്യസിനെ കരുമാതൃകായുവാവാക്കിയ രണ്ടാമത്തേ സംഗതി പ്രാർത്ഥനയും മൂന്നാമത്തതു് ആശാനിഗ്രഹവുമാണു്. അദ്ദേഹം ബാഹ്യലോകത്തിനു് ദൃശ്യമാകുന്ന വീരസേവനങ്ങളൊന്നുംതന്നെ അനുഷ്ഠിച്ചിട്ടില്ല; പ്രസംഗപീഠത്തെ അലങ്കരിച്ചിട്ടില്ല; വലിയ ഗ്രന്ഥങ്ങളൊന്നും രചിച്ചിട്ടില്ല; പാപസങ്കീർത്തനംപോലും കേട്ടിട്ടില്ല, എങ്കിലും അദ്ദേഹത്തെ അറിയാത്തവരോ, ആദരപൂർവ്വം സ്മരിക്കാത്തവരോ ആയി ആരുംതന്നെ ഇല്ല. 'മാന്ത്രുവായിലെ ലില്ലിപുഷ്പം' കരു സമുദായത്തിന്റെയോ കരു വ്യക്തിയുടെയോ മാത്രം കണ്ണിലുണ്ണിയല്ല; ക്രൈസ്തവലോകത്തിന്റെ ബഹുമാനപാത്രമാണു്. പ്രാർത്ഥനയുടെയും ആശാനിഗ്രഹത്തിന്റെയും മഹനീയതയെ അവൻ വ്യക്തമായി ഗ്രഹിച്ചതിനാലല്ലയോ അവൻ ഇത്രയധികം താൽപര്യം പ്രദർശിപ്പിച്ചതു്? ഇഹലോകത്തിൽ കരു മനുഷ്യനു് ചെയ്യാവുന്നതിൽവച്ചു് ഏറ്റവും വലിയ സംഗതി എന്തു് എന്നു് അലോഷ്യസ് തന്നോടുതന്നെ ചോദിച്ചു. റോമൻചക്രവർത്തിപദം അ

ലംകരിക്കുകയോ? അല്ല. ഒരു രാജകുമാരിയെ വേളികഴിക്കുകയോ? അല്ല. വളരെ ഗ്രന്ഥങ്ങൾ രചിക്കുകയോ? അല്ല. വലിയ ബിരുദകം സമ്പാദിക്കുകയോ? അതും അല്ല. പിന്നെയെന്താണു്? ദൈവവുമായി ഐക്യപ്പെടുക എന്നതുമാത്രമാണു്. അതിനെ വെല്ലത്തക്ക യാതൊരു വീരപ്രവൃത്തിയും ഇല്ല.

പതിനാലാം അദ്ധ്യായം.

അത്ഭുതങ്ങൾ.

നശ്വരമായ ജീവിതത്തിന്റെ നഗ്നതയെ മനസ്സിലാക്കി ഇഹത്തിലെ അല്പമായ ത്യാഗങ്ങളെ ദൈവസ്തുതിക്കായി കാഴ്ചവച്ചുകൊണ്ടു് ദൈവത്തിന്റെ അഭീഷ്ടം നിവൃഹിക്കുന്നവർ വാനൗതരുടെ ഇടയിൽ മാത്രമല്ല, മനുഷ്യമക്കളുടെ ഇടയിലും മഹത്വമേറിയവരാണു്. യി. അലോഷ്യസ് ഗോൺസാഗാ ജീവിതകാലത്തിൽ യാതൊരത്ഭുതവും പ്രവർത്തിച്ചിട്ടില്ല. എന്നാൽ മരണാനന്തരം പ്രവൃത്തിച്ച അത്ഭുതങ്ങൾക്കു് എണ്ണവുമില്ല. വിസ്താരഭയത്താൽ അവയിൽ ചിലതിനെ മാത്രമേ ഈ ചെറുകൃതിയിൽ ചേർക്കുന്നൊള്ളു. അലോഷ്യസിന്റെ ജീവിതസരണിയെ സാക്ഷീകരിച്ചവരിൽ ആരും തന്നെ അദ്ദേഹം ഒരു വിശുദ്ധനാണെന്നുള്ളതിൽ തെല്ലും സന്ദേഹിച്ചില്ല. പ്രിയമാതാവു് ഡോണാമത്തായിക്കു വേണ്ടിയാണു് അലോഷ്യസ് ഒന്നാമത്തെ അത്ഭുതം പ്രവർത്തിച്ചതു്. അലോഷ്യസിന്റെ മരണത്താലും റൂഡാൾഫിന്റെ ദുസ്സ്വഭാവത്താലും അവർക്കുളവായ ഹൃദയവ്യഥ ഒരു വലിയ ജ്വരമായി പരിണമിച്ചു. ആ മാതൃകാമാതാവിന്റെ രോഗശയ്യ മരണശയ്യയായിത്തീരുവാൻപോകുന്നുവെന്നു് സകലരും വിശ്വസിച്ചു. രോഗിണി അന്ത്യകൂദാശകളെ

ല്ലാം സുബോധത്തോടെ സ്വീകരിച്ചു. കുടുംബാംഗങ്ങളും എല്ലാവരും ശയ്യയുടെ സമീപം ശോകപൂർണ്ണരായി അശ്രുക്കളും ധാരയായി ഒഴുക്കിക്കൊണ്ടു് നിലകൊള്ളുന്നു. ഡോണാമത്താ നവമായ ഒരുന്മേഷത്തോടെ നയനങ്ങളും മിഴിച്ചുകൊണ്ടു് ആരെയോ സൂക്ഷിച്ചു നോക്കുന്നു. മരണപാരവശ്യമായിരിക്കുമെന്നത്രേ സകലരും ധരിച്ചതു്. എന്നാൽ അവർ സൂക്ഷിച്ചുനോക്കിയതു് തന്റെ കടിഞ്ഞൂൽപുത്രൻ അലോഷ്യസിനെത്തന്നെയായിരുന്നു. പരസ്പരമുള്ള ഒരു നോട്ടത്താൽ അവളും പൂർണ്ണാരോഗ്യവതിയായിത്തീർന്നു.

ഡോൾഫിന്റെ പുത്രി 'സിന്ത്യാഗോൺസാഗാ' ഹൃദയസംബന്ധമായ ചില രോഗങ്ങളിൽനിന്നും 1668-ൽ വിശുദ്ധന്റെ ഛായാപടം സ്പർശിച്ചതിനാൽ വിമുക്തയായി. ഫ്രാൻസീസ് ഗോൺസാഗായുടെ പുത്രി ജൊവാൻഗോൺസഗാ' ഒരു ദിവസം വണ്ടിമറിഞ്ഞു് മരണകരമായ അപകടത്തിൽ എത്തിച്ചേർന്നു. അപകടസമയത്തിൽ ജൊവാൻ തന്നെത്തന്നെ പ: കന്യകക്കും തന്റെ പിതൃസഹോദരനും കാഴ്ചവച്ചു. അദൃശ്യമായ ഒരു കരം അവളെ സഹായിക്കുന്നതുപോലെ അവൾക്കു അനുഭവപ്പെട്ടു. പലർക്കും സാരമായ പരുക്കുകളും പറ്റി. ചിലർ മൃതിയടഞ്ഞു. എന്നാൽ ജൊവാനു് യാതൊന്നും സംഭവിച്ചില്ല. തന്റെ സഹോദരഭാര്യയായ ഹെലൻ ആലിപ്രൻഡിക്കു് അലോഷ്യസ് പല പ്രാവശ്യവും കാണപ്പെട്ടു. ആ യുവതിയുടെ മരണത്തിനു് ഒരു ആഴ്ചമുൻപ് അലോഷ്യസ് അവൾക്കു് പ്രത്യക്ഷപ്പെട്ടു് അവളുടെ മരണദിവസം മുൻകൂട്ടി അറിയിച്ചു. 'വിൻസൻറ് ആഫ് മാന്തുവാ പ്രഭുവിന്റെ കാൽപാദത്തിലുണ്ടായിരുന്ന ഒരു വലിയ വ്രണം അലോഷ്യസിന്റെ മദ്ധ്യസ്ഥതയാൽ സുഖമായി.

തന്നെ ഒരുനാളും വിശ്വസ്തതയോടെ സേവിച്ച ആ

വളത്തമ്മ 'കമില്ലഫെറാറി' എന്ന വൃദ്ധയുടെ അപേക്ഷാനുസരണം അലോഷ്യസ് ഒരത്ഭുതം പ്രവൃത്തിച്ചു. കമില്ല ഒരു ഭയങ്കര വ്യാധിയാൽ ആക്രമിക്കപ്പെട്ട് കട്ടിലിൽ കാലം കഴിക്കയോൻ തുടങ്ങിയിട്ട് 8 വർഷമായി. ഒരു ദിവസം അവർ അലോഷ്യസിന്റെ രൂപത്തെ നോക്കിക്കൊണ്ട് "അലുഗ്രയി, നീ ശിശുവായിരുന്നപ്പോൾ ഞാൻ ചെയ്ത ശുശ്രൂഷയെല്ലാം നീ വിസ്മരിച്ചുവോ?". എന്ന് മഹാ വ്യഥയോടെ ചോദിച്ചു. തൽക്ഷണം കമില്ലാ സുഖപ്രാപ്തയായി.

'ഗിസോണി'യെന്ന മാന്യദേഹം അലോഷ്യസിന്റെ പരിചയക്കാരിലൊരുവനായിരുന്നു. അദ്ദേഹം ഫ്രാൻസീസ് രാജാവിന്റെ 'മേജർഡോമോ' എന്ന സ്ഥാനം വഹിച്ചിരുന്നു. ഒരു ദിവസം ഗിസോണി കണക്കു പരിശോധിച്ചപ്പോൾ 500 ഡക്കറ്റ് തന്റെ കയ്യിൽനിന്നും ഉണ്ടാക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. ഈ പിശകിൽ അയാൾ നിരപരാധിയാണ്. അദ്ദേഹം വളരെ വിഷമിച്ചു. അന്നു രാത്രി നിദ്രപോയപ്പോൾ ഇക്കാര്യത്തിനായി അലോഷ്യസിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചശേഷമാണ് പോയതു്. പിറേന്നു് രാവിലെ ഉണർന്നപ്പോൾ 'അക്കൗണ്ട് ബുക്ക് ഒന്നുകൂടി നോക്കുക' എന്നൊരു സ്വരം അദ്ദേഹം ശ്രവിച്ചു. അതിൻപ്രകാരം കണക്കു പരിശോധിച്ചപ്പോൾ 500 ഡക്കറ്റ് വരവുവച്ച് കണക്കെല്ലാം ശരിപ്പെടുത്തിയിരിക്കുന്നതായിട്ടാണ് കണ്ടതു്. ഗിസോണി ഉടനെ അലോഷ്യസിന്റെ ശവകുടീരത്തിങ്കൽ ചെന്ന് അദ്ദേഹത്തിനു് നന്ദി പറഞ്ഞു.

റോമിൽ ഉള്ള ഒരു സന്ന്യാസാശ്രമത്തിലെ ഒരു ഭൃത്യസഹോദരന്റെ മുട്ടിന്മേൽ ഒരു വ്രണം ഉണ്ടായിരുന്നു. പല ചികിത്സകളും ചെയ്തിട്ടും യാതൊരു ഫലവുമില്ലാതെ നിരാശയിൽ കഴിഞ്ഞുകൂടുമ്പോൾ അദ്ദേഹം അ

ലോഷ്യസിനെപ്പറ്റി കേൾക്കുന്നതിനിടയായി. വിശുദ്ധന്റെ സ്തുതിക്കായി ദിവസവും ഒരു 'ആകാശങ്ങളിലിരിക്കുന്ന' നമസ്കാരവും ഒരു നന്മനിറഞ്ഞമറിയവും എത്തിച്ചു് കാഴ്ചവയ്ക്കാമെന്നു് സഹോദരൻ ഒരു പ്രതിജ്ഞ ചെയ്തു. അന്നുതന്നെ പ്രസ്തുത സഹോദരന്റെ കാൽ പൂർണ്ണസുഖമായി. മാർക്കു് ഫ്രൂസ്സോണി' ജോൺജിയൂസ്സിനിയാനി, ഫാദർ വില്യം ഫ്ളാക്കു്, ഫാദർ ഫ്രാൻസീസ് റെട്ടസ്, ഇവർ മരണകരമായ രോഗങ്ങളിൽനിന്നും അലോഷ്യസിന്റെ മദ്ധ്യസ്ഥതയാൽ സൗഖ്യമായി. പാലാർമോ കോളേജിൽ വൈദീക വിദ്യാഭ്യാസാർത്ഥം താമസിച്ചിരുന്ന അലോഷ്യസ്സിനെല്ലി പലവിധ രോഗങ്ങളാലും വിശിഷ്യ മൂകതയാലും കഷ്ടപ്പെട്ടിരുന്നു. വിശുദ്ധൻ പല പ്രാവശ്യവും സ്നിനെല്ലിക്കു് പ്രത്യക്ഷനായി. പ്രഥമമായി സ്നിനെല്ലിക്കു് സംസാരശക്തിയും പിന്നീടു് കൈകാലുകളുടെ ബലവും തിരിയെ കൊടുത്തു. മറ്റൊരവസരത്തിൽ അലോഷ്യസ് ഗോൺസാഗാ സ്നിനെല്ലിക്കു് പ്രത്യക്ഷനായിക്കൊണ്ടു പറയുന്നു "നിന്റെ ജീവിതകാലം മുഴുവനിലും നീ മൂകനായിരിക്കണമെന്നായിരുന്നു ദൈവനിശ്ചയം. എന്നാൽ അവിടുത്തെ എളിയ ദാസന്റെ മഹത്വം ഭൂവാസികളെ അറിയിക്കുന്നതിനു് വേണ്ടിയാണു് ഈ അത്ഭുതം പ്രവൃത്തിക്കുന്നതിനു് ദൈവം തിരുമനസ്സായതു്".

റോമിൽ നവസന്ന്യാസമന്ദിരത്തിലുണ്ടായിരുന്ന 'നിക്കൊളാസ് സെലസ്റ്റിനി' എന്ന വൈദികവിദ്യാർത്ഥിതന്റെ മരണസമയം അത്യാസന്നമായിരിക്കുന്നു എന്നറിവുകഴിച്ചുകൂട്ടുകയായിരുന്നു. പെട്ടെന്നു് അലോഷ്യസ് അവനു പ്രത്യക്ഷനായി.

"നീ മരണമോ സൗഖ്യമോ ആഗ്രഹിക്കുന്നതു്?" അലോഷ്യസ് ചോദിച്ചു.

"ദൈവതിരുമനസ്സു് പൂർത്തികരിക്കപ്പെടട്ടെ"

'സെലസ്റ്റീനി' പ്രതിവചിച്ചു. ദൈവതിരുമനസ്സിനോട് ഈ നവസന്ന്യാസിക്കുള്ള പൂർണ്ണമായ യോജിപ്പിനെക്കണ്ട വിശുദ്ധൻ സംപ്രീതനായി "നീ സൗഖ്യമുള്ളവനായിത്തീരട്ടെ. എന്നാൽ നിന്റെ അനന്തരജീവിതം തിരുഹൃദയത്തിന്റെയുടെ പ്രചരണത്തിനായി വിനിയോഗിക്കണം. എന്റെപേക്കായുള്ള ആറു ഞയറാഴ്ചകൂടി* പാലിച്ചുകൊണ്ടുപോകുന്നതിനു് മറ്റുള്ളവരെയും പ്രേരിപ്പിക്കണം."

"എന്റെ നിരന്തരമായ തലവേദനക്കു് ഒരു ശമനമുണ്ടാക്കിത്തരണം". നിക്കോളസ് ചോദിച്ചു.

"അതു ദൈവഹിതമല്ല. കർത്താവിന്റെ പാടുപീഡകളുടെ ഓർമ്മക്കായി നീ അതു സഹിക്കണമെന്നാണു് ദൈവഹിതം" ഇപ്രകാരം പറഞ്ഞശേഷം അലോഷ്യസ് അപ്രത്യക്ഷനായി.

മേൽ വിവരിച്ച അത്ഭുതങ്ങളും വിശുദ്ധൻ തന്റെ ബന്ധുക്കൾക്കും പരിചയക്കാർക്കുംവേണ്ടി ചെയ്തതാണു്. അലോഷ്യസിനെ ജീവിതകാലത്തിൽ ഒരു പ്രാവശ്യം കണ്ടിട്ടില്ലാത്തവർപോലും അദ്ദേഹത്തിന്റെ സ്വർഗ്ഗീയമഹിമയെ ആസ്പദിച്ചു. വി: മേരി മാഗ്ഡലയിൽ ഡെ പാസ്സി' എന്ന വിശുദ്ധ ജീവിച്ചിരുന്ന കന്യകാലയത്തിലെ ഒരംഗമായിരുന്ന 'കാതറയിൽഡെ കാർനിലിസ്'. ഈ കന്യാസ്ത്രീ വളരെക്കാലമായി ഒരു ഭയങ്കരരോഗത്താൽ പീഡിപ്പിക്കപ്പെട്ടിരുന്നു. അലോഷ്യസിനോടുള്ള പ്രാർത്ഥനാഫലമായി തന്റെ പീഡകൾക്കു് കുറവുലഭിച്ചു. തന്നെ പൂർണ്ണസൗഖ്യമാക്കി അലോഷ്യസിന്റെ

---

* അലോഷ്യസ് ഗോൺസാഗായുടെ തിരുനാൾ ദിവസമായ ജൂൺ 21-ാം തീയതിക്കു മുൻപുള്ള ആറു ഞായറാഴ്ചകളിൽ വി: കുർബ്ബാന ഉൾക്കൊള്ളുന്നതിനാണ് അലോഷ്യസിന്റെ ആറുഞായറാഴ്ചകൾ എന്നു പറയുന്നതു

മാഹാത്മ്യത്തെ മറവുള്ളവരെ അറിയിക്കണമെന്നു് കാതറയിൽ വീണ്ടും അപേക്ഷിച്ചു. തൽക്ഷണം അവൾക്കു് സഹിക്കവയ്യാത്ത ഒരു പരവേശമുണ്ടായി. അവൾ ബോധരഹിതയായി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവൾക്കു് സുബോധം വീണപ്പോൾ കാതറയിൽ പൂർണ്ണാരോഗ്യവതിയായിത്തീർന്നു.

അലോഷ്യസിനെ അനുഗ്രഹീതൻ എന്നു പേരുവിളിക്കുന്നതിനു് താഴെ വിവരിക്കുന്ന സംഭവമാണു് സംഗതിയായതു്. ട്യൂറിയിൽ 'ഫിലിബെർട്ടു് ബറോണിസു്' എന്ന ദേഹം മൂത്രാശയസംബന്ധമായ ചില രോഗങ്ങളാൽ വലഞ്ഞിരുന്നു. അദ്ദേഹം അലോഷ്യസിന്റെ മാദ്ധ്യസ്ഥ്യം യാചിച്ചു. ഒരു രാത്രി നിദ്രയിൽ അലോഷ്യസ് അദ്ദേഹത്തിനു് പ്രത്യക്ഷനായി. അലോഷ്യസു് ഫിലിബെർട്ടിന്റെ അരയിൽ ഒരു കയറു ചുറ്റി. പെട്ടന്നു് അദ്ദേഹം സൗഖ്യമാക്കപ്പെട്ടു.

'ഫ്ലമീനിയൂസ് ബക്കീ' 'കോണഗ്രിഗേഷ്യൻ ആഫ് റൈറ്റ് സി'ന്റെ സെക്രട്ടറിയുടെ അസിസ്റ്റന്റായിരുന്നു. അദ്ദേഹം ഒരു ജ്വരത്താൽ ആക്രമിക്കപ്പെട്ടു. തൽഫലമായി അദ്ദേഹത്തിന്റെ ശ്രവണശക്തിയും നഷ്ടപ്പെട്ടു. ഇങ്ങനെയിരിക്കുമ്പോഴാണു് അദ്ദേഹം അലോഷ്യസ് ഗോൺസാഗായുടെ ചരിത്രം വായിക്കുവാനിടയായതു്. തന്റെ മേൽ അലോഷ്യസിന്റെ കരങ്ങൾ വച്ചു്, തന്നെ സുഖപ്പെടുത്തണമെന്നു് 'ബക്കി' പൂർണ്ണവിശ്വാസത്തോടെ അപേക്ഷിച്ചു. ഉടനെ അവിടമെല്ലാം ഇമ്പമുള്ള ഒരു വാസനയാൽ നിറഞ്ഞു. ഒരു കരം തന്റെ മുഖത്തെ മൂടുന്നതായി അദ്ദേഹത്തിനു തോന്നി. അതിന്റെ ശക്തിയാൽ ബക്കിയുടെ മൂക്കു് അല്പം വളഞ്ഞുപോയി. യായൊരു മനുഷ്യനെയും അദ്ദേഹത്തിനു ദൃശ്യമായിരുന്നില്ല. അദ്ദേഹം കുറച്ചു സമയത്തേയ്ക്കു് സുഷുപ്തിയിലാണ്ടുപോയി. ഉണർന്നപ്പോൾ അദ്ദേഹം പൂ

ണ്ണാരോഗ്യവാനായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

'കാന്പൊളി' എന്ന സ്ഥലത്തു് ഏഴുവയസ്സുള്ള ഒരു ബാലൻ വെള്ളത്തിൽ വീണു മരിച്ചുപോയി. ബാലന്റെ മൃതദേഹം, അലോഷ്യസിന്റെ ശവകുടീരത്തിങ്കൽ ജ്വലിച്ചിരുന്ന വിളക്കിലെ എണ്ണകൊണ്ടു് പൂശിയപ്പോൾ ജീവനുള്ളതായിത്തീർന്നു. റോമിൽ ഒരു ഭിക്ഷു പനിയും വയറുകടിയുമായി വളരെനാളത്തേയ്ക്കു് കിടപ്പിലായി. യാതൊരു ആശുപത്രിയിലും അയാൾക്കു് പ്രവേശനം ലഭിച്ചില്ല. അവസാനമായി ഒരു ആശുപത്രിയിലേയ്ക്കു പോകുന്നവഴി 'അനൺസിയാത്താ' എന്ന ദേവാലയത്തിലുള്ള അലോഷ്യസിന്റെ ശവകുടീരം സന്ദർശിച്ചു. ഒരു ഡക്കറ്റ് അലോഷ്യസിനായി ഇരന്നു് യാത്രിച്ചു് കൊടുക്കാമെന്നു് ഭിക്ഷു പ്രതിജ്ഞ ചെയ്തശേഷം ദേവാലയത്തിൽനിന്നും പോയി. ഭിക്ഷു ഉദ്ദിഷ്ടസ്ഥാനത്തെത്തുന്നതിനു മുൻപുതന്നെ സൗഖ്യമായി.

ചരിത്രപ്രസിദ്ധമായ വേറൊരത്ഭുതം രസാവഹമാണു്. അതു് ഒരിക്കൽ മാത്രമല്ല എല്ലാ വർഷവും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. 'റഫായേലെ ഗൗഡിയെല്ലോ' എന്ന വനിതയ്ക്കു് അലോഷ്യസിന്റെ കുറെ കട്ടിയായ രക്തം ലഭിക്കുന്നതിനിടയായി. ആ സ്ത്രീ തന്റെ മരണസമയത്തു് പ്രസ്തുത തിരുശേഷിപ്പു് 'ഡോൺഫ്ളാസിഡ്ബേക്കർ' എന്നയാളിനു് സമ്മാനിച്ചു. ഇതു് എവിടെനിന്നും ലഭിച്ചുവെന്നുള്ളതു് ഇന്നും അജ്ഞാതമാണു്. ഫ്ലാസിഡ് ഈ രക്തത്തെ നേപ്പിൾസിലുള്ള 'ഗെസുവെക്കിയോ' എന്ന ദേവാലയത്തിൽ നിക്ഷേപിച്ചു. അലോഷ്യസിന്റെ തിരുനാൾദിവസം കഴിഞ്ഞാം വേസ്പേഴ്സ്മുതൽ എട്ടാമിടത്തിലെ രണ്ടാംവേസ്പരവരെ ഈകട്ടിയായ രക്തം കട്ടം ചെമപ്പുനിറമുള്ള ഒരു ദ്രാവകമായിത്തീരുന്നു. നേപ്പിൾസിൽതന്നെ വി: ജനുവാരിയൂസിന്റെ രക്തത്തിലും ഇപ്രകാരംതന്നെ സംഭവിക്കുന്നു

ണ്ട്. എന്നാൽ അതു് വി: ജനുവാരിയൂസിന്റെതിനോളം ലോകപ്രസിദ്ധമല്ല.

അലോഷ്യസ് ശാരീരികമായി മാത്രമല്ല ആത്മീയമായും വളരെപ്പേരെ സുഖപ്പെടുത്തിയിട്ടുണ്ട്. അലോഷ്യസിനോടുള്ള സഹായാർത്ഥനയാൽ പതിതർ കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുണ്ട്. ശുദ്ധതക്കെതിരായുള്ള പരീക്ഷകളാൽ വലഞ്ഞിരുന്നവരും ഈ ദോഷത്തിൽ തഴങ്ങിപ്പോയവരും അലോഷ്യസിന്റെ സഹായത്താൽ അതിൽനിന്നു വിമുക്തരായിട്ടുണ്ട്. അലോഷ്യസിന്റെ അത്ഭുതപ്രവൃത്തികൾ ഇറാലിയിൽ മാത്രമല്ല ബെൽജിയം, ഫ്രാൻസ്, പോളണ്ട്, സ്പെയിൻ, ജർമ്മനി, മുതലായ സ്ഥലങ്ങളിലും വ്യാപിച്ചു. ജർമ്മനിയിൽ കണ്ണിൽ സുഖമില്ലാതിരുന്ന വളരെ വിദ്യാർത്ഥികളെ വിശുദ്ധൻ സുഖപ്പെടുത്തി. അലോഷ്യസിന്റെ പേരും പെരുമയും എല്ലായിടങ്ങളിലും പരന്നപ്പോൾ അദ്ദേഹത്തിന്റെ നാമത്തിൽ പല ദേവാലയങ്ങളും, ആതുരശാലകളും, സ്കൂളുകളും, കോളേജുകളും, ഫാക്ടറികളും, പണിയപ്പെട്ടു. ദേവാലയങ്ങളുടെ ഗണത്തിൽ പ്രഥമമായി പണിയപ്പെട്ടതു് 'സാസ്സോ'യിലെ ദേവാലയമാണു്. 1630-ാമാണ്ടവരെ അവിടെ നടന്ന അത്ഭുതങ്ങൾ നൂറിൽപരമാണു്. കാസിഗ്ലിയോനിൽ 15 കൊല്ലത്തിനിടയിൽ എഴുപതു് അത്ഭുതങ്ങളും 300 പ്രാർത്ഥനാഫലസിദ്ധിയും അലോഷ്യസിന്റെ മദ്ധ്യസ്ഥതയാൽ നടന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ആദ്യചരിത്രകാരൻ ഫാദർ 'ചെപ്പാരി' എന്ന വന്ദ്യദേഹമാണു്. ആ വൈദികൻ തന്റെ കൃതിയിൽ 206 അത്ഭുതങ്ങൾ വിവരിക്കുന്നുണ്ട്. ഇവയിൽനിന്നും, അലോഷ്യസിനു ദൈവസന്നിധിയിലുള്ള മദ്ധ്യസ്ഥശക്തി നമുക്കു് ഏറെക്കുറെ അനുമിക്കാം. ജീവിതക്ലേശത്തിൽ മുഴുകി യാതൊരാശ്വാസവും കണ്ടെ

ത്താത്ത മനുഷ്യരും ലോകത്തെ സ്പർശിയമായി തെറ്റിധരിക്കുന്ന യുവതീയുവാക്കന്മാരും അലോഷ്യസ് ഗോൺസാഗായുടെ ചരിത്രപാരായണത്താൽ വളരെ ആദ്ധ്യാത്മികഫലം പ്രാപിക്കുമെന്നുള്ളതിനു സംശയമില്ല.

പതിനഞ്ചാം അദ്ധ്യായം.

ഉപസംഹാരം.

അല്പസമയംകൊണ്ടു ഇഹലോകജീവിതമവസാനിപ്പിക്കുന്ന ഒരു ലില്ലിപ്പൂവിനു സമാനമത്രേ അലോഷ്യസിന്റെ ജീവിതം. അദ്ദേഹത്തിൽ നാം ദർശിച്ച അത്ഭുതാവഹമായ ആന്തരീകപരിശുദ്ധി, ക്രിസ്തുവിയാൽ സജ്ജീകരിക്കപ്പെട്ട പരിപാടിയുടെ നിർവ്വഹണത്തിൽനിന്നാണു അദ്ദേഹത്തിനു സിദ്ധിച്ചതു്. കത്തോലിക്കാസഭയുടെ വീരസന്താനങ്ങൾ എന്നും ഈ പരിപാടിയനുസരിച്ചു തങ്ങളുടെ ജീവിതത്തെ ക്രമീകരിച്ചിരുന്നു. ആദ്ധ്യാത്മീകമായ വലിയ അധഃപതനകാലത്താണു മഹാ വിശുദ്ധന്മാർ രംഗപ്രവേശം ചെയ്തതു്. അതിനാലത്രേ 16-ാം നൂറ്റാണ്ടു് മഹാ വിശുദ്ധന്മാരുടെ ഘട്ടമായി നാം കാണുന്നതു്. വി. ഫിലിപ്പ് നേരി, ഇഗ്നേഷ്യസ് ലെയോള, ഫ്രാൻസീസ് സേവിയർ, ഫ്രാൻസിസ് ബോർജിയാ, ഫ്രാൻസീസ് സാലേസ്, തോമസ് വില്ലാനൊവാ, ജോൺ ആഫ് ഗോഡ്, പാസ്കൽ ബെയിലൺ, ചാറാസ് ബൊറോമ്യോ, പീയൂസ് അഞ്ചാമൻ, സ്താനിസ്ലാവൂസ് കോസ്റ്റ്കാ, അലോഷ്യസ് ഗോൺസാഗാ, മുതലായ വിശുദ്ധന്മാർ ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്നവരാണു്.

'യുവാക്കന്മാരുടെ മാതൃക'യായിട്ടാണു് അലോഷ്യസ് ഗോൺസാഗായെ തിരുസ്സഭ അവതരിപ്പിക്കുന്ന

തു്. കാരോ കാലഘട്ടത്തിന്റെയും ആവശ്യമനുസരിച്ചു് ദൈവം കാരോ തരത്തിലുള്ള വിശുദ്ധന്മാരെ അയയ്ക്കുന്നുവെന്നു പറയാം. അക്കാലത്തു് രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഇടയിലുണ്ടായിരുന്ന സുഖഭോഗാസക്തിയ്ക്കുള്ള പ്രധിവിധിയാണു് വി. അലോഷ്യസിന്റെ തപോജീവിതം.

നമ്മുടെ യുവവിശുദ്ധൻ മരിച്ചു് ഒൻപതു വർഷം തികയുന്നതിനു് മുൻപു് തന്നെ നാമകരണത്തിനുവേണ്ട ഒരുക്കങ്ങൾ ആരംഭിച്ചു. 1600 ഏപ്രിൽ 4-ാംനു- അലോഷ്യസ് വി: മേരിമാഗ്ഡലയിൽ ഡിപാസ്സി എന്ന കന്യാസ്ത്രീക്കു് പ്രത്യക്ഷനായി. നാലുവർഷംകൂടി കഴിഞ്ഞപ്പോൾ അതായതു് 1604-ൽ 'സിനഡ് ആഫ് മാന്തുവാ' അലോഷ്യസിനെ വിശുദ്ധൻ എന്നു നാമകരണം ചെയ്യണമെന്നു് പരി: പിതാവിനെ ഉദ്ബോധിപ്പിച്ചുകൊണ്ടു് ഒരു അപേക്ഷ അയച്ചു. ആ വർഷത്തിൽതന്നെ 'ബേർസിക്കാ'യിലെ മെത്രാന്റെ പ്രത്യേകാനുമതിയോടെ ആ രൂപതക്കാർ അലോഷ്യസിന്റെ തിരുനാൾ ആഘോഷിച്ചു. അതേവർഷം ജൂലായി 28-ാംനു- അലോഷ്യസിന്റെ ഛായാപടം പൊതുവണക്കത്തിനായി കാസിഗ്ലിയോയിലെ ദേവാലയത്തിൽ സ്ഥാപിക്കപ്പെട്ടു. 1605 സെപ്റ്റംബർ 21-ാംനു- അലോഷ്യസിനെ 'അനുഗ്രഹീതൻ' (Blessed) എന്നു് പേരുവിളിച്ചു. 1726-ൽ പ: പിതാവു് ബനഡിക്തോസ് പതിമൂന്നാമൻ അലോഷ്യസിനെ 'വിശുദ്ധൻ' എന്നു് നാമകരണം ചെയ്തു. 1729 നവംബർ 22-ാംനു- അലോഷ്യസ് കത്തോലിക്കാലോകത്തിലെ സകല വിദ്യാർത്ഥീവിദ്യാർത്ഥിനികളുടെയും, യുവതീയുവാക്കന്മാരുടെയും മാതൃകയായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

ഈശോസഭയുടെ ആരംഭദശയിൽ അവർ ലോക

ത്തിന് പ്രോത്സാഹനം ചെയ്ത മൂന്ന് വിശുദ്ധന്മാരാണ് അലോഷ്യസ് ഗോൺസാഗായും, ജോൺബക്ക് മാൻസും, സ്റ്റനിസ്ലാവൂസ് കോസ്റ്റ്ക്കായും. അലോഷ്യസ് ഗോൺസാഗായുടെയും, സ്റ്റനിസ്ലാവൂസ് കോസ്റ്റ്ക്കായുടെയും നാമകരണം ഒരു ദിവസംതന്നെയായിരുന്നു. അലോഷ്യസിന്റെ കാലടികളെ പിൻചെന്ന് വിശുദ്ധപദവിയെ പ്രാപിച്ച ഒരു വിശുദ്ധനാണ് ജോൺബക്ക്മാൻസ്. അലോഷ്യസ് പലപ്പോഴും ആവർത്തിച്ചിരുന്ന ഒരു ചോദ്യമായിരുന്നു "Quid hoc ad aeternitatem"? "നിത്യതയ്ക്കോട്ട് തുലനം ചെയ്യുമ്പോൾ ഈലോകജീവിതമെന്തു?" അദ്ദേഹത്തിന്റെ അനുചരന്മാരിൽ പലരും ഇതു ആവർത്തിച്ചതിനാലാണ് അവർ വിശുദ്ധപദം പ്രാപിക്കുന്നതിനും മനുഷ്യരാൽ വണങ്ങപ്പെടുന്നതിനും ഇടയായതു്. ഒരു വിശുദ്ധൻ ആ പദവിയെ പ്രാപിക്കുന്നതിനാൽ അദ്ദേഹത്തിനു മാത്രമല്ല, ജാതിമതഭേദമെന്യേയുള്ള പൊതുജനങ്ങൾക്കും അതിന്റെ ഫലം അനുഭവിക്കാവുന്നതാണ്.

"Si isti et istae cur non ego?". "ഇവർക്കു ഈ യിലയിലെത്താൻ സാധിച്ചെങ്കിൽ എനിക്കതു കൊണ്ടു് എനിക്കിതു പാടില്ല?". ഈ പ്രശ്നം പലരേയും മേൽപറഞ്ഞ മഹോന്നതസ്ഥാനം കരസ്ഥമാക്കുന്നതിന് സഹായിക്കും. ഇനിയും ഒരു കാര്യം പ്രത്യേകം പ്രസ്താവിക്കേണ്ടുള്ളതു്, വി. അലോഷ്യസ് കണക്കില്ലാത്ത വിധമുള്ള അത്ഭുതങ്ങൾ പ്രവൃത്തിച്ചിരുന്ന അക്കാലത്തു് അദ്ദേഹം എപ്രകാരം മഹാമനസ്കനായിരുന്നുവോ, അപ്രകാരംതന്നെയാണ് ഇപ്പോഴുമെന്നുള്ളതാണ്, അതേ, ദൈവമഹത്വത്തിനായി ഏവരേയും സഹായിക്കുവാൻ അദ്ദേഹം ഇപ്പോഴും സന്നദ്ധനാണ്. ഒരു വി

ശുദ്ധൻ മരിച്ചു കഴിഞ്ഞാലുടൻ നാമകരണംവരെ എല്ലാവരും വളരെ ശുഷ്കാന്തിയോടെ സഹായമപേക്ഷിക്കും. എന്നാൽ അതിനുശേഷം വിശ്വാസത്തിന്റെ അഭാവത്താലോ എന്തോ ആതീക്ഷ്ണത മന്ദിച്ചുപോകുന്നു. അതു കൊണ്ടു ചിലരുടെ ഇടയിൽ ഒരു 'അഭിപ്രായം' നാമകരണത്തിനു് വേണ്ടിമാത്രം കുറെ അത്ഭുതങ്ങൾ ചെയ്തശേഷം മൗനമവലംബിക്കുമെന്നു്; അതു് അബദ്ധമാണു്. അവർ ഏതു സമയത്തും നമ്മെ സഹായിപ്പാൻ സന്നദ്ധരായിരിക്കുന്നു. അലോഷ്യസ് റുഡോൾഫിനെഴുതിയ ഒരു കത്തിലെ ഒരു ഘട്ടം ഉദ്ധരിച്ചുകൊണ്ടു് ഈ ചെറുകൃതിയെ ഉപസംഹരിക്കാം. "ദൈവത്തിലും അവിടുത്തെ അനന്തകരുണയിലും അവിടുന്നു് ശരണപ്പെട്ടാൽ സകല അനുഗ്രഹങ്ങളും അവിടെനിന്നും പ്രത്യാശിക്കാം".

Omnia ad majorem Dei glorim!

St. Aloysius, Pray for us!



ശുദ്ധതയെന്ന പുണ്യം സമ്പാദിക്കുന്നതിന്

വി. അലോഷ്യസിനോടു് ജപം.

മാലാഖാമാർക്കടുത്ത പുണ്യങ്ങളാൽ അലംകൃതനായ വി. അലോഷ്യസേ, അങ്ങേ അയോഗ്യദാസനായ ഞാൻ, എന്റെ ആത്മശരീരങ്ങളുടെ ശുദ്ധതയെ അങ്ങേ പക്കൽ കാഴ്ചവയ്ക്കുന്നു. മാലാഖായ്ക്കടുത്ത അവിടുത്തെ ശുദ്ധതയെക്കരുതി എന്നെ സകല പാപങ്ങളിൽനിന്നും കാത്തുകൊള്ളുന്ന കറയില്ലാത്ത ദിവ്യ കുഞ്ഞാടായ ഈശോയോടും കന്യകകളുടെ കന്യകയായ അവിടുത്തെ തിരുമാതാവിനോടും അപേക്ഷിക്കേണമേ. മാംസത്തിന്റെ ദുരാശയാൽ ഞാൻ കളങ്കപ്പെടുവാൻ അനുവദിക്കല്ലേ. പരീക്ഷകളിലും പാപത്തിൽ വീഴാവുന്ന അപകടസമയത്തും സകല ദുരാശകളും അശുദ്ധവിചാരങ്ങളും എന്നിൽനിന്നകറ്റിക്കളഞ്ഞു് വരുവാനിരിക്കുന്ന നിത്യതപ്തിന്റെയും ക്രൂശിതനായ ഈശോയുടെയും കാമ്മയെ എന്നിൽ അങ്കുരിപ്പിക്കേണമേ. ആ സമയത്തു് പരിശുദ്ധമായ ദൈവഭീതി എന്നിൽ ഉളവാക്കി ദൈവസ്നേഹാഗ്നിയാൽ കത്തിജ്വലിപ്പിക്കേണമേ. അനവരതം ദൈവത്തെ ദർശിക്കുന്നതിന് ഞാൻ യോഗ്യനാകത്തക്കവണ്ണം ഈലോകത്തിൽ അങ്ങേ കാലടികളെ അനുഗമിക്കുവാൻ എന്നെ പ്രാപ്തനാക്കേണമേ. ആമ്മേൻ.

1ആ. 1ന. 1ത്രി.

300 ടി. ദ. വി.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
18/01/18		

DC Library
00001642
LO G59